ക. നി. മൂ. സ.

# ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ.

ORKS
ALORE
AM COLLEGE
91·3
43

F. J. S.

# മലങ്കര സഭാമാതാവിന്റെ
# ഒരു വീരസന്താനം

അഥവാ

## വ. ദിവ്യശ്രീ ചാവറ
## കുര്യാക്കോസ് ഏലിയാസച്ചൻ.

(ഒരു സംക്ഷിപ്ത ജീവചരിത്രം.)

K91.3
M43
DHARMARAM COLLEGE LIBRARY
5773
BANGALORE

ക. നി. മൂ. സ. മത്ത്യാസ് പട്ടക്കാരൻ
എഴുതിയത്.

വി. യൌസേപ്പ് പി. മുദ്രാലയം,
മാന്നാനം.
൧൯൨൩.

91.3

**Nihil obstat.**

Fr. Francis Sales T. O. C. D.

*Censor deputatus.*

**Imprimi potest.**

FR. SYLVESTER T. O. C. D.,

*Prior General.*

*Thevara,*
*18th Oct. 1936.*

**Imprimatur.**

† J. KALACHERRY,

Ep. Changanacherry.

*Changanacherry,*
*21. Oct. 1936.*

# മുഖവുര.

അനാരോഗ്യം നിമിത്തം കുറിപ്പെഴുത്തുപോലും നിറുത്തി വച്ചിട്ടു കുറെയല്ല കാലംകഴിഞ്ഞതു്. എന്നാൽ ഇപ്പോൾ തൂലിക എടുത്തതിനു് ചില കാരണങ്ങൾ ഇല്ലാതില്ല. ഈ ചെറുപുസ്തകത്തിനു വിഷയീഭൂതനായ വന്ദ്യദിവ്യശ്രീമാൻ ചാവറ കുര്യാക്കോസച്ചൻ ലോകദൃഷ്ട്യാ ഒരു മഹാരഥൻ; ആദ്ധ്യാത്മികദൃഷ്ടിയിൽ ഒരു പുണ്യശ്ലോകൻ. ഈദൃശനായ ഒരാളുടെ ജീവചരിത്രം സംക്ഷിപ്തമായിട്ടെങ്കിലും എഴുതുവാൻ എനിക്കു ഇടയാകുന്നതു ഒരു മഹാ ഭാഗ്യമായി ഞാൻ കരുതി. ഇദ്ദേഹത്തെ വിശുദ്ധ പീഠത്തിൽ ആരോപണം ചെയ്യുവാൻ സംഗതിയാകുമെങ്കിൽ (അതിനു ദൈവം ഇടയാകട്ടെ.) ആ ആരോപണ സോപാനത്തിൻെറ ആദ്യത്തെപ്പടിയായിരിക്കുമല്ലോ ഈ കൃത്യംഎന്ന വിചാരം പ്രത്യേകം പ്രേരകമായിരുന്നു. അവസാനത്തേതും അപ്രധാനവുമായ വേറെയും ഒരു കാരണം വേണമെങ്കിൽ വെളിപ്പെടുത്താം. കുര്യാക്കോസച്ചൻെറ അമ്മവഴിക്കു അദ്ദേഹവും ഞാനും ഒരേ കുടുംബാംഗങ്ങളാകുന്നു. ആ നിലയിൽ അദ്ദേഹം എൻെറ ഒരു കാരണവനുമാണു്. എങ്കിലും ഫാദർ വലേറിയാൻ ററി. ഒ. സി. ഡി. അവർകളുടെ പ്രയത്നവും പ്രോത്സാഹനവുമില്ലായിരുന്നുവെങ്കിൽ ഇങ്ങനെ ഒരു പുസ്തകം എഴുതുവാൻ ഇപ്പോഴത്തെ എൻെറ ആരോഗ്യാവസ്ഥ എന്നെ അനുവദിക്കുമായിരുന്നില്ല. അദ്ദേഹമാണു പല സ്ഥലങ്ങളിലും യാത്രചെയ്തു ഈ ഗ്രന്ഥനിർമ്മാണത്തിനു് ആവശ്യമായ രേഖകൾ സഞ്ചയിച്ചു ഒരസ്ഥിപഞ്ജരം നിർമ്മിച്ചുതന്നതു്. ആകയാൽ അദ്ദേഹത്തോടു് എനിക്കുള്ള അപാരവും നിർവ്യാജവുമായ കടപ്പാടും നന്ദിയും സന്തോഷപൂർവ്വം രേഖപ്പെടുത്തിക്കൊള്ളുന്നു. കുര്യാക്കോസച്ചൻെറ വിപുലമായ ഒരു ജീവചരിത്രം അടുത്തഭാവിയിൽ പ്രസിദ്ധീകരിക്കുവാനുള്ള സജ്ജീകരണങ്ങൾ തിട്ട

ക്കത്തിൽ നടക്കുന്നുണ്ടെന്നുള്ള വാർത്ത പൊതുവേ സന്തോഷപ്രദമായിരിക്കുമല്ലോ. ഈ ലഘുഗ്രന്ഥപാരായണംമൂലം, കുഞ്ഞാക്കോസച്ചൻെറ നേരേ ഇപ്പോൾതന്നെ അങ്ങുമിങ്ങും അങ്കുരിച്ചുതുടങ്ങിയിരിക്കുന്ന ഭക്ത്യാദരങ്ങൾ പ്രവൃദ്ധമായി തീരുകയും ഇങ്ങനെ ഒടുവിൽ ഇദ്ദേഹം കത്തോലിക്കാലോകം മുഴുവൻെറയും സംപൂജ്യപുരുഷനായി ഭവിക്കയുംചെയ്യട്ടെ എന്ന പ്രാർത്ഥനയോടുകൂടി വിരമിക്കുന്നു.

ജോസ: മത്ത്യാസ് പട്ടക്കാരൻ.

പുളിങ്കുന്നാശ്രമം,
2nd Oct. 1936.

~~~~~~~
~~~~~~~

# അവതാരിക.

ഭാരതകത്തോലിക്കാ സഭയുടെ ജന്മഭൂമി എന്ന മഹനീയ സ്ഥാനത്തിനു അർഹമായ കേരളം, അതിപ്രാചീനകാലം മുതല്ക്കു തന്നെ അഥവാ നമ്മുടെ പിതാവായ മാർ തോമ്മാശ്ലീഹായുടെ കാലംമുതല്ക്കേ ദേവമാതൃഭക്തിയിൽ മികച്ചു നില്ക്കുന്നതായിട്ടത്രേ പാരമ്പര്യം ഘോഷിക്കുന്നത്. ഈ മരിയഭക്തി പൂർവ്വാധികം ഉജ്ജ്വലമാക്കുവാൻ കേരളീയസുറിയാനി കർമ്മലീത്താ സഭയുടെ സ്ഥാപനം പ്രേരകമായി തീരണമെന്നായിരുന്നു ദൈവനിശ്ചയം. ഇതിനായി പ്രസ്തുതഭക്തിയിൽ അദ്വിതീയരും സർവ്വജനസമ്മതരും വിശുദ്ധിയിലും ജ്ഞാനത്തിലും പ്രഥമഗണനീയരും വൈദികോത്തമന്മാരുമായ പാലയ്ക്കൽ തോമ്മാമല്പാനച്ചനേയും പോരൂക്കരെ തോമ്മാമല്പാനച്ചനേയും, ചാവറ കുര്യാക്കോസ് ഏലിയാസച്ചനേയും ദൈവം തെരഞ്ഞെടുത്തു. പരിശുദ്ധാത്മാവിന്റെ പ്രത്യേകപ്രേരണാഫലമായി പാലയ്ക്കൽ തോമ്മാമല്പാനച്ചനും പോരൂക്കരെ തോമ്മാമല്പാനച്ചനും ആത്മമിത്രങ്ങളായിരുന്നു. ഇവർ മൂവരുംകൂടി കേരളത്തിൽ ഒരു സന്യാസസഭ സ്ഥാപിക്കണമെന്നു തീർച്ചപ്പെടുത്തി അതിനായി വളരെ പരിശ്രമിക്കയുണ്ടായി. തൽഫലമായി ൧൮൩൧-ൽ മാന്നാനംകുന്നിൽ സമാരബ്ധമായ കേരളീയസുറിയാനി കർമ്മലീത്താസഭയുടെ അടിസ്ഥാനക്കല്ലുകളാണ് പാലയ്ക്കൽ തോമ്മാമല്പാനച്ചനും പോരൂക്കരെ തോമ്മാമല്പാനച്ചനും. കെട്ടിടംപണി ഒരുവിധം പൂർത്തിയാക്കി ൧൮൩൩-ൽ അവിടെ സന്യാസജീവിതം തുടങ്ങിയെങ്കിലും, ഇസ്രായേൽ ജനങ്ങളുടെയിടയിൽ മോശ എന്നപോലെ പാലയ്ക്കൽ മല്പാനച്ചൻ ൧൮൪൧-ലും പോരൂക്കര മല്പാനച്ചൻ ൧൮൪൬-ലും, സന്യാസസഭയായ കനാൻദേശം, അംഗീകൃതമായ നിയമ ദുർഗ്ഗങ്ങൾകൊണ്ടു ബലിഷ്ഠമായി കാണ്മാനുള്ള ഭാഗ്യം ലഭിക്കാതെ ഈലോകവാസം വെടിഞ്ഞു. അതിനാൽ സന്യാസസഭാസ്ഥാപനം സംബന്ധിച്ച സകല ഭാരവും ജ്യേഷ്ഠാർക്കു സദൃശ

നായ ചാവറ കുൎയ്യാക്കോസച്ചന്റെ തോളിലത്രെ വീണതു്. നമ്മുടെ കഥാനായകനാകട്ടെ പ്രായംകൊണ്ടു ചെറുപ്പമായിരുന്നെങ്കിലും വിശുദ്ധികൊണ്ടും വിജ്ഞാനംകൊണ്ടും വലിപ്പമായിരുന്നതിനാൽ ഈ ഭാരമേറിയ ചുമതല നിൎവ്വഹിക്കുന്നതിൽ വിജയശ്രീലാളിതനായി.

സ്മൎയ്യപുരുഷൻ മാന്നാനംകുന്നിൽ ഒരു സന്യാസാശ്രമം പണിയിച്ചതിന്റെശേഷം വരാപ്പുഴ അതിരൂപതയുടെ അന്നത്തെ മേലദ്ധ്യക്ഷനും കേരളീയ കൎമ്മലീത്താസഭയുടെ നിസ്തുലോപകാരിയും രക്ഷകനുമായിരുന്ന അഭിവന്ദ്യനായ ബെൎന്നൎദീനോസ് മെത്രാപ്പോലീത്താച്ചനിൽനിന്നു് ൧൮൫൫ ഡിസംബർ ൮-ൽ കൎമ്മലീത്താ ഒന്നാംസഭയുടെ നിയമം സ്വീകരിച്ചു തദനുസരണം സന്യാസവ്രതങ്ങൾ ദൈവത്തിനു സമൎപ്പിച്ചു. ഉടനെതന്നെ മാന്നാനത്തെ ചെറിയ സന്യാസസമൂഹത്തിന്റെ ശ്രേഷ്ഠസ്ഥാനം ഇദ്ദേഹത്തിൽ സമൎപ്പിതവുമായി. ഇപ്രകാരം കേരളീയസുറിയാനികൎമ്മലീത്താസഭയുടെ സ്ഥാപകൻ അതിന്റെ പ്രഥമശ്രേഷ്ഠൻ എന്നീ നിലകളിലും മലങ്കരസുറിയാനി സഭയുടെ വികാരി ജനറാൾ എന്ന മഹനീയപദത്തിലും ഇദ്ദേഹം ചെയ്തിട്ടുള്ളതും മലങ്കരസഭാ ചരിത്രത്തിൽ പ്രാധാന്യത്തെ അൎഹിക്കുന്നവയുമായ പല ഗൌരവമേറിയ കാൎയ്യങ്ങളെപ്പററിയും സൎവ്വോപരി ഇദ്ദേഹത്തിന്റെ ജീവിതനൈൎമ്മല്യത്തെ സംബന്ധിച്ചും കുറഞ്ഞൊന്നു പ്രസ്താവിക്കണമെന്നുള്ളതാണു് ഈ ലഘുഗ്രന്ഥംകൊണ്ടു ഉദ്ദേശിച്ചിട്ടുള്ളതു്.

# വ. ദിവ്യശ്രീ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ.

## ജനനം.

കുര്യാക്കോസ് ഏലിയാസച്ചൻ, അന്നു ചേന്നൻകരി ഇടവകയിൽ ഉൾപ്പെട്ടിരുന്ന കൈനകരിയിൽ ചാവറ എന്ന പുരാതനവും മാന്യവുമായ കുടുംബത്തിൽ ൧൮൦൫ ഫെബ്രുവരി ൧൦-ാംനു- ജാതനായി. അന്നത്തെ പതിവനുസരിച്ച് എട്ടാം ദിവസമാണു് ജ്ഞാനസ്നാനം നൽകിയതു്. തദവസരത്തിൽ കുര്യാക്കോസ് എന്ന തൻെറ പിതാവിൻെറ പേരിടുകയുംചെയ്തു. ഇദ്ദേഹത്തിനു് ഒരു സഹോദരനും നാലു സഹോദരികളുമുണ്ടായിരുന്നു. സഹോദരൻ ഒരു സന്താനത്തെമാത്രം കണ്ടുകൊണ്ടു് അകാലമരണംപ്രാപിക്കയാണുണ്ടായതു്. കനിഷ്ഠപുത്രനായിരുന്നതുകൊണ്ടും ശിശുപ്രായത്തിൽ തന്നെ കോമളഗാത്രനായിരുന്നതിനാലും മാതാപിതാക്കന്മാരുടെ ഓമനമകനായിട്ടത്രെ കുര്യാക്കോസ് വളൎന്നുവന്നതു്. എന്നാൽ അതിലാളനം അനൎത്ഥകരമായി പല കുട്ടികൾക്കും പരിണമിക്കാറുണ്ടെങ്കിലും നമ്മുടെ കൊച്ചുകുര്യാക്കോസിനെ സംബന്ധിച്ചെടത്തോളം അതു നാശകരമായിരുന്നില്ല. മാത്രമല്ല അവൻ ചെറുപ്പത്തിലെതന്നെ ദൈവത്തിനും മനുഷ്യൎക്കും സ്നേഹപാത്രമായിത്തിരുകയാണുണ്ടായതു്. ഭക്തയായ മാതാവു് മുലപ്പാലോടുകൂടിത്തന്നെ ആത്മീയഭക്ഷണവുംകൊടുത്തു ദൈവേഷ്ടത്തിനൊത്തവിധം വളത്തിയതാണിതിനു കാരണം. ശിശുപ്രായത്തിൽതന്നെ കുര്യാക്കോസിൻെറ അമ്മ തൻെറ ഓമനമകനെ വെച്ചൂൎപള്ളിയിൽ കൊണ്ടുപോയി ദേവമാതാവിനു അടിമവെയ്ക്കുകയും ആ ദിവ്യമാതാവിൻെറ ഉത്തമപുത്രനായി വളത്തുവാൻ യഥാശക്തി പരിശ്രമിക്കയുംചെയ്തു. ഏതൽസംബന്ധമായി നമ്മുടെ വന്ദ്യദേഹം തന്നെ വിവരിക്കുന്നതു ഇപ്രകാരമാണു്.

“കരുണാനാഥൻ പരൻ കരുതിയടിയനെ
പരമനാഥാ തൻെറ അടിമയാക്കിമുന്നം

ശിശുവായമാം മാതൃ അമൃതാൽ വളർത്തുമ്പോൾ
ശയനിപ്പിച്ചു ദൈവജനനി തന്റെ പാദെ
‘ശുദ്ധമാതാവേ, ദേവജനനി കന്നിയമ്മേ!
അശുദ്ധയാം മമോദര ഫലമാമിതിനെ നീ
നിന്നുടെ ദാസനായി കൈകൊണ്ടു രക്ഷിപ്പാനായി
ഇന്നു ഞാൻ നിന്റെ തൃപ്പാദത്തുങ്കൽ കാഴ്ചവെച്ചേൻ’
എന്നവളുണർത്തിച്ചു ദാസനാമടിയനെ
അന്നു മാതാവിൻമുമ്പിൽ കിടത്തിപ്രാർത്ഥിച്ചപ്പോൾ
ദേവാലയശ്രേഷ്ഠൻ ഗുരുതാൻ പൂവുംനീരും
ദേവമാതാവിൻ നാമാൽകൊടുത്തു മാതൃകയ്യിൽ
പിടിച്ചു മമ ചെറുകരത്തിലതുനേരം
കൊടുത്തുചൊല്ലി മാതൃദാസനാമിവനെ നീ
സൂക്ഷിച്ചുവളർത്തുക, പാലിച്ചാദരിക്കു നീ
സാക്ഷാൽനിൻസുതനല്ല; മാതാവിൻ ദാസൻദൃഢം.
എന്നരുൾചെയ്തു ഗുരുഏല്പിച്ചു മാതൃകരെ.
എന്നവൾ ചൊല്ലികേട്ടു ദൃഢമായതുകാലം.
എന്നതന്നെയുമല്ല കന്നിമാസമെട്ടതിൽ
ചെന്നുകുമ്പിട്ടു നാഥാമക്കാലം മാതൃസഹാ
കൊട്ടുക്കും ദാസ്യപണം മടിക്കാതെക്കാലവും
ഒട്ടുക്കിഅവളുടെ മരണകാലംവരെ.
നിന്നുടെ നാഥാ മാതാ അവൾക്കു ദാസൻനീയെ
എന്നിതു മനസ്സതിലെപ്പോഴും സ്മരിക്കണം
എന്നുള്ളജ്ഞാനവാക്യം സ്നേഹത്തിൽ വചനവും
അന്നുചിത്തത്തിലുണ്ടായി . . . .”

പ്രായത്തിനൊത്ത വിവേകം ഭക്തി ആദിയായ സ്വഭാവ ഗുണങ്ങൾ പ്രത്യക്ഷപ്പെട്ടിരുന്നതുകൊണ്ടും ആരേയും ആകർഷിക്കത്തക്ക രൂപലാവണ്യം തുളുമ്പിയിരുന്നതിനാലും മാതാപിതാക്കന്മാരുടെ മാത്രമല്ല സമീപവാസികളുടെയും ഓമനക്കുട്ടനായിട്ടത്രെ കുഞ്ഞാക്കോസ് വളർന്നുവന്നത്.



ക. നി. മൂ. സഭയുടെ അടിസ്ഥാനക്കാരനായ
പാലയ്ക്കൽ തോമ്മാ മല്പാനച്ചൻ.

തെക്കൻ പള്ളിപ്പുറത്തു പാലയ്ക്കൽ കുടുംബത്തിൽ 1782-നും 85-നും മദ്ധ്യേ ജനിച്ച ഇദ്ദേഹം ചരിത്രപ്രസിദ്ധനായ തച്ചിൽ മാത്തുത്തരകൻെറ അനുജൻ അവ്റാഹംമല്പാൻെറ കീഴിൽ പഠിച്ചുപട്ടമേററു. ടിപ്പുസുൽത്താനെ ഭയന്നു് അവ്റാഹംമല്പാനും ശിഷ്യരും പള്ളിപ്പുറത്തുവന്നു താമസിച്ചതുകൊണ്ടാണ് ഈ മല്പാനു തോമ്മാച്ചൻ ശിഷ്യപ്പെടാനിടയായതു്. ഇദ്ദേഹം ഒരു ഉഗ്രതപസ്വിയായിരുന്നു. ഉച്ചയ്ക്കു ചോറും ഒരു കറിയും വൈകിട്ടു അല്പം കഞ്ഞിയും ഇങ്ങനെ രണ്ടുനേരം മാത്രമേ ആഹരിച്ചിരുന്നുള്ളു. തപസ്സുകൊണ്ടു് വളരെ ക്ഷീണിച്ച മുഖമായിരുന്നെങ്കിലും അവിടെ ഒരു ദിവ്യചൈതന്യം കളിയാടിയിരുന്നു എന്നു ഫ്റാൻസീസു് ശവരിയാർ മെത്രാനച്ചൻ പറഞ്ഞിട്ടുണ്ടു്. ഇദ്ദേഹത്തിൻെറ കാലംവരെ നമ്മുടെ പട്ടക്കാരും ശമ്മാശ്ശന്മാരും ഇപ്പോഴത്തെ യാക്കോബായ പട്ടക്കാരുടെ വസ്ത്രധാരണരീതിയാണ് സ്വീകരിച്ചിരുന്നതു്. കഴുത്തിൽ ഒരു നീണ്ട ജപമാല ധരിച്ചിരുന്നു എന്നൊരു വ്യത്യാസമേ ഉണ്ടായിരുന്നുള്ളു. 'ളോവ' ഓരോരുത്തനു സ്വന്തമായിട്ടുണ്ടായിരുന്നില്ല. ദേവാലയശുശ്രൂഷയുടെ നേരത്തു ധരിപ്പാൻ പള്ളിവകയായിട്ടെ 'ളോവ' ഉണ്ടായിരുന്നുള്ളു. എപ്പോഴും ളോവ ധരിച്ചുനടക്കുന്ന പതിവ് ഇദ്ദേഹമാണ് ഏൎപ്പെടുത്തിയതു്. സെമ്മിനാരിയിൽ മല്പാനായി പഠിക്കുവാൻ തുടങ്ങിയതിനു മുമ്പു ഇദ്ദേഹം വരാപ്പുഴ മിസത്തിലെ സെക്രട്ടറിയായിരുന്നു. സെക്രട്ടറിസ്ഥാനം ഉപേക്ഷിച്ചതിൽപിന്നെയും ഗുരുതരമായ കാൎയ്യങ്ങൾ ഇദ്ദേഹത്തിൻെറ ആലോചനപ്രകാരമായിരുന്നു ചെയ്തിരുന്നതു്. ഇദ്ദേഹം 1841 ജനുവരി 16-ാംനു- സഭയുടെ അടിസ്ഥാനം

## ബാല്യവും വിദ്യാഭ്യാസവും.

കേരളക്കരയിൽ പണ്ടുമുതല്ക്കേ വിദ്യാഭ്യാസം നടത്തിയിരുന്നതു ആശാന്മാരാണ്. ഓരോ കരയിലും ഓരോ കളരിയുണ്ടായിരിക്കും. അവിടെ കുട്ടികളെ അയയ്ക്കുകയും രക്ഷാകൎത്താക്കളുടെ നിർദ്ദേശവും ആഗ്രഹവുമനുസരിച്ച അക്ഷരവിദ്യ, കണക്കു ജപങ്ങൾ വേദതത്വങ്ങൾ എന്നിവ ആശാന്മാർ പഠിപ്പിക്കുകയുമായിരുന്നു പതിവ്. നമ്മുടെ ബാലന്റെ വിദ്യാഭ്യാസരീതിയും ഇതിൽനിന്നും വ്യത്യസ്തമായിരുന്നില്ല. ഉപരിപഠനം നടത്തിയതു ഒരു 'അണ്ണാവി'യുടെ കീഴിലാണെന്നു ഇദ്ദേഹത്തിന്റെ 'ആത്മാനുതാപം' എന്ന കൃതിയിൽ നിന്നുതന്നെ കാണാവുന്നതാണ്. സ്വതസിദ്ധമായ വാചാലത ബാലപ്രായത്തിൽതന്നെ പ്രദൎശിപ്പിച്ചിരുന്നു. വിദ്യാഭ്യാസത്തിലെന്നതിനേക്കാൾ സുകൃതാഭ്യാസത്തിലായിരുന്നു കൂടുതൽ നിഷ്ഠ ഉണ്ടായിരുന്നതു്. ഇപ്രകാരം ജ്ഞാനം പുണ്യം അഗാധബുദ്ധിത്വം വാക്ചാതുൎയ്യം, സൎവ്വോപരി ജീവിതനൈൎമ്മല്യം എന്നിവ ഒത്തിണങ്ങിയിരുന്ന ഈ ബാലൻ മററുള്ളവരുടെ സ്നേഹബഹുമാനവാത്സല്യാദികൾക്കു പാത്രീഭവിച്ചതിൽ വിസ്മയിപ്പാനില്ല. ലോകമായത്തിൽ ഉൾപ്പെട്ടു നാശക്രൂപത്തിൽ പതിക്കാതെ തന്റെ ജീവിതം ദൈവശുശ്രൂഷക്കായി വിനിയോഗിക്കണമെന്നായിരുന്നു ഈ കുട്ടിയുടെ ആഗ്രഹം. ഈ ലക്ഷ്യപ്രാപ്തിക്കായി ഉള്ളഴിഞ്ഞു പ്രാർത്ഥിച്ചുവരികയും ചെയ്തു. ഈ പ്രാൎത്ഥന ദൈവസന്നിധിയിൽ സ്വീകൃതമായി എന്നു കീഴെ വരുന്ന സംഭവം വിശദമാക്കുന്നുണ്ടു്. കുൎയ്യാക്കോസിനു പത്തു വയസ്സു പ്രായമായിരിക്കയിൽ അക്കാലത്തു പുണ്യംകൊണ്ടും ശാസ്ത്രംകൊണ്ടും സാമുദായിക നിലകൊണ്ടും പരക്കെ പ്രസിദ്ധനായിരുന്ന പള്ളിപ്പുറത്തു പാലയ്ക്കൽ തോമ്മാ മല്പാനച്ചൻ തന്റെ ഇളയമ്മയെ കാണ്മാനായി കാളാച്ചേരി ഭവനത്തിൽ ചെല്ലുകയുണ്ടായി. അ

---

മാത്രംകണ്ടുകൊണ്ടു് ഭാഗ്യമരണംപ്രാപിച്ചു. ഇദ്ദേഹത്തിന്റെ ശിഷ്യർ 41 ദിവസത്തേക്കു മുടങ്ങാതെ പള്ളിപ്പുറത്തുപള്ളിയിൽ റാസചൊല്ലിയതുകൂടാതെ 365 കർബാന അവരവരുടെ സ്വന്തം പള്ളികളിൽവച്ചും അൎപ്പിക്കുകയുണ്ടായി.

സന്ദർഭത്തിലാണ് ആകൃതികൊണ്ടു ആകർഷണീയനായിരുന്ന ഈ ബാലനിൽ മല്പാനച്ചന്റെ ദൃഷ്ടി പതിയാനിടയായതു്. എന്നാൽ അന്വേഷണഫലമായി ആകൃതിയേക്കാൾ പ്രകൃതിയാണ കുറേക്കൂടി ആകർഷണീയമെന്നു ഗ്രഹിച്ചപ്പോൾ കുട്ടിയെ തന്റെകൂടെ സെമ്മിനാരിയിലേക്കു കൊണ്ടുപോകണമെന്നു് അദ്ദേഹത്തിനു നിർബന്ധമായി. എന്നാൽ മാതാപിതാക്കന്മാർ കണ്ണിലുണ്ണിയെപ്പോലെ വളർത്തിവന്ന കുട്ടിയെ വിട്ടുപിരിയുന്നതിൽ വൈമുഖ്യം പ്രദർശിപ്പിച്ചതു ജനനീജനകസഹജമെന്നേ പറയേണ്ടതുള്ളു. എങ്കിലും കുട്ടിയുടെ ആഗ്രഹവും നിർബന്ധവുംമൂലവും അവന്റെ അമ്മാവനായ തോപ്പിൽ ഗീവറുഗീസച്ചന്റെ പിതാവിന്റെ ശുപാർശകൊണ്ടും അവർ സമ്മതിക്കയും അങ്ങനെ അവൻ സെമ്മിനാരിയിൽ പ്രവേശിക്കയുംചെയ്തു. ഈ കുട്ടിക്കു വൈദികകാൎയ്യങ്ങളിലുള്ള ഉത്സാഹം നൈസർഗ്ഗികമായിരുന്നു എന്നു വിശദീകരിക്കുന്ന ഒരു സംഭവം പറയാം. കുർബാനയിൽ ശുശ്രൂഷിക്കണമെങ്കിൽ ഒട്ടേറെ സുറിയാനിജപങ്ങൾ മനഃപ്പാഠമാക്കുവാൻ ആവശ്യമാണ്. അതിൽ ശുശ്രൂഷകനായിരിപ്പാനുള്ള ആഗ്രഹംകൊണ്ട് അവയെല്ലാം ശൈശവത്തിൽതന്നെ— അതായതു് കുർബാനതക്സാ, (ഇതല്പം ഭാരമുള്ള പുസ്തകമാണ്) എടുത്തു പൊക്കുവാൻപോലും കായബലമില്ലാതിരുന്ന പ്രായത്തിൽതന്നെ— പഠിച്ചു പൂജയിൽ സഹായിച്ചിരുന്നു. ഈ സംഭവം ചാവറയച്ചന്റെ ആത്മകഥാകഥനത്തിൽ നിന്നും എടുത്തിട്ടുള്ളതാണ്.

## സെമ്മിനാരിജീവിതം.

പാലയ്ക്കൽ തോമ്മാമല്പാനച്ചൻ, തന്റെ സ്നേഹവാത്സല്യങ്ങൾക്കു മുമ്പേതന്നെ പാത്രമായിത്തീർന്നിരുന്ന കുര്യാക്കോസിനെ സന്തോഷസമന്വിതം സെമ്മിനാരിയിൽ സ്വീകരിക്കയുണ്ടായി എന്നു പ്രത്യേകം പറയേണ്ടതായിട്ടില്ല. പ്രായംകൊണ്ടാണെങ്കിൽ എല്ലാവരിലും പിമ്പൻ; പഠനം, പുണ്യാഭ്യാസം ക്രമാനുഷ്ഠാനം എന്നിവയിൽ എല്ലാവരിലും മുമ്പൻ; ഈ നിലകളിൽ ഈ ബാലൻ മല്പാനച്ചന്റെ മാത്രമല്ല സഹപാഠികളുടെയും സ്നേഹഭാജനമായി



ക. നി. മൂ. സഭയുടെ അടിസ്ഥാനക്കാരനായ
പോരൂക്കര തോമ്മാ മല്പാനച്ചൻ.

1800-ൽ ചമ്പക്കുളത്തു പോരൂക്കര കുടുംബത്തിൽ ജനിച്ചു. 1823-ൽ കുർബാനപ്പട്ടമേല്ക്കയും ഉടൻതന്നെ സ്വന്തം ഇടവകയിൽ വികാരിയാകയുംചെയ്തു. അക്കാലത്തെ മുറവിട്ടു ഇദ്ദേഹം സദാ 'ളോവ' ധരിച്ചാണു് നടന്നിരുന്നതു്. ചമ്പക്കുളത്തുപള്ളിയിൽ റബേക്കകൊട്ടും പാട്ടും ആദ്യമായി നടപ്പാക്കിയതു ഇദ്ദേഹമാണു്. മാർ യൌസേപ്പു പിതാവിന്റെ നേർക്കുള്ള ഭക്തിപരത്തുവാൻ ഇദ്ദേഹം വളരെ പരിശ്രമിച്ചിട്ടുണ്ടു്. അവിടെ യൌസേപ്പുപിതാവിന്റെ നാമത്തിൽ ഏതാനും ഭക്തന്മാരെ ചേർത്തു ഒരു സഖ്യം സ്ഥാപിക്കുകയുണ്ടായി. ഇതിന്റെ ഫലമായിട്ടാണു് ഇപ്പോൾ ചമ്പക്കുളത്തു സാഘോഷം കൊണ്ടാടപ്പെടുന്ന യൌസേപ്പുപിതാവിന്റെ 'ദർശന' തിരുനാൾ ആരംഭിച്ചതു്. ഇദ്ദേഹത്തിന്റെ താല്പര്യപ്രകാരം സ്വന്തം വീട്ടുകാർ ആദ്യകാലത്തു ഏതാനും കൊല്ലത്തേയ്ക്കു ഈ തിരുനാൾ ഘോഷിക്കയുണ്ടായി. ഈ കാലത്തു ഓരോ ചക്രം വീതം പിരിച്ചു മാർ യൌസേപ്പു പിതാവിന്റെ ഒരു സ്വരൂപം കൊച്ചിത്തു ഒരു മേസ്തിരിയെക്കൊണ്ടു പണിയിച്ചു. മാന്നാനത്തു സഭ ആരംഭിച്ചപ്പോളാണു് ഈ രൂപം വന്നുചേർന്നതു്. ഈ രൂപം ഇപ്പോൾ മാന്നാനം ആശ്രമദേവാലയത്തിലെ പ്രധാന പീഠത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നു. 1827-ൽ ഇദ്ദേഹം തങ്കശ്ശേരിപള്ളിയുടെ വികാരിയായി നിയമിക്കപ്പെട്ടു. അവിടെ ആത്മീയമായ ഒരു വലിയ പരിവർത്തനമാണു് ഇദ്ദേഹം നടത്തിയതു്. അടുത്തടുത്തു കുമ്പസാരം കഴിക്കുന്ന പതിവു് ആദ്യമായി അവിടെ നടപ്പാക്കിയതു ഇദ്ദേഹമായിരുന്നു. ലത്തീൻ പോർത്തുഗീസു് ഭാഷകൾ വശമായിരുന്ന ഇദ്ദേഹം കുർബാന ഒഴിച്ചു മററു മന്ത്രകർമ്മങ്ങൾ ലത്തീനിൽ നടത്തിയതുകൊണ്ടു ഇടവകക്കാർക്കു വളരെ സന്തോഷമുണ്ടായി. ഇങ്ങനെ രണ്ടുകൊല്ലത്തോളം അവിടെയിരിക്ക

തീൎന്നു. ൧൮൧൦–ൽ ൧൬–ാമത്തെവയസ്സിൽ വരാപ്പുഴപള്ളിയിൽവച്ചു പത്രോസ് ദെൽക്കാന്ത്രാ മെത്രാനച്ചനിൽനിന്നു 'ആസ്തുപ്പാട്ട്'പട്ടം സ്വീകരിച്ച ഈ ബാലശമ്മാശ്ശന്റെ സെമ്മിനാരിജീവിതം മാതൃകാപരമായിരുന്നു എന്നു മാത്രമല്ല വിസ്മയജനകമായിരുന്നു എന്നുകൂടി പറയാവുന്നതാണ്. ദൈവഭക്തി, സുശീലം, എളിമ, പരസ്നേഹം ആദിയായ ഗുണഗണങ്ങൾ ഇദ്ദേഹത്തിൽ സവിശേഷം ശോഭിച്ചിരുന്നു. കഠിനമായ ശിക്ഷണത്തിനധീനമായ സെമ്മിനാരി ജീവിതത്തിൽ, നാട്, നടപടി, ഇത്യാദികളാൽ വിഭിന്നരായ വിദ്യാൎത്ഥികളുമായുള്ള സഹവാസത്തിൽ, പകപാതവരാത്തപ്രായത്തിൽ ഈ ചെറുവൈദികന്റെ പ്രവൎത്തനരീതിയേപ്പററി ശ്ലാഘിക്കാനല്ലാതെ ശാസിപ്പാനൊരിക്കലും മല്പാനച്ചനു സംഗതിയായിട്ടില്ല എന്നു പറയുമ്പോൾ അയാളുടെ സൂക്ഷ്മവും ജാഗ്രതയും വീരോചിതമായ ജീവിതശുദ്ധിയും എത്ര വിസ്മയനീയമായിരുന്നു എന്നു ഊഹിച്ചറിയുന്നതാണ പറഞ്ഞറിയിക്കുന്നതിൽ എളുപ്പം.

ഈ കാലഘട്ടത്തിലാണ ശെമ്മാശ്ശന്റെ പ്രിയപ്പെട്ട മാതാപിതാക്കന്മാരും ഏകസഹോദരനും ചരമം പ്രാപിച്ചത്. അതീവ ദുഃഖത്തിനു ഹേതുഭൂതമായ ഈ വിഷമഘട്ടത്തിൽ നിരാശയിൽ നിപതിക്കാതെ, ദൈവപരിപാലനയിൽ സുസ്ഥിരനായി ദേവമാതാവിന്റെ സ്വരൂപത്തിൻസന്നിധിയിൽപോയി സാഷ്ടാംഗനമസ്കാരംചെയ്തുകൊണ്ടു തന്നെ സ്വന്തംപുത്രനായി സ്വീകരിക്കണമെന്നു ഇടനെഞ്ചു നീറി, ചുടുകണ്ണീർ പൊഴിച്ചുചെയ്ത ആ പ്രാൎത്ഥന, നിൎമ്മലചരിതനായ ഒരാളിന്റെ ആ പ്രാൎത്ഥന, പാപികളുടെ

---

യിലാണ് വരാപ്പുഴ വി. അപ്പസ്തോലിക്ക സുബിലീനി മെത്രാന്റെ സെക്രട്ടറിയായി നിയമിക്കപ്പെട്ടത്. മെത്രാൻ സന്ദൎശനാൎത്ഥം പോയിരുന്ന പള്ളികളിലെല്ലാം പ്രസംഗംചെയ്യിച്ചിരുന്നത് ഇദ്ദേഹത്തെക്കൊണ്ടായിരുന്നു. ഈ ഉദ്യോഗത്തിലിരിക്കയിലാണ സഭാ സ്ഥാപനകാൎയ്യത്തിൽ ഏൎപ്പെട്ടത്. മുറപ്രകാരം സ്ഥാപിതമായ ഒരു സന്യാസസഭയെ കാണ്മാനുള്ള ഭാഗധേയം ഇദ്ദേഹത്തിനുണ്ടായില്ലെങ്കിലും യോഗ്യന്മാരായ ഒട്ടേറെ സന്യാസാൎത്ഥികളെ തന്റെ ജീവിതശുദ്ധികൊണ്ട് മാന്നാനത്തേയ്ക്കു ആകൎഷിക്കുന്നതിനും അവരുടെ മേൽനോട്ടം വഹിക്കുന്നതിനും ഇദ്ദേഹത്തിനുസാധിച്ചു. മാന്നാനം സെമ്മിനാരിയുടെ മല്പാനായിരിക്കയിൽ ഇദ്ദേഹം ൧൮൭൬ ജനുവരി ൮-ാംനു ഭാഗ്യമരണംപ്രാപിച്ചു.

പ്രാർത്ഥനപോലും സ്വീകരിക്കുവാൻ സദാ സന്നദ്ധയായ ദിവ്യ ജനനി എത്ര സന്തോഷസമന്വിതം സ്വീകരിച്ചു എന്ന് ഇദ്ദേഹത്തിന്റെ മരണശയ്യയിൽവച്ചു മററുള്ളവർക്കും അറിയുവാൻ ഇടയായി. ജ്ഞാനസ്നാനത്തിൽ ലഭിച്ച വരപ്രസാദം ഒരിക്കലും നഷ്ടപ്പെട്ടിട്ടില്ലെന്നു മരണത്തിനു അല്പംമുമ്പു ഇദ്ദേഹം വളരെ വിനീതസ്വരത്തിൽ പറഞ്ഞു എന്നുള്ളതു ഈ സന്ദർഭത്തിൽ പ്രത്യേകം സ്മരണീയമാണ്. മഹാവിശുദ്ധന്മാർക്കുപോലും അത്ര സുലഭമല്ലാത്ത ഒരു അമൂല്യവരമാണിതു്. ഈ വരം മാത്രമല്ല സഭാസ്ഥാപനം സംബന്ധിച്ചും മററും വേറെ പല വരങ്ങളും നൽകി ദേവമാതാവു് ഇദ്ദേഹത്തെ പ്രത്യേകവിധത്തിൽ അനുഗ്രഹിക്കയുണ്ടായി എന്നുള്ളതിനു വല്ല തെളിവും ആവശ്യമുണ്ടെങ്കിൽ സംഭവബഹുലമായ ഇദ്ദേഹത്തിന്റെ ജീവചരിത്രം കുറഞ്ഞൊന്നു പരിശോധിച്ചാൽ മതി.

## ദിവ്യാഹ്വാനപരീക്ഷ.

കുര്യാക്കോസു ശെമ്മാശന്റെ പിതാവിന്റെയും ഏകജ്യേഷ്ഠസഹോദരന്റെയും നിര്യാണം അദ്ദേഹത്തിന്റെ ദൈവവിളിയുടെ ആഴം അളന്നുനോക്കുന്ന ഒരു സംഭവമായിരുന്നു. പിതാവിന്റെയും മൂത്തമകന്റെയും മരണത്തോടുകൂടി ചാവറകുടുംബം അനാഥമായി. രണ്ടാമത്തെ ഏകപുത്രൻ സെമ്മിനാരിയിലുമാണ്. ഈ ഘട്ടത്തിൽ ഗൃഹഭരണത്തിനും ശെമ്മാശ്ശന്റെ സഹോദരപുത്രിയായ ശിശുവിന്റെ സംരക്ഷണത്തിനും ആളില്ലെന്നുള്ള കാരണത്താൽ ശെമ്മാശ്ശനെ അദ്ദേഹത്തിന്റെ പിതൃസഹോദരന്മാർ സെമ്മിനാരിയിൽനിന്നും വീട്ടിൽവരുത്തി വൈദികജീവിതം ഉപേക്ഷിക്കണമെന്നു നിബന്ധിച്ചു. ശെമ്മാശ്ശനു 'അസ്സുപ്പാട്ട്' പട്ടം മാത്രമേ അപ്പോൾ ഉണ്ടായിരുന്നുള്ളു. അതിനാൽ വൈദികജീവിതം നിഷ്പ്രയാസം ഉപേക്ഷിക്കാമായിരുന്നു. ഈ നിബന്ധം പരമകാഷ്ഠയെ പ്രാപിച്ചപ്പോൾ ശെമ്മാശ്ശൻ ഒരു പൊടിക്കൈ പ്രയോഗിച്ചു. ഗൃഹഭരണത്തിനും ശിശുസംരക്ഷണത്തിനും ആളില്ലെന്നുള്ള വാദം ശിഥിലമാക്കുവാൻവേണ്ടി ശെമ്മാശ്ശൻ എടത്വാ



1828 മുതൽ 832 വരെ വരാപ്പുഴ മിസത്തെ ഭരിച്ച സ്റ്റബിലീനി മെത്രാൻ.
ഇദ്ദേഹത്തിന്റെ പ്രോത്സാഹനംകൊണ്ടാണ് സഭ
തുടങ്ങുവാൻ ഇടയായതു്.

യിൽ കല്യാണം ചെയ്യിച്ചിരുന്ന തന്റെ മൂത്തസഹോദരിയുടെ വീട്ടിൽപോയി അവരെ കാണുകയും അവരുംഭർത്താവുംകൂടി ചാവറ വന്നുതാമസിച്ചു കുടുംബഭരണം നടത്തുന്നതിനു അവരെ സമ്മതിപ്പിക്കയും അതിനുപ്രതിഫലമായി തന്റെ അവകാശംമാത്രം അവൎക്കു രഹസ്യത്തിൽ എഴുതിക്കൊടുക്കുകയുംചെയ്തു. ഈ രഹസ്യസംഗതി പരസ്യമായപ്പോൾ കോപിഷ്ഠരായ പിതൃസഹോദരന്മാർ കച്ചീട്ടുതിരിച്ചുവാങ്ങണമെന്നു ശെമ്മാശ്ശനെ ഭയപ്പെടുത്തുവാൻ തുടങ്ങി. തന്റെ വൈദികജീവിതത്തിനു ഭംഗം നേരിടരുതെന്നുള്ള ഏക ചിന്തയേ ശെമ്മാശ്ശനുണ്ടായിരുന്നുള്ളു. അതനുസരിച്ചായിരുന്നു അദ്ദേഹത്തിന്റെ പ്രവൎത്തനഗതി. എന്നാൽ അതുതന്റെ പിതൃസഹോദരന്മാൎക്കു കോപഹേതുകമായി പരിണമിച്ചു എന്നു കണ്ടപ്പോൾ കച്ചീട്ടു തിരിച്ചുവാങ്ങി അവരുമായി രാജിപ്പെടുകയും, അങ്ങനെ വൈദികവൃത്തി തുടരുന്നതിനുള്ള പ്രതിബന്ധം നീങ്ങിക്കിട്ടുകയും ചെയ്തു.


## പൌരോഹിത്യവും പ്രേഷിതവൃത്തിയും.

സൂബിലിനി മെത്രാനച്ചൻ വരാപ്പുഴവന്നു ഭരണം കൈയേററതിൻെറ ശേഷം അറത്തുങ്കൽ ചെറിയപള്ളിയിൽവന്നു താമസിക്കകയുണ്ടായി. ഇവിടെവച്ചാണ് '൧൮൮൫ നവംബറിൽ കുര്യാക്കോസ് ശെമ്മാശ്ശൻ ൨൪-ാമത്തെ വയസ്സിൽ കുർബാനപ്പട്ടമേററത്. പുണ്യശ്ലോകനും വൈദികോത്തമനുമായ ഇദ്ദേഹത്തിൻെറ നവപൂജ സ്വന്തം ഇടവകയായ ചേന്നൻകരിപള്ളിയിൽ വച്ചു സമപ്പിച്ചുകാണ്മാനുള്ള ഭാഗധേയം ചില സൌന്ദയ്യപ്പിണക്കംമൂലം ആ ഇടവകയ്ക്കു നഷ്ടീഭവിക്കയാണുണ്ടായത്. * എന്നാൽ ആലപ്പുഴക്കാരാവട്ടെ ഇദ്ദേഹത്തെ സാഘോഷം സ്വീകരിച്ചതിനാൽ അവിടെ മാർസ്ലീവാപ്പള്ളിയിൽവച്ചു കാണികളുടെ കണ്ണും കരളും കുളക്കുമാറു ഭക്തിദ്യോതകമായ വിധത്തിൽ ഇദ്ദേഹം നവപൂജ അപ്പിച്ചു. അന്നു അസ്തമനത്തോടടുത്തു കുര്യാക്കോസച്ചൻ ചേന്നൻകരിപള്ളിയിൽപോയി അവിടത്തെ വികാരിയച്ചനോടുകൂടെ താമസിക്കയും അദ്ദേഹത്തോടു വളരെ സ്നേഹാദരപൂവ്വം വത്തിക്കയുമുണ്ടായി. സ്വന്തം ഇടവകപ്പള്ളിയിൽ പുത്തൻകുർബാന അപ്പിക്കുവാൻ ഇടയാകാതെ വന്നതിൽ നേരിട്ട ഇച്ഛാഭംഗവും അഭിമാനക്ഷയവും മൂലം ഒട്ടും പരിഭവമില്ലെന്നു കാണിപ്പാനായിട്ടത്രെ ഈ നവപുരോഹിതൻ ഇപ്രകാരം ചെയ്തതു്. ഇതിൽനിന്നും ഇദ്ദേഹത്തിൽ ദൃഢമൂലമായിരുന്ന ക്ഷമ എത്ര അഗാധമായിരുന്നു എന്നും യഥാത്ഥപുണ്യത്തിൻെറ ഉത്തമചിഹ്നമായ ശത്രുസ്നേഹം എത്ര ഉജ്ജ്വലമായിരുന്നു എന്നും പട്ടാപ്പകൽപോലെ സ്പഷ്ടമാകുന്നുണ്ടല്ലോ. എന്നാൽ അദ്ദേഹത്തിൻെറ വിശാലബുദ്ധിത്വം ഇതുകൊണ്ടുമാത്രം തൃപ്തിയടഞ്ഞില്ല. അപകാരത്തിനു പകരം ഉപകാരം ചെയ്യുന്നതു വീരോചിതമായ ഒരു സൽക്കമ്മമാണ്. ഈ പുണ്യത്തിൻെറ

---

* **വീട്ടിൽനിന്നും ഘോഷയാത്രയായി പുറപ്പെട്ടു പള്ളിയിൽചെന്നു നവപൂജ അപ്പിക്കുകയായിരുന്നു അന്നത്തെ പതിവ്. കുര്യാക്കോസച്ചൻ കളിവള്ളങ്ങളുടെ അകമ്പടിയോടുകൂടി പള്ളിയിൽ എത്തുന്നതിനു മുമ്പുതന്നെ പള്ളിക്കടവിൽ ചില മാഗ്ഗതടസ്സങ്ങൾ ഉണ്ടാക്കി വികാരിയച്ചൻ പള്ളിപൂട്ടി അവിടെനിന്നും മാറിക്കളഞ്ഞു.**

ഒരു മാതൃകയായും അദ്ദേഹം അവിടെ പരിലസിച്ചു. ആ പള്ളിയിൽ ആണ്ടുതോറും ഘോഷിക്കുന്ന യൌസേപ്പുപിതാവിൻെറ തിരുനാളിനു പ്രസംഗം ചെയ്യാമെന്ന് കുര്യാക്കോസച്ചൻ ഏററു. ആ വാഗ്ദാനപ്രകാരം മരണംവരെ പ്രവർത്തിക്കുകയുംചെയ്തു. കൂടാതെ യൌസേപ്പു പിതാവിൻെറ ഒരു സ്വരൂപം ആ പള്ളിക്കു സമ്മാനിക്കയുമുണ്ടായി. ഇദ്ദേഹത്തിൻെറ ആദ്യത്തെ കുർബാന സഭാസ്ഥാപന നിർവ്വഹണത്തെ ഉദ്ദേശിച്ചു സമർപ്പിച്ചു എന്നുള്ളതും ഈ തരുണത്തിൽ പ്രത്യേകംസ്മരണീയമാണ്. നവപൂജാർപ്പണാനന്തരം ചേനംകരിയിലും അമ്മയുടെ ഇടവകയായ പുളിംകുന്നിലും കുറേനാൾ താമസിച്ചതിൻെറ ശേഷം ഇദ്ദേഹം പള്ളിപ്പുറത്തേക്കു മടങ്ങി. അവിടെ പാലയ്ക്കൽ മല്പാനച്ചനെ സഹായിച്ചുകൊണ്ടു ഒരു കൊല്ലത്തോളം താമസിച്ചു. ഇതിൻെറ ശേഷം പള്ളികളിൽ പ്രസംഗം ചെയ്യുക, ധ്യാനയോഗങ്ങൾ നടത്തുക ആദിയായി പല പരോപകാരകൃത്യങ്ങളിലും ഏല്പെട്ടിരുന്നു. ഇതിനിടയിൽ പുളിംകുന്നു ഇടവകയിലും ഒരു ധ്യാനയോഗം നടത്തുകയുണ്ടായി. അതിൻെറ ഫലം ദീർഘകാലത്തേക്കു അവിടെ നിലനിന്നു എന്നും വളരെ പാപികളുടെ മാനസാന്തരത്തിനു അതു കാരണമായി എന്നും പഴമക്കാർ പറഞ്ഞു കേട്ടിട്ടുണ്ട്. സ്ത്രീകൾ അക്കാലത്തു ധ്യാനയോഗങ്ങളിൽ സംബന്ധിക്ക പതിവായിരുന്നില്ല. സാധാരണ പ്രസംഗംതന്നെ പള്ളികളിൽ അന്ന് വളരെ വിരളമായിട്ടേ ചെയ്തിരുന്നുള്ളു. ഞായറാഴ്ചതോറും പള്ളികളിൽ പ്രസംഗം ചെയ്യുന്ന മുറ നടപ്പാക്കുവാൻ ഇദ്ദേഹം വളരെ പ്രയത്നിച്ചിട്ടുണ്ട്. ൧൮൩൧ മുതല്ക്കാണ് ധ്യാനയോഗങ്ങൾ ക്രമമായി പള്ളികളിൽ നടത്തുന്ന പതിവ് ബെൎന്നർദീനോസു മെത്രാപ്പോലീത്താ മാന്നാനത്തു താമസിച്ചിരുന്ന അച്ചന്മാരെക്കൊണ്ട് ആദ്യമായി ആരംഭിച്ചത്.



൧൮൩൧-ലെ മാന്നാനം കുന്ന്,

സഭയുടെ മാതൃഭവനത്തിൻെറയും ദേവാലയത്തിൻെറയും ശിലാസ്ഥാപനകർമ്മം പോരൂക്കര തോമ്മാച്ചൻ സ്റ്റബിലീനി മെത്രാൻെറ പ്രതിനിധിയായി നടത്തുന്നു. കർമ്മിയോട് അടുത്തുനില്ക്കുന്നതു് മോൺ. സ്റ്റബിലീനി ആണ്.

# സന്ന്യാസ സഭാസ്ഥാപനം.

കേരളസുറിയാനി കമ്മേലീത്താസഭയുടെ സ്ഥാപനം മാർത്തോമ്മാ ശ്ലീഹായിൽനിന്നും പിതൃസ്വത്തായി കേരളീയ കത്തോലിക്കർ കൈവശപ്പെടുത്തി അനുഭവിച്ചുപോരുന്ന ദേവമാതൃഭക്തിയുടെ ഒരു മകുടീകരണമായി കരുതാവുന്നതാണ്. നാട്ടിനും നാട്ടാർക്കും ആത്മികമായും ലൌകികമായും പലവിധ നന്മകളെ പ്രദാനം ചെയ്തുകൊണ്ടിരിക്കുന്ന ഈ സഭയുടെ സ്ഥാപനത്തെപ്പററി സംക്ഷിപ്തമായ ഒരു വിവരണം അവതാരികയിൽ കൊടുത്തിട്ടുണ്ടല്ലോ. ഇവിടെ കുറെക്കൂടി വിവരമായി പ്രസ്താവിക്കാം.

൧൮൨൭-ൽ ബോംബെ വികാരി അപ്പസ്തോലിക്കാ മോൺസിഞ്ഞോർ മൌറേലിയൂസ് സ്ടബിലീനി തല്ക്കാലത്തേക്കു വരാപ്പുഴ വികാരി അപ്പസ്തോലിക്കായായി നിയമിക്കപ്പെട്ടു. ഇദ്ദേഹം പ്രകൃത്യാതന്നെ ഒരു മഹാമനസ്കനായിരുന്നു. എഴുനൂററിക്കാരുടെ വിരോധമുണ്ടായിട്ടും അഞ്ഞൂററിക്കാർക്കു പട്ടംകൊടുക്കണമെന്നുള്ള ഇദ്ദേഹത്തിൻെറ നിർബന്ധംമൂലം അവരുമായി പിണങ്ങി വരാപ്പുഴനിന്നുംമാറി ഇദ്ദേഹം അറത്തുങ്കൽ പള്ളിയിലാണു സ്ഥിരവാസം ഉറപ്പിച്ചതു്. ചാവറ കുര്യാക്കോസച്ചൻ ഈ പള്ളിയിൽവച്ചു കുർബാനപ്പട്ടം സ്വീകരിപ്പാനുള്ള കാരണം ഇപ്പോൾ വിശദമായല്ലോ. ഇദ്ദേഹത്തിനു ഇവിടെ നാലുകൊല്ലത്തെ ഭരണംമാത്രമേ ഉണ്ടായിരുന്നുള്ളു. ഇത്രയുംകാലം ഇവിടെ താമസിച്ചതുതന്നെ സുറിയാനിക്കാരുടെ നിർബന്ധപൂർവ്വമായ അപേക്ഷകൊണ്ടായിരുന്നു. ഇദ്ദേഹം ഭരണഭാരം കൈയേററതിൻെറ ശേഷം സുറിയാനിക്കാരിൽനിന്നു് ഉത്തമനും സമർത്ഥനുമായ ഒരാളെ സെക്രട്ടറിയായി കിട്ടണമെന്നു പാലയ്ക്കൽ തോമ്മാമല്പാനച്ചനെ അറിയിക്കയുണ്ടായി. തോമ്മാ മല്പാനച്ചൻതന്നെ ഈ ഉദ്യോഗം സ്വീകരിച്ചു കണ്ടാൽ കൊള്ളാമെന്നും അദ്ദേഹം അഭിപ്രായപ്പെടാതിരുന്നില്ല. മല്പാൻ ജോലി ഉപേക്ഷിപ്പാൻ നിവൃത്തിയില്ലായിരുന്നതുകൊണ്ടു് പാലയ്ക്കലച്ചൻ അന്നു് തങ്കശ്ശേരിപള്ളിയുടെ വികാരിയായിരുന്ന പോരൂക്കര തോമ്മാച്ചനെയാണു് ഈ ഉദ്യോഗത്തിനു ശുപാൎശചെയ്തതു്. അതനുസരിച്ചു പോരൂക്കര അച്ചൻ സെക്രട്ടറിയായി നിയമി


ക്കപ്പെട്ടു. പാലയ്ക്കലച്ചനാവട്ടെ മുമ്പേതന്നെ വരാപ്പുഴ മിസത്തിലെ ഒരാലോചനക്കാരനുമായിരുന്നു. ഇപ്രകാരം വികാരിഅപ്പസ്തോലിക്കായുടെ വലംകൈയും ഇടംകൈയുമായിത്തീർന്ന തോമ്മാച്ചന്മാർ, മലങ്കരസഭയിൽ ആദ്ധ്യാത്മികമായ ഒരു സമൂല പരിവർത്തനം ഉണ്ടായിക്കാണ്മാൻ ആഗ്രഹിക്കുകയും തദർത്ഥം യഥാശക്തി പ്രയത്നിക്കയും ചെയ്തുകൊണ്ടിരുന്ന രണ്ടാത്മമിത്രങ്ങളായിരുന്നു. തങ്ങളുടെ ഉദ്ദേശം സാധിതപ്രായമായി കാണ്മാനുള്ള ഉത്തമമാർഗ്ഗം ഒരു സന്ന്യാസസഭയുടെ ആവിർഭാവമാണെന്നും അവർ കാലെകൂട്ടി കണ്ടുവച്ചതാണ്. ഇതിലേക്കു സർവ്വപ്രകാരേണയും അനുകൂലമായ ഒരു അവസരമാണ് കൈവന്നിരിക്കുന്നത് എന്നു കണ്ട് അവർ തങ്ങളുടെ ഉദ്ദേശം മോൺസിഞ്ഞോർ സ്റ്റബിലീനിയെ സവിനയം അറിയിച്ചു. വിശാലഹൃദയനായ അദ്ദേഹത്തിനു, തന്നെപ്പോലെ വിശാലഹൃദയരായ ഇവരുടെ അഭിപ്രായം സർവ്വഥാ



ചാവറയച്ചന്റെ ഒരനന്തിരവനും ചങ്ങനാശേരി രൂപതാദ്ധ്യക്ഷനുമായ കാളാശ്ശേരി ജയിംസ് മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു്.

സ്വീകാൎയ്യമായി തോന്നിയതിൽ വിസ്മയിപ്പാനില്ലല്ലൊ. ഒരു സന്ന്യാസസഭ ഇതിനു എത്രയൊ മുമ്പുതന്നെ ഇവിടെ ഉണ്ടാകേണ്ടതായിരുന്നു എന്നു അദ്ദേഹം തൻെറ സമ്മതത്തെ ദൃഢീകരിക്കയും ചെയ്തു. ഇത്രയുംകൊണ്ടും അദ്ദേഹം തൃപ്തനായില്ല. പള്ളികളിൽനിന്നും ജനങ്ങളിൽനിന്നും പണം പിരിക്കുവാനുള്ള ഒരനുവാദപത്രവും രൊക്കം ൨൦൦ രൂപായുംകൊടുത്തു പ്രസ്തുത വൈദികരെ പ്രോത്സാഹിപ്പിക്കയുമുണ്ടായി. ഇങ്ങനെ ഒരു പ്രോത്സാഹനം ലഭിച്ചില്ലായിരുന്നുവെങ്കിൽ സുറിയാനികമ്മെലീത്താസഭയുടെ ആരംഭം ആർ, എപ്പോൾ കാണുമായിരുന്നു?

സന്ന്യാസസദനം സ്ഥാപിക്കാനുള്ള അനുമതി ലഭിച്ചതോടുകൂടി നമ്മുടെ കഥാനായകൻ ഇക്കാൎയ്യത്തിൽ പ്രമുഖനായി പ്രവൎത്തനം തുടങ്ങി. ൧൦൨൮-ൻെറ അവസാനഘട്ടത്തിലായിരുന്നു പണപ്പിരിവിനുള്ള അനുവാദപത്രം ലഭിച്ചതു്. ഉടനെ പണപ്പിരിവിനുള്ള ശ്രമമായി. ഗണ്യമായും ത്വരിതമായും ലഭിച്ച ധനസഹായം കുട്ടനാട്ടിൽ നിന്നായിരുന്നു. എടത്വാപ്പള്ളിയിൽനിന്നു നാനൂറുരൂപായും ചമ്പക്കുളം പള്ളിയിൽനിന്നു ഇരുനൂറുരൂപായും പുളിംകുന്നുപള്ളിയിൽനിന്നു ആയിരപ്പറ നെല്ലും ആലപ്പുഴപള്ളിയിൽനിന്നു നൂറുരൂപായും ലഭിക്കുകയുണ്ടായി. പണം കൈവശം വന്നുതുടങ്ങിയപ്പോൾ സദനസ്ഥാപനത്തിനു സമുചിതമായ ഒരു സ്ഥാനം കണ്ടുപിടിക്കാനുള്ള തിടുക്കമായി. പലസ്ഥലങ്ങളും പരിശോധിച്ചതിൽ മാന്നാനംകുന്നാണ് ഒടുവിൽ തൃപ്തികരമായി കാണപ്പെട്ടതു്. ൧൦൨൭ മെയ് ൧൧-ാംനു- സന്ന്യാസഭവനത്തിൻെറയും പള്ളിയുടെയും ശിലാസ്ഥാപനകൎമ്മം പോരൂക്കരയച്ചൻ സ്റ്റബിലീനിമെത്രാൻെറ സാന്നിദ്ധ്യത്തിൽ നടത്തി. അസ്വാസ്ഥ്യം നിമിത്തമാണ് ഈ കൎമ്മം മൊൺ. സ്റ്റബിലീനി നിൎവ്വഹിക്കാതിരുന്നതു്. ഇതിനിടയിൽ പോരൂക്കരയച്ചൻ കേരളത്തിൻെറ നാനാഭാഗങ്ങളിലും ചുററിസ്സഞ്ചരിച്ച ജനങ്ങളുടെ ആത്മീയാവശ്യങ്ങൾ നിൎവ്വഹിച്ചുകൊടുത്തിരുന്ന കൂട്ടത്തിൽ പണപ്പിരിവും നടത്തിയിരുന്നു. മാന്നാനത്തു താമസിച്ചു പണി നടത്തുകയായിരുന്നു ചാവറയച്ചൻെറ ജോലി. പാലയ്ക്കൽ മല്പാനച്ചനു സെമ്മിനാരി വിട്ടുപോകുവാൻ



കുര്യാക്കോസച്ചന്റെ സമക്ഷത്തിൽ പത്തു പട്ടക്കാർ
മാന്നാനം ആശ്രമദേവാലയത്തിന്റെ മദ്ധ്യഭാഗത്ത് (എട്ടുപട്ടത്തിൽ)
വച്ച് വ്രതാനുഷ്ഠാനംചെയ്യുന്നു.

നിവൃത്തിയില്ലായിരുന്നതുകൊണ്ടു അദ്ദേഹം ഇടയ്ക്കിടെവന്നു പണിയുടെ മേൽനോട്ടം നടത്തിയിരുന്നതേയുള്ളു.

൧൮൭൨-ൽ ബൂബിലീനി മെത്രാനച്ചൻ ഇവിടെനിന്നും പിന്മാറിപ്പോയപ്പോൾ ഫ്രാൻസീസ് ശവരിയാർ മെത്രാനച്ചനാണ് അനന്തരഗാമിയായി വരാപ്പുഴ വികാരി അപ്പസ്തോലിക്കായായി വന്നതു്. ഇദ്ദേഹം എന്തൊ ചില തെററിധാരണകൾമൂലം മാന്നാനത്തെ അഭിനവപ്രസ്ഥാനത്തെ സ്നേഹദൃഷ്ട്യാ അല്ല വീക്ഷിച്ചതു്. തൽഫലമായി പോരുക്കരയച്ചനെ കായംകുളം, പള്ളിത്തോപ്പ് എന്നി പള്ളികളുടെ വികാരിയായിട്ടും ചാവറയച്ചനെ തെക്കൻപള്ളിപ്പുറം പള്ളിയുടെ വികാരിയായിട്ടും നിയമിച്ചു മാന്നാനത്തുനിന്നും മാററിക്കളഞ്ഞു. ഇതു് ഈ സുകൃതികളുടെ പുണ്യസമ്പത്തിയുടെ ഭാരം ഒന്നു തൂക്കിനോക്കുവാൻ ദൈവം അനുവദിച്ച ഒരു കൃത്യമായിട്ടേ കരുതേണ്ടതുള്ളു. ഇവരുടെ മാററം നിമിത്തം മാന്നാനത്തെ മന്ദിരപ്പണി മന്ദീഭവിച്ചു എന്നു പറയേണ്ടതില്ലല്ലൊ. എങ്കിലും ഈ വൈദികസത്തമന്മാർ ഈ സന്ദർഭത്തിൽ പ്രദർശിപ്പിച്ച ത്യാഗം, ക്ഷമ, അനുസരണം ആദിയായ സ്വഭാവവൈശിഷ്ട്യങ്ങൾ മെത്രാൻെറ മനസ്ഥിതിക്കു മാററംവരുത്തുവാൻ പര്യാപ്തമായിരുന്നു. വിളംബംവിനാ അവരിരുവരും ൧൮൫൫-ൽ വീണ്ടും പഴയജോലിയിൽ ഏർപ്പെട്ടുകൊള്ളുവാൻ മെത്രാൻ അനുവദിക്കയും ചെയ്തു. ൧൮൫൫-ൽ പള്ളിപണി ആരംഭിച്ചെങ്കിലും അതു പൂർത്തിയാക്കി ഇപ്പോഴത്തെ നിലയിൽ കൊണ്ടുവരുന്നതിനു് ഒരു വ്യാഴവട്ടക്കാലത്തിലധികംവേണ്ടിവന്നു. സന്യാസഭവനത്തിൻെറ പണി തല്ക്കാലത്തെ ആവശ്യത്തിനുമാത്രം ശരിപ്പെടുത്തി സന്യാസജീവിതംതുടങ്ങിയതു് ൧൮൫൫-ൽആണ്. ൧൮൫൫-ൽതന്നെ മാന്നാനത്തു സെമ്മിനാരിസ്ഥാപിച്ചു നടത്തിപ്പോന്നിരുന്നതുകൊണ്ടു സെമ്മിനാരിയിൽനിന്നും ഏതാനും ശമ്മാശ്ശന്മാർ സന്യാസാർത്ഥികളായി ചേരുകയുണ്ടായി. നമ്മുടെ കഥാനായകനായ ചാവറയച്ചനെയും പോരുക്കരയച്ചനെയും ഒഴിച്ചാൽ ഈ സന്യാസഭവനത്തിൽ ആദ്യം വന്നുചേന്ന അച്ചൻ തോപ്പിൽ ഗീവറുഗീസച്ചനാണ്. ഇദ്ദേഹം ൧൮൫൬-ലാണ് ഈ ഭവനത്തിൽ സ്വീകരിക്കപ്പെട്ടതു്.

വളരെ ജനസമ്മതനും സമത്ഥനുമായിരുന്ന ഇദ്ദേഹത്തെ അനുഗമിക്കുവാൻവേറെ പലഅച്ചന്മാരും സന്നദ്ധരായി. ഇങ്ങനെ ചേൎന്ന അച്ചന്മാരെല്ലാവരും വളരെ ഭക്തന്മാരും ഒരു നിലയിലല്ലെങ്കിൽ മററുനിലയിൽ വളരെ നിപുണന്മാരുമായിരുന്നു. ഇതിനിടെ ഏതാനും ബാലന്മാരും യോഗാത്ഥികളായി ചേരാതിരുന്നില്ല. പാലയ്ക്കൽ




സാധുമന്ദിരം കൈനകരി.

കയ്യാക്കോസച്ചൻെറ ഉത്സാഹഫലമായി പരിലസിക്കുന്ന രണ്ടുസ്ഥാപനങ്ങളാണ് കൈനകരിപ്പള്ളിയും അതിനോടനുബന്ധിച്ചുള്ള ഒരു സാധുമന്ദിരവും. അഗതികളെ സംരക്ഷിക്കുന്നതിനു മാത്രമല്ല മാനസാന്തരത്തെ ഉദ്ദേശിച്ചു വരുന്ന ഹരിജനങ്ങളെ താമസിപ്പിച്ചു അവൎക്കു വേദോപദേശം നൽകുന്നതിനും ഈ സ്ഥാപനം ഉപയോഗപ്പെട്ടുത്തിവരുന്നു. ഇതിൻെറമേൽനോട്ടത്തിനും അഗതിശുശ്രൂഷകുമായി നൽമരണസഹായസഖ്യം എന്ന നാമത്തിൽ ഒരു സഖ്യവും കയ്യാക്കോസച്ചൻ ഏൎപ്പെടുത്തുകയുണ്ടായി. പ്രസ്തുത സഖ്യത്തിൽനിന്നും പ്രതിവൎഷം തെരഞ്ഞെടുക്കപ്പെടുന്ന ഒരാളാണ് ഈ സ്ഥാപനത്തിൻെറ ഭരണം നടത്തുന്നത്. നാലഞ്ചു പേൎക്കു വസിക്കത്തക്ക ഒരു കെട്ടിടവും അയ്യായിരം രൂപായുടെ മൂലധനവും ഈ സ്ഥാപനത്തിനുണ്ട്.

മല്പാനച്ചൻ ൧൮൪൧-ൽ പള്ളിപ്പുറത്തു സെമ്മിനാരിയിൽവച്ചു മരണം പ്രാപിച്ചു. മാന്നാനം സെമ്മിനാരിയുടെയും അവിടെയുള്ള സന്ന്യാസാൎത്ഥികളുടെയും മേൽനോട്ടം വഹിച്ചിരുന്ന പോരുക്കരയച്ചൻ ൧൮൪൬-ൽ മാന്നാനത്തുവച്ചും ചരമഗതിയടഞ്ഞു. തദനന്തരം ചാവറയച്ചനായിരുന്നു മാന്നാനത്തെ ഈ ജോലികൾ കൈയേറു നടത്തിയതു്. അന്നു ഇതൊരു വെറും യോഗാൎത്ഥിസമൂഹമെന്നല്ലാതെ നിയമദൃഷ്ട്യാ ഒരു സന്ന്യാസസഭയായിരുന്നില്ല. ഈ നിലയിൽ ശവരിയാർ, ലുദവിക്ക് ഇങ്ങനെ രണ്ടുമെത്രാന്മാരുടെ കാലം കഴിഞ്ഞപ്പോൾ ബെൎണ്ണർദീനോസ് മെത്രാപ്പോലീത്തായുടെ ദൃഷ്ടി ഈ സമൂഹത്തിൽ സവിശേഷം പതിയുവാനിടയായി.

ഒരു തികഞ്ഞ നായകനായ കുൎയ്യാക്കോസച്ചൻെറ ഭരണനിപുണിനിമിത്തം അദ്ദേഹത്തിൻെറ കീഴിലുണ്ടായിരുന്ന അച്ചന്മാർ ആദ്ധ്യാത്മികദൃഷ്ട്യാ രണനിപുണന്മാരായ യോദ്ധാക്കളായിരുന്നു. ഇവരുടെ സുശിക്ഷിതമായ ജീവിതവും ഇവർ കേരളകത്തോലിക്കരുടെ ആത്മീയാഭിവൃദ്ധിയെ ഉദ്ദേശിച്ചു സഹിച്ചിരുന്ന കായക്ലേശങ്ങളും കണ്ടു സന്തുഷ്ടനായ മെത്രാപ്പോലീത്താ ഇവരെ നിയമാനുസൃതമായ ഒരു സഭയുടെ അംഗങ്ങളായി സ്വീകരിക്കണമെന്നു നിശ്ചയിച്ച്, കൎമ്മലീത്താ ഒന്നാംസഭയുടെ നിയമങ്ങൾതന്നെ കാലദേശാവസ്ഥകൾക്കനുരൂപമായ മാററം വരുത്തി കുൎയ്യാക്കോസച്ചനു അയച്ചുകൊടുത്തു. അതോടൊന്നിച്ച് ഒരു കല്പനയും അയച്ചിരുന്നു. ആ കല്പനയിൽ "ഈ നിയമം ൧൮൫൫ ഡിസംബർ ൮-ാംനു- നടപ്പിൽ വരുത്തണമെന്നും, ഈ ക്രമചട്ടത്തിൽ എഴുതപ്പെട്ടിട്ടുള്ളതെല്ലാം മാന്നാനത്തിൽ സന്ന്യാസികളാകുവാൻ ആഗ്രഹിച്ചു പാൎത്തിരിക്കുന്ന എല്ലാവരെയും വായിച്ചു കേൾപ്പിക്കണമെന്നും അതിന്മേൽ ദീൎഘാലോചന കഴിച്ചു സ്വതന്ത്രമനസ്സോടുകൂടെ തെരഞ്ഞെടുക്കേണ്ടതാകയാൽ അതിനിടയുണ്ടാകണമെന്നും നല്ല മനസ്സും ഉറപ്പും ഉള്ളവരെമാത്രം സഭയിൽ ചേൎത്താൽ മതിയെന്നും" മററും വിവരിച്ചിരുന്നു. കല്പനപ്രകാരം അന്നു സന്ന്യാസാൎത്ഥികളായി മാന്നാനത്തു താമസിച്ചിരുന്ന അച്ചന്മാരെയും ശെമ്മാശ്ശന്മാരെയും ബാലന്മാരെയും പ്രസ്തുത നിയമസംഹിത പലപ്രാവശ്യം

ചാവറയച്ചൻ വായിച്ചുകേൾപ്പിച്ചു. അതിലെ കക്കശമായ ചില നിയമങ്ങൾ നിമിത്തം രണ്ടച്ചന്മാർ എട്ടു ശെമ്മാശ്ശന്മാർ, ഒരു ബാലൻ ഇങ്ങനെ പതിനൊന്നുപേർക്കു സഭയിൽ പ്രവേശിക്കുവാൻ ധൈര്യമുണ്ടായില്ല. ചുരുക്കിപ്പറഞ്ഞാൽ അവിടെയുണ്ടായിരുന്ന യോഗാത്ഥികളിൽ പകുതിയോളം പിന്മാറിപ്പോയി. മിക്കവാറും ഇരുപതുകൊല്ലം നിരന്തരമായി പ്രയത്നിച്ചതിൻെറ ഫലം പകപമാകേണ്ട പ്രായത്തിൽ പകുതിയോളം പുഴക്കേടു പിടിച്ചതിൽ നമ്മുടെ സ്സുഷ്യപുരുഷനു നേരിട്ട ദുഃഖം വൎണ്ണനാതീതമായിരുന്നു. നിശ്ചിതദിനത്തിൽ സന്ന്യാസവ്രതങ്ങൾ അനുഷ്ഠിപ്പിക്കുവാൻ തൻെറ പ്രതിനിധിയായി മർസ്ലീനോസ് എന്നൊരു മിഷ്യനറിയേയും മെത്രാപ്പോലീത്താ മാന്നാനത്തേക്കു് അയച്ചിരുന്നു. ※ ഈ മിഷ്യനറിയുടെ സമക്ഷത്തിൽ കുഝാക്കോസച്ചനും കുഝാക്കോസ്



മാന്നാനം ആശ്രമവും ദേവാലയവും.

മാന്നാനം മാതൃഭവനത്തിൻെറ ശാഖകളായി ഇപ്പോൾ വാഴക്കുളം, പുളിംകുന്നു്, മുത്തോലി, ചെത്തിപ്പുഴ, പള്ളിപ്പുറം, ക്രനമ്മാവു്, കുഝനാട്ടു്, ചമ്പക്കുളം, ആലുവാ, കറുകുററി, ഇങ്ങനെ ൧൧ കൊവേന്തകൾ തിരുവിതാംകൂറിലും, എൽത്തുരുത്തു്, അമ്പഴക്കാട്ടു്, തേവര ഇങ്ങനെ മൂന്നുകൊവേന്തകൾ കൊച്ചിയിലും, പാവർട്ടി, കടലുണ്ടി ഇങ്ങനെ രണ്ടു കൊവേന്തകൾ ബ്രിട്ടീഷ് മലബാറിലുമുണ്ടു്. ഇതിനും പുറമെ ആറു മിഷ്യൻസ്ഥാപനങ്ങളുമുണ്ടു്. അച്ചന്മാരുടെ ആകത്തുക ൧൫൮-ം സഹോദരന്മാരുടെതുക ൫൮-റ ആകുന്നു. ൧൮൯ ആണു് ഇതുവരെ സഭയിൽ മരിച്ചവരുടെ സംഖ്യ.

---

※ ചാവറയച്ചൻ വ്രതാനുഷ്ഠാനംചെയ്തതു് ബെൎണ്ണർദീനോസുമെത്രാനച്ചൻെറ പ്രതിനിധിയായി വന്ന മർസ്ലീനോസ് മിഷ്യനറിയുടെ സമക്ഷത്തിലാണു്. ആരംഭകന്മാരായ ൧൧ പേരെ സന്ന്യാസജീവിതക്രമം പരിചയിപ്പിച്ചതു് ഇ

അച്ചന്റെ സമക്ഷത്തിൽ പുളിങ്കുന്നു തോപ്പിൽ ഗീവറുഗീസച്ചൻ, ചമ്പക്കുളം പോത്രുക്കര കുര്യാക്കോസച്ചൻ (തോമ്മാമല്പാനച്ചന്റെ അനുജൻ) അതിരമ്പുഴ കൊച്ചുപുരയ്ക്കൽ കുര്യച്ചൻ, ഉാലം പുത്തൻപള്ളി മുഞ്ഞനാട്ടു മത്തായി അച്ചൻ, പാലാ കളപ്പുരയ്ക്കൽ മത്തായി അച്ചൻ, കൈനകരി വല്യാറ യാക്കോച്ചൻ, ഉാലം പുത്തൻപള്ളി കണിയാരകത്തു മാണിയച്ചൻ, പള്ളിപ്പുറത്തു പാലയ്ക്കൽ കുര്യച്ചൻ, പാലാ കട്ടക്കയത്തു ചാണ്ടിയച്ചൻ, പുളിങ്കുന്നു കളത്തിൽ സ്കറിയാച്ചൻ ഇങ്ങനെ പത്തുപേരും യഥാവിധി വ്രതാനുഷ്ഠാനം ചെയ്തു. ഇപ്രകാരം നിയമദൃഷ്ട്യാ സംജാതമായ അഭിനവസഭയുടെ പ്രഥമ പ്രിയോരായി ചാവറയച്ചൻതന്നെ നിയമിതനായി എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. മെത്രാപ്പോലീത്തായുടെ ശുപാശ അനുസരിച്ചു ൧൮൬൦-ൽ റോമായിൽ കൂടിയ കർമ്മലീത്താ ഒന്നാംസഭയുടെ പൊതുസംഘം അതിന്റെ ഒരു മൂന്നാംസഭയായി ഈ ചെറുസഭയെ സ്വീകരിക്കുകയും ചെയ്തു. ഈ വിവരം മെത്രാപ്പോലീത്താ ൧൮൬൧-ൽ ഒരു കത്തുമൂലം ചാവറ പ്രിയോരച്ചനെ അറിവിച്ചു. അപ്പോൾ തുടങ്ങിയാണു ക. നി. മൂ. (കർമ്മലീത്താ നിഷ്പാദുക മൂന്നാം) സഭ എന്ന പേരു ഇതിനു ലഭിച്ചതു്. അന്നുമുതൽ ഒന്നാംസഭയുടെ ജനറാളിന്റെ പ്രതിനിധി എന്ന നിലയിൽ വരാപ്പുഴ വികാരി അപ്പസ്തോലിക്കാമാരായിരുന്നു സഭയുടെ പൊതുശ്രേഷ്ഠന്മാർ. ൧൮൮൭-ൽ സഭയെ മെത്രാന്മാരുടെ അധികാരത്തിൽ നിന്നും വിടർത്തി പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ കീഴിൽ ആക്കി. തൽഫലമായി ദലഗാദപ്പൊസ്തോലിക്കാമാർ സഭയുടെ പൊതുശ്രേഷ്ഠന്മാരായി. ഇങ്ങനെ ശീമക്കാരുടെ ഭരണം ൧൮൯൬ വരെ നടന്നു.

---

ദ്ദേഹമാണ്. മഹാവിനീതനും സുശീലനുമായിരുന്ന ഇദ്ദേഹം ഇരുപതിൽപരം കൊല്ലങ്ങൾ പള്ളികളിൽ ചുററിസ്സഞ്ചരിച്ചു് ധ്യാനപ്രസംഗങ്ങൾകൊണ്ടും മററും ജനങ്ങളുടെ പുണ്യാഭിവൃദ്ധിക്കുവേണ്ടി പ്രയത്നിച്ചിരുന്നു. സുറിയാനിക്കാരെ ആത്മാർത്ഥമായി സ്നേഹിച്ചിരുന്ന ഇദ്ദേഹം ഒടുവിൽ വരാപ്പുഴ സഹായമെത്രാനും സുറിയാനിക്കാരുടെ പ്രത്യേകമെത്രാനുമായി നിയമിക്കപ്പെട്ടു. സുറിയാനിമെത്രാന്മാരെ ലഭിക്കുന്നതിനുള്ള വഴിതെളിക്കുവാൻ മെത്രാന്റെ നിലയിൽ വളരെ സഹായിച്ചിട്ടുള്ള ഇദ്ദേഹം 1892-ൽ പരലോകപ്രാപ്തനായി.

സഭയുടെ നിയമത്തിലുണ്ടായ ചില മാററങ്ങൾ നിമിത്തം 1902 മുതൽ സഭയിൽനിന്നും ഒരാൾ പ്രിയോർ ജനറാളായി തെരഞ്ഞെടുക്കപ്പെട്ടു. കട്ടക്കയത്തിൽ വലിയ ചാണ്ടിയച്ചനായിരുന്നു ഇങ്ങനെ ആദ്യമായി തെരഞ്ഞെടുക്കപ്പെട്ടയാൾ. ഈ പതിവു



ആദ്യവ്രതാനുഷ്ഠായികൾ.


ഇരിക്കുന്നവർ ഇടത്തുനിന്നു: പാറപ്പുറത്തു വക്കിയച്ചൻ; കട്ടക്കയത്തു വലിയ ചാണ്ടിയച്ചൻ; കളത്തിൽ സ്കറിയാച്ചൻ; നില്ക്കുന്നവർ ഇടത്തുനിന്നു; പാലാക്കുന്നേൽ ചാക്കോച്ചൻ; തോപ്പിൽ ചാണ്ടപ്പിള്ളയച്ചൻ; ൧൮൫൫—ൽ നിയമദൃഷ്ട്യാ സഭ സംജാതമായപ്പോൾ വക്കിയച്ചനും ചാണ്ടപ്പിള്ളയച്ചനും, ശെമ്മാശ്ശന്മാരും, ചാക്കോച്ചൻ ഒരു യോഗാർത്ഥിബാലനുമായിരുന്നു.

അനുസരിച്ചു ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു. ആ കഥ ഇവിടെ നില്ക്കട്ടെ. നമ്മുടെ കഥാനായകൻ പ്രിയോരായി നിയമിക്കപ്പെട്ട തോടുകൂടി പുതിയസഭയുടെ അഭിവൃദ്ധിയെ ലാക്കാക്കി പൂർവ്വാധികം പ്രയത്നിപ്പാൻതുടങ്ങി. ഇദ്ദേഹം ൧൮൫൫ മുതല്ക്കു സ്വന്ത സമ്പാദ്യം മുഴവൻ സഭയുടെ അഭ്യുന്നതിക്കുവേണ്ടി വിനിയോഗിച്ചിരുന്നു എന്നുള്ളതും ഈ അവസരത്തിൽ സ്മർത്തവ്യമാണ്. ക്രൂനമ്മാവ്, വാഴക്കുളം, എൽത്തുരുത്ത്, പുളിംകുന്ന്, അമ്പഴക്കാട്ട് എന്നീ ആശ്രമങ്ങൾ ഇദ്ദേഹത്തിന്റെ കാലത്താണു സ്ഥാപിക്കപ്പെട്ടതു്. സന്യാസികളുടെ എണ്ണവും ഗണ്യമായ വിധത്തിൽ ഇദ്ദേഹം വർദ്ധിപ്പിക്കാതിരുന്നില്ല. എന്നാൽ പള്ളികളിൽ ചുററിനടന്നു പൊതുജനങ്ങളുടെ ആത്മാഭിവൃദ്ധിക്കുവേണ്ടി പരിശ്രമിക്കുന്നതിൽ ഇവയൊന്നും ബാധകമായിരുന്നില്ലെന്നുള്ള വസ്തുതയും വിശിഷ്യാ പ്രസ്താവിക്കേണ്ടതുണ്ട്. ഇപ്രകാരം സഭയുടെയും പൊതുജനങ്ങളുടെയും അഭ്യുന്നതിക്കുവേണ്ടി നിരന്തരമായി പ്രയത്നിച്ചുകൊണ്ടുവരവെയാണ് ഈ മഹാത്മാവിന്റെ ജ്ഞാനം, വിവേകം സർവ്വോപരി തിരുസിംഹാസനത്തോടുള്ള അചഞ്ചലമായ വിശ്വാസ ഭക്ത്യാദരങ്ങൾ ഇവയെ ഉരച്ചുനോക്കുന്ന ഒരു ചാണയായി കുപ്രസിദ്ധമായ റോക്കോസ് ശീശ്മ കേരളത്തിൽ ആവിർഭവിച്ചതു്.

## ശിശ്മക്കെതിരായിട്ടുള്ള പോരാട്ടം.

ബാബേൽ പത്രിയർക്കീസിന്റെ അനുവാദത്തോടുകൂടെ തോമ്മാ റോക്കോസ് എന്നൊരു മെത്രാൻ ൧൮൬൧ മെയ് മാസത്തിൽ കൊച്ചിയിൽ വന്നിറങ്ങി. റോക്കോസിന്റെ ആഗമനത്തിനു രണ്ടു മാസം മുമ്പുതന്നെ ആരും ഈ ശീശ്മമെത്രാനു വിധേയരാകുവാൻ പാടില്ലെന്ന്, മാന്നാനം അച്ചടിശാലയിൽനിന്നും ഒരു പരസ്യം മൂലം കുര്യാക്കോസ് പ്രിയോരച്ചൻ എല്ലാ പള്ളിക്കാരെയും അറിയിക്കാതിരുന്നില്ല. (അതിന്റെ ശരിപകർപ്പ് അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്) എങ്കിലും സ്വന്ത റീത്തുകാരനായ ഒരു മെത്രാനെ ലഭിച്ചു എന്നുള്ള അഭിമാനത്തള്ളലാൽ മതിമറന്നു ഭൂരിപക്ഷം പള്ളികളും

റോക്കോസിനു കീഴ്പ്പെട്ടുകയാണുണ്ടായതു്. കാട്ടുതീപോലെ നാട്ടിൽ പടൎന്നുപിടിച്ച ശീശ്മാഗ്നിയുടെ ഊഷ്മാവേററു അവശനായ മെത്രാപ്പോലീത്താ ഒരൊററമൂലിപ്രയോഗംകൊണ്ടു് ഈ ശീശ്മത്തീയ് കെടുത്തുവാൻ പ്രേരിതനായി. ഒരു നാട്ടുമെത്രാനെ കിട്ടിയാൽജനങ്ങൾ തൃപ്തിപ്പെട്ടുമെന്നു കരുതി, കുൎയ്യാക്കോസച്ചനെ മെ



൧൮൫൫-ൽ നടന്ന സന്യാസവ്രതാനുഷ്ഠാനത്തിൻെറ
കനക ജൂബിലി സ്മാരകച്ചാപ്പൽ.

മാന്നാനം കുന്നിൽ ആദ്യകാലത്തു കെട്ടിടപ്പണി നടന്നുകൊണ്ടിരുന്നപ്പോൾ തല്ക്കാലത്തെ ആവശ്യത്തിന് പണിയിച്ച ഒരു ചാപ്പലിൻെറ സ്ഥാനത്താണ് ഈ ചാപ്പൽ പണിയിച്ചിരിക്കുന്നതു്.

ത്രാനാകുവാൻ അദ്ദേഹം തീർച്ചപ്പെടുത്തിയെങ്കിലും നമ്മുടെ സ്ലേഷ്മ പുരുഷനാകട്ടെ തൻെറ അഗാധമായ വിനയംനിമിത്തം ഈസ്ഥാനമാനാദികളിൽനിന്ന് ഒഴിഞ്ഞുമാറുകയാണുണ്ടായത്. ഈ സംഗതി അന്നും ഏറെയാരും അറിഞ്ഞിരുന്നില്ല. അതിനാൽ ഉടനെ തന്നെ, അതായത് റോക്കോസ വന്നതിൻെറ പിറെറ മാസത്തിൽ, സുറിയാനിക്കാരിൽനിന്ന ഒരാൾ അധികാരിയായാൽ·അവരെ നിയന്ത്രിക്കുന്നതിനും സ്വാധീനപ്പെടുത്തുന്നതിനും സൌകൎയ്യക്കൂടുതലുണ്ടെന്നുകണ്ട് കുൎയ്യാക്കോസച്ചനെ സുറിയാനി സമൂഹത്തിൻെറ വികാരി ജനറാളായി, പ്രത്യേകാധികാരങ്ങൾ നൽകിക്കൊണ്ടു മെത്രാപ്പോലീത്താ നിയമിച്ചു. * ഈ നിലയിൽ സന്ദർഭോചിതമായി ഇദ്ദേഹം നടത്തിയ വിവിധ കൃത്യങ്ങൾകൊണ്ടും മുമ്പേ തന്നെ ഇദ്ദേഹത്തിനു കേരളത്തിൽ പൊതുവേയുണ്ടായിരുന്ന

---

* അധികാരപത്രത്തിൻെറ ശരിപകൎപ്പ്.

ചാവറ കുൎയ്യാക്കോസ് ഏലിയാച്ചന്.

നാം മലയാളത്തിൻെറ വിഗാരി അപ്പസ്തോലിക്കാ ആയ ഫ്രെബർണദ് ടീണോസു ദെസാന്ത ത്രെസ്യാ പർസ്സാല്യയുടെ മെത്രാപ്പൊലീത്താ എഴുത്ത.

നമ്മുടെ സ്നേഹപ്പെട്ട മാന്നാനത്തു കൊവെന്ത മുതലായ കൊവെന്തകളുടെ പ്രിയോരു ചാവറെ പെ. ബെ. കുറിയാക്കൊസു കത്തനാരു കണ്ടന്നാൽ. പല കാലങ്ങളിൽആയിട്ടു നമ്മുടെ കീഴുള്ള പള്ളികളിൽ അടങ്ങിവരുന്ന ക്രീസ്തുവരെ ഭരിക്കുന്നതിൽനിന്നുള്ള പ്രയാസത്താലും നമ്മുടെ വയസ്സിൻെറ അധികത്വത്താലും ക്ഷീണവും സ്വസ്ഥാനക്കേടും ഭവിച്ചിരിക്കുന്നതും കൂടാതെ നമ്മുടെ ഭരിപ്പിൽനിന്ന പട്ടസുഖക്കാൎക്കും മററുള്ള അൽമേനികൾക്കും അവരുടെ ആത്മഗുണത്തിന്നടുത്ത ഫലം ഉണ്ടായികാണ്മാനില്ലാത്തതിനാലും ഇപ്പഴത്തെ സങ്ങതികളാലും ദിഷ്ടതിയായിരുന്നാൽ ഒരു വിഗാരിജരാളിനെ നിശ്ചയിച്ചു നടത്തിവക്കുന്നതിന്ന ശുദ്ധ:– ത്രന്തോസ്യസ്സൂനഹദൊസ അനുവദിച്ചിരിക്കുന്നതിൻവണ്ണം വെണ്ടുന്ന സ്ഥൈൎയ്യവും മിടുക്കും ബൊധജ്ഞാനവും പുണ്യവ്യാപാ

രവും തനിയ്ക്കുണ്ടെന്നു നാം ബോധിച്ച നമ്മുടെ കീഴ മലയാളത്തിലുള്ള സുറിയാനി പള്ളികളിൽ അടങ്ങിയിരിയ്ക്കുന്ന പട്ടക്കാരരുടെയും അൽമെനികളുടെയും ആത്മപരിപാലനം ചെയ്ത അവരെ ഭരിയ്ക്കുന്നതിന്നു വിഗാരിജരാളായിട്ടു തന്നെ നാം കല്പിച്ച ശുദ്ധ:-



വന്ദ്യനായ കട്ടക്കയത്തിൽ വലിയ ചാണ്ടിയച്ചൻ.

ഇദ്ദേഹമാണ് സഭയിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രഥമ പ്രിയോർ ജനറാൾ. ഇദ്ദേഹത്തിൻെറ പ്രസംഗധ്വനി മുഴങ്ങാത്ത പള്ളികൾ കേരളത്തിലില്ല. റോക്കോസുശീശ്മയുടെ കാലത്ത് ഇദ്ദേഹത്തിൻെറ പ്രവർത്തനരംഗം ത്രിശ്ശൂരായിരുന്നു. ഒല്ലൂർ ആദിയായ വടക്കൻ പള്ളികൾ ശീശ്മ

പള്ളി ആകമാനമായിട്ടു അനുവദിച്ചിട്ടുള്ള മുഷ്കരത്താങ്ങളും അനുവാദങ്ങളുംകൂടാതെ പ്രത്യേകമായിട്ടുള്ളതിൽ തനിയ്ക്കു നാം എഴുത്താലെ തരുമെന്ന ക്രമകടലാസ്സിൽ പറയുന്ന അനുവാദങ്ങളും മുഷ്കരത്താങ്ങളുംകൂടെ തനിയ്ക്കു നാം തന്നിരിക്കുന്നു. എന്നതുകൊണ്ടു മേലെഴുതിയപ്രകാരം നമ്മുടെ കീഴുള്ള സുറിയാനി പള്ളികളിൽ അടങ്ങിയിരിയ്ക്കുന്ന പട്ടക്കാരരുടെയും ശെഷം ജനങ്ങളുടെയും ആത്മപരിപാലനം ചെയ്ത ആ പള്ളികളെ ഭരിപ്പാൻ വെണ്ടുന്ന ദൈവമനഗ്രഹം തനിയ്ക്കുണ്ടാകുവാൻ ഉടയതംപുരാനൊടു നാം പ്രാർത്ഥിയ്ക്കുന്നു.

ഇതു വരാപ്പുഴെനിന്നും ൧൮൬൯-ാം കാലം മിഥുനമാസം ൮-ാംനു.

Fr. Bernardinus a S. Teresia Archip: Vic: Ap:
Pater Thomas Guianar Secrtus.

*N.B. Kept in Archives,*
*Amplacat Monastery.*

---

യിൽ വീഴാതെ സൂക്ഷിക്കുന്നതിനു ബെർണ്ണർദീനോസ് മെത്രാപ്പോലീത്താ ഇദ്ദേഹത്തെയാണു നിയമിച്ചത്. ഇദ്ദേഹത്തിൻെറ പ്രയത്നം ആശിച്ചതുപോലെ ഫലപ്രദമായില്ല. എന്നു തന്നെയല്ല ശീശ്മക്കക്ഷിക്കാർ ഇദ്ദേഹത്തെ വളരെ ഉപദ്രവിക്കയുംചെയ്തു. ഉപദ്രവം ദുസ്സഹമായിത്തീർന്നപ്പോൾ കൊച്ചി ദിവാൻ തോട്ടക്കാട്ടു ശങ്കുണ്ണി മേനവൻെറയും ത്രിശ്ശൂർ പേഷ്ക്കാരുടെയും പക്കൽ ഹർജി ബോധിപ്പിച്ചതിൻെറ ഫലമായി ഉപദ്രവകാരികളെ പേഷ്ക്കാർ വരുത്തിശാസിക്കയും അവരിൽ പ്രധാനിയായ ഒരച്ചനെ ൨൦൦ രൂപാ ജാമ്യത്തിൽ വിട്ടയയ്ക്കുകയും ചെയ്തു. ഇതുകൊണ്ടും ഉപദ്രവം തീരെ ശമിച്ചില്ല. ശീശ്മക്കക്ഷിയുടെ കൈയ് പൊങ്ങിയപ്പോൾ അവർ റോക്കോസു മെത്രാനെ കൊച്ചിയിൽനിന്നും സാഘോഷം തൈക്കാട്ടുശേരി പള്ളിയിൽ കൊണ്ടുപോയി പാർപ്പിച്ചു. ഉടനെ അവിടെ കൂടിയ ഒരു യോഗത്തിൽ ഇദ്ദേഹത്തിൻെറ ചെലവിനായി എല്ലാപ്പള്ളിക്കാരും ഒരാണ്ടത്തെ വരവു പാറായിൽ അയ്യനാട്ടു അവിരാത്തരകനെ ഏൾപ്പിക്കണമെന്നു ഒരു നിശ്ചയവും പാസ്സാക്കി. എങ്കിലും ൧൮൬൧ നവംബറിൽ റോക്കോസു മെത്രാനു വരാപ്പുഴ മെത്രാപ്പോലീത്താ മഹറോൻ ശിക്ഷ നൽകിയതോടുകൂടി അദ്ദേഹം പശ്ചാത്തപിക്കുകയും ചാവറയച്ചൻ അദ്ദേഹത്തെ ചെന്നുകണ്ടു ഇവിടംവിട്ടുപോകണമെന്നു പറഞ്ഞപ്പോൾ യാത്രച്ചെലവിനുള്ളപണം കിട്ടിയാൽ പോകാമെന്നു പറയുകയുംചെയ്തു. അങ്ങനെ ൧൮൬൨ മാർച്ചുമാസത്തിൽ അദ്ദേഹം കൊച്ചിയിൽനിന്നും ബാഗ്ദാദിലേയ്ക്കു കപ്പൽ കയറി.

സ്വാധീനശക്തികൊണ്ടുമാണ് കുറേയെങ്കിലും പള്ളികൾ ശിശ്മ യിൽ നിപതിക്കാതിരുന്നതു്. ശങ്കുണ്ണിമേനോൻ പേഷ്കാരെക്കൊണ്ടു് നിരോധന ഉത്തരവ് അയപ്പിച്ചു ഉത്തരതിരുവിതാംകൂറിൽ നിന്നും റോക്കോസിനെ തുരത്തിവിട്ടതും ഇദ്ദേഹംതന്നെ. ഇങ്ങനെ ശിശ്മയ്ക്കു വിരോധമായി സ്വന്തം ജീവനെപ്പോലും അപകടത്തിലാക്കി ധീരധീരം നടത്തിയ പോരാട്ടത്തെ അഭിനന്ദിച്ചു ഒൻപതാം പീയൂസ് മാർപ്പാപ്പാ സ്വന്തം കൈപ്പടയിൽ ഒപ്പുവച്ച ഒരു സന്ദേശം ഇദ്ദേഹത്തിനു അയച്ചുകൊടുക്കുകയുണ്ടായി എന്നുള്ളതും പ്രത്യേകം വക്തവ്യമാണ്.

## മലങ്കരസഭയുടെ ഉദ്ധാരണം.

ഒരു രാജ്യവാസികൾ ഭിന്നിച്ചു പൌരയുദ്ധം നടത്തിയാൽ അവിടുത്തെ സ്ഥിതി എത്രമാത്രം അലങ്കോലപ്പെടുമെന്നും രാജ്യാഭിവൃദ്ധി എത്രത്തോളം അധഃപതിക്കുമെന്നും ഏറെക്കുറെ എല്ലാവക്കും അറിയാവുന്ന സംഗതിയാണല്ലൊ. ശിശ്മയാകുന്ന ആദ്ധ്യാത്മികയുദ്ധം നിമിത്തം മലങ്കരസഭയ്ക്കു നേരിട്ട കഷ്ടനഷ്ടങ്ങളും ഒട്ടും നിസ്സാരമായിരുന്നില്ല. ഇവയെ പരിഹരിക്കുന്നതിനു വികാരിജനറാളിൻെറ നിലയിൽ നമ്മുടെ കഥാപുരുഷൻ തീവ്രയത്നം തുടങ്ങി. പള്ളികളെല്ലാം സന്ദശിച്ചു. അവിടെയുണ്ടായിരുന്ന വഴക്കുകളും തക്കങ്ങളും പറഞ്ഞൊതുക്കി. പള്ളിയെ അനുബന്ധിച്ചു വേദപാഠശാലകൾ കാര്യക്ഷമമായി നടത്തുവാൻ ഏർപ്പാടുചെയ്തു. ധ്യാനപ്രസംഗങ്ങൾകൊണ്ടു ജനങ്ങളെ ആത്മീയചിന്തയും മതതൃഷ്ണയുമുള്ളവരാക്കി. പള്ളികളെല്ലാം നാലായി തിരിച്ചു് സഭാംഗങ്ങളായ നാലു അച്ചന്മാരുടെ മേൽനോട്ടത്തിലാക്കി. ചുരുക്കിപ്പറഞ്ഞാൽ ഇദ്ദേഹമാണ് മലങ്കരസഭയിൽ നഷ്ടീഭവിച്ച കത്തോലിക്കാചൈതന്യം പുനർജ്ജീവിപ്പിച്ചതു്. ഇപ്രകാരം പത്തൊൻപതാംനൂററാണ്ടിൽ മലങ്കരസഭയ്ക്കുണ്ടായിട്ടുള്ള പരിഷ്കാരത്തിനും അഭിവൃദ്ധിക്കും കാരണഭൂതൻ ഇദ്ദേഹമാകയാൽ പ്രസ്തുതസഭയുടെ ഭാവിശ്രേയസ്സിനു അടിസ്ഥാനമിട്ടതും ഇദ്ദേഹം തന്നെയെന്നു നിസ്സംശയം പറയാവുന്നതാണല്ലൊ.



നവസന്യാസാശ്രമം — അമ്പഴക്കാട്.

## ആരാധനക്രമപരിഷ്കാരം.

വികാരിജനറാൽ പൊതുപ്രിയോർ എന്നീ നിലകളിൽ വിവിധകൃത്യങ്ങളിൽ വ്യാപൃതനായിരിക്കെ ആരാധനക്രമം സംബന്ധിച്ചു കുര്യാക്കോസച്ചൻ ചെയ്തിട്ടുള്ള പ്രയത്നങ്ങൾ വിസ്മയനീയമെന്നേ പറയേണ്ടതുള്ളൂ. (1) പട്ടക്കാരുടെ കാനോനികജപങ്ങൾക്കു ഒരു ഐകരൂപ്യവും ഉണ്ടായിരുന്നില്ല. അതിനാൽ ഇവ പരിഷ്കരിച്ചു സംക്ഷേപമായി എഴുതുന്നതിന്, ഈ വീരപുരുഷൻെറ ഉത്സാഹത്താൽ ലെയോനാർദ് മെത്രാപ്പോലീത്താ * തിരുസിംഹാസനത്തിൽനിന്നും അനുവാദം വാങ്ങിക്കുകയുണ്ടായി. ഇദ്ദേഹം പല മല്പാന്മാരെയും ക്രുനമ്മാവു കൊവേന്തയിൽവരുത്തി അവരുമായി ആലോചിച്ച് സ്വന്തം കൈപ്പടയിൽ എഴുതി മുദ്രണം ചെയ്തിട്ടുള്ളതാണ് ഇപ്പോഴുള്ള കാനോനിക ജപപുസ്തകം. ഇതിനുമുമ്പ് കൈയെഴുത്തു പ്രതികൾ മാത്രമേയുണ്ടായിരുന്നുള്ളൂ. കുർബാന അർപ്പിക്കുന്നതിൽ ഏകരീതി പാലിപ്പാൻവേണ്ടി 'തുക്കാസാ' എന്ന പുസ്തകം എഴുതി അച്ചടിപ്പിച്ചതും ഇദ്ദേഹംതന്നെ. മരിച്ചവക്കുവേണ്ടിയുള്ള 'ഒപ്പീസ്' ക്രമപ്പെടുത്തിയതും പള്ളിപ്പഞ്ചാംഗം മലയാളത്തിൽ അടിപ്പിച്ചു നടപ്പിൽവരുത്തിതും, ദുഃഖശനിയാഴ്ചക്രമം ലത്തീനിൽനിന്നും സുറിയാനിയിലേക്കു വിവൎത്തനംചെയ്ത് റോമായിലെ അനുവാദപ്രകാരം കൊവേന്തപ്പള്ളികളിൽ ൧൮൬൬-ൽ ആദ്യംനടപ്പാക്കിയതും ഇദ്ദേഹമല്ലാതെ മററാരു

---


(1) "പ്രിയോരച്ചൻ ഈ ചുരുങ്ങിയ കാലംകൊണ്ട് എന്തെല്ലാം കാര്യങ്ങൾനടത്തി. എത്ര ആശ്ചര്യം! ഇങ്ങനെ ആരെക്കൊണ്ടുസാധിക്കും?" വന്ദ്യനായ കട്ടക്കയത്തിൽ വലിയചാണ്ടിയച്ചൻെറ പ്രസ്താവം.

* ബർണ്ണർദിനോസ് മെത്രാപ്പോലീത്തായുടെ അനന്തരഗാമിയായി ലെയോനാർദ് മെത്രാപ്പോലീത്താ നിയമിക്കപ്പെടുകയും തൻമൂലം ൧൮൬൮-ൽ സഭയുടെ പൊതുശ്രേഷ്ഠനായി തീരുകയുംചെയ്തു. കുര്യാക്കോസച്ചൻെറ ഉത്സാഹപ്രകാരം ഇദ്ദേഹമാണ് കാനോനികജപം പരിഷ്കരിക്കുവാൻ റോമായിൽനിന്നും അനുവാദം വാങ്ങിച്ചതു്. ഇദ്ദേഹം വത്തിക്കാൻ സൂനഹദോസിൽ സംബന്ധിക്കുന്നതിനായി ൧൮൬൯-ൽ റോമ്മായിക്കു പോയപ്പോൾ പത്രോസിൻെറ കാശായി സുറിയാനിപ്പള്ളികളിൽനിന്നു മുപ്പത്തിരായിരം രൂപയോളം ശേഖരിച്ച് മാർപ്പാപ്പായിക്കു തിരുമുൽക്കാഴ്ചവെയ്ക്കുകയുണ്ടായി.

മല്ല. കൊവേന്തപ്പള്ളികളിൽ നിന്നാണ് ഈ ക്രമം ഇടവകപ്പള്ളികളിലേക്കു സംക്രമിച്ചതു്. ഇദ്ദേഹത്തിൻെറ ഈദൃശകൃത്യങ്ങൾ മലങ്കര സഭാചരിത്രത്തിൽ തങ്കമഷിയിൽ അങ്കിതമാക്കുവാൻ അർഹതയുള്ളവയാണ്. ഇതിനായി സുറിയാനി ഹൈരാർക്കിപോലും ഇദ്ദേഹത്തിന് എത്രയോ കടപ്പെട്ടിരിക്കുന്നു!

## വിദ്വത്വം.

ഒരു നല്ല സാഹിത്യകാരൻ, ഒരു തികഞ്ഞ പണ്ഡിതൻ, ഒരു പ്രസംഗപടു എന്നീ നിലകളിൽ അനന്യസാധാരണമായി ശോഭിച്ച ഒരാളാണ് കുര്യാക്കോസച്ചൻ. മാതൃഭാഷയായ മലയാളത്തിനു പുറമെ തമിഴ്, . സംസ്കൃതം, സുറിയാനി, ലത്തീൻ, പോത്തുഗീസ്, ഇത്താലിയൻ എന്നീ ഭാഷകൾ ഇദ്ദേഹത്തിനു സ്വാധീനമായിരുന്നു. സുറിയാനി ലത്തീൻ ഭാഷകളിൽ ഇദ്ദേഹത്തിനു അഗാധജ്ഞാനമുണ്ടായിരുന്നു എന്നതിന് ഇദ്ദേഹം ലത്തീനിൽനിന്നു സുറിയാനിയിലേക്ക് വിവത്തനം ചെയ്തു വലിയ ശനിയാഴ്ച ക്രമം എന്ന പുസ്തകം ഒരുത്തമ സാക്ഷ്യമാണ്. ചെറുപ്പത്തിലെ ഇദ്ദേഹത്തിൽ ലാലസിച്ചിരുന്ന സാഹിത്യവാസന പരിപോഷിപ്പിക്കുവാൻവേണ്ടി പാലയ്ക്കൽ മല്പാനച്ചൻ ഇദ്ദേഹത്തെ ലത്തീൻ പഠിക്കുവാൻ വരാപ്പുഴ സെമ്മിനാരിയിലേയ്ക്കു് അയച്ചു. അന്നവിടെ ലത്തീൻ റീത്തിൽപെട്ട വിദ്യാത്ഥികൾ മാത്രമേ ഉണ്ടായിരുന്നുള്ളു. അവക്കു ഒരു സുറിയാനിക്കാരൻെറ ആഗമനം അരോചകമായി തോന്നിയതിനാൽ നമ്മുടെ ശെമ്മാശ്ശൻ അവിടംവിട്ടു പോകേണ്ടതായി വന്നു. പിന്നീടു തങ്കിപ്പള്ളിയിൽ പോയി അവിടുത്തെ വികാരിയച്ചനായ ഒരു പാതിരിയ്ക്കു ശിഷ്യപ്പെട്ടാണ് ലത്തീൻ കുറെയൊക്കെ പഠിച്ചതു്. സംസ്കൃതം വശമാക്കിയതു ഒരു വാരരെ വരുത്തിയാണ്. പല പദ്യകൃതികൾ ഇദ്ദേഹം രചിച്ചിട്ടുണ്ടു്. അവയെല്ലാം കൂട്ടിച്ചേത്തു മുദ്രണം ചെയ്യാൻ കരുതീട്ടുള്ളതിനാൽ അവയേപ്പററി ഇവിടെ വിവരിക്കുന്നില്ല. കാവ്യഗുണം കവിഞ്ഞൊഴുകുന്ന ഈ കൃതികളെപ്പററി സാഹിത്യമർമ്മജ്ഞനായ സി. അന്തപ്പായി പ്രത്യേകം പ്രശംസിച്ചിട്ടുണ്ടെന്നുള്ളതും പ്രസ്താവ്യ



വേദാന്തവിദ്യാർത്ഥിമന്ദിരം, ചെത്തിപ്പുഴ.


മാണ്. അദ്ദേഹം 'ആത്മാനുതാപം' എന്ന കൃതിയെപ്പററി ൧൯൦൨–ൽ "നസ്രാണിദീപിക"യിൽ പ്രസിദ്ധീകരിച്ച ഒരുവിമശ്ശനം അനുബന്ധത്തിൽ ചേൎത്തിട്ടുണ്ട്. അതിലേക്കു വായനക്കാരുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

കരിയാററിൽ മെത്രാപ്പോലീത്തായെപ്പോലെ സൎവ്വകലാശാലയിൽ പഠിച്ചു ബിരുദങ്ങൾ നേടി പണ്ഡിതപദം പ്രാപിച്ചിട്ടുള്ള ഒരാളല്ലായിരുന്നു നമ്മുടെ സ്വൎഗ്ഗപുരുഷൻ. ഇദ്ദേഹത്തിന്റെ കാലത്തു കേരളക്കരയിലുണ്ടായിരുന്ന സെമ്മിനാരികളിൽ ഇപ്പോഴത്തെപ്പോലെ വേദാന്തം, സന്മാൎഗ്ഗം എന്നീശാസ്ത്രങ്ങളിൽ ഉപരിജ്ഞാനം നൽകിയിരുന്നില്ല. വേദപുസ്തകമായിരുന്നു അന്നത്തെ പ്രധാനപാഠവിഷയം. അതിൽ ഇദ്ദേഹത്തിന്റെ ജ്ഞാനം വിസ്മയനീയമായിരുന്നു. വേദപുസ്തകം മുഴുവൻ മനഃപാഠമാക്കിയിരുന്നു എന്നുപറഞ്ഞാൽ വലിയ അതിശയോക്തിയില്ല. വേദാന്തം സന്മാൎഗ്ഗം എന്നീ ശാസ്ത്രങ്ങളിൽ അഗാധപാണ്ഡിത്യം സമ്പാദിച്ചു യൂറോപ്പിൽനിന്നും വന്നിരുന്ന മിഷ്യനറിമാർപോലും തദ്വിഷയങ്ങളിൽ ഇദ്ദേഹം പ്രദൎശിപ്പിച്ചിരുന്ന ജ്ഞാനത്തെപ്പററി വിസ്മയതന്ത്രരായിട്ടുണ്ട്. എത്ര ദുൎഘടങ്ങളായ കാൎയ്യങ്ങളായാലും അവയെ വിശകലനം ചെയ്തു സത്യാവസ്ഥ മനസ്സിലാക്കി വിധിപറയുവാൻ ഒരു പ്രത്യേക പാടവം ഇദ്ദേഹത്തിനുണ്ടായിരുന്നു. ഈ ജ്ഞാനമെല്ലാം ഇദ്ദേഹത്തിനു എവിടെനിന്നു ലഭിച്ചു എന്നൊരു ചോദ്യം സ്വയമേ സംജാതമാകുന്നുണ്ടല്ലോ. കലാശാലയുടെ കവാടംപോലും കണ്ടിട്ടില്ലാത്ത വലിയത്രേസ്യാ പുണ്യവതി ഒരു മഹാ പണ്ഡിതയായിരുന്നു. തിരുസഭയാൽ അംഗീകൃതമായ പണ്ഡിതപ്പട്ടികയിൽ ഒരു സ്ഥാനം ലഭിക്കത്തക്ക പാണ്ഡിത്യമാണ് ഈ വിശുദ്ധക്കുണ്ടായിരുന്നത്. സാഹിത്യരസം തുളുമ്പുന്ന ലേഖനങ്ങൾകൊണ്ടു മാൎപ്പാപ്പാമാരെയും രാജാക്കന്മാരെയും സ്വാധീനപ്പെടുത്തിയ ഒരു മഹിളാമണിയാണു സിയന്നായിലെ വി. കത്രീനാ. കുട്ടിവായനപോലും വശമില്ലായിരുന്ന ഈ പുണ്യവതി പറഞ്ഞുകൊടുത്തു മററുള്ളവരെക്കൊണ്ടാണ് കത്തുകൾ എഴുതിച്ചിരുന്നത്. മാത്രമല്ല മതത്തോടൊട്ടു ബന്ധിച്ച രാഷ്ട്രീയകാൎയ്യങ്ങളിലും ഏൎപ്പെട്ടു അവയെ നിപുണ

മായി നടത്തി ലോകത്തെ വിസ്മയിപ്പിക്കയുംചെയ്തു. ഇവരിരുവക്കും എവിടെനിന്നു ഇത്രവിപുലമായ ജ്ഞാനംലഭിച്ചു? ഈ ഒരു പ്രതി ചോദ്യംകൊണ്ടു മാത്രമേ ആദ്യത്തെ ചോദ്യത്തിനു ഉത്തരംപറയു വാൻ സാധിക്കയുള്ളു. പോരെങ്കിൽ "നിങ്ങളൊ ദൈവത്തി ൻെറ രാജ്യം അന്വേഷിപ്പിൻ; അപ്പോൾ ഇവയെല്ലാംകൂടി ചേ ത്തു നിങ്ങൾക്കു തരപ്പെടും" എന്നൊരു വേദോക്തിയുമുണ്ടല്ലൊ.

മലങ്കരസുറിയാനിക്കാരുടെ വികാരിജനറാൾ എന്ന നില യിൽ കുയ്യാക്കോസച്ചൻ സന്ദശിക്കാത്ത പള്ളികൾ കേരളത്തിൽ ഉണ്ടായിരുന്നു എന്നു തോന്നുന്നില്ല. അദ്ദേഹം സന്ദശിച്ച പള്ളി കളിൽ പ്രസംഗം ചെയ്യാനും ഏറെക്കുറെ ആവശ്യമായിരുന്നല്ലോ. അതിനാൽ നമ്മുടെ കഥാനായകനു കേരളപ്രസംഗി എന്ന നാമം കൊടുക്കുന്നതിൽ അസാംഗത്യമില്ല. മാത്രമല്ല ശ്രോതാക്കളെ വശീ കരിക്കത്തക്ക വചോവിലാസം, ഉദ്ദിഷ്ടകാൎയ്യത്തെപ്പററി ഉത്തേജക മായി പ്രസംഗിക്കുവാനുള്ള പാടവം, ആരേയും ആകഷിക്കുന്ന സ്വര മാധുരി ഇവയെല്ലാം ഒത്തിണങ്ങിട്ടുള്ള ഈ മഹാൻെറ ഗുണഗ ണങ്ങളെപ്പററി പൎയ്യാലോചിക്കുമ്പോൾ ഈ നാമം ഇദ്ദേഹത്തിനു സൎവ്വഥാ അന്വൎത്ഥമാണെന്നും കാണാം. ഇതിനെ ഉദാഹരിക്കുന്ന ഒരു സംഭവം പറയാം: വിഖ്യാതനും മഹാ ഭക്തനുമായിരുന്ന ബസ്സേർലിനോസ് മെത്രാപ്പോലീത്താ ൧൮൭൭ സെപ്റ്റംബർ ൧൫-ാംനു- കാലധമ്മം പ്രാപിക്കുകയുണ്ടായി. ചരമപ്രസംഗം ചെ യ്യുവാൻ ഒരു പ്രസംഗപടുവെന്നു കീത്തിപ്പെട്ട മർസ്സിനോസ് മി ഷ്യനറിയെയാണ് നിശ്ചയിച്ചിരുന്നതു്. എന്നാൽ അദ്ദേഹം തക്ക സമയത്തു വന്നുചേരാതിരുന്നതിനാൽ ലത്തീൻ റീത്തിൻെറ വികാ രിജനറാളായ പീലിപ്പോസു മിഷ്യനറി സുറിയാനി റീത്തിൻെറ വികാരിജനറാൾ കുയ്യാക്കോസച്ചൻെറ പക്കൽ അടുത്തു് "അച്ചാ, ഇപ്പോൾ ഞങ്ങളെ സഹായിക്കണം. അച്ചൻതന്നെ പ്രസംഗം പറയണം" എന്നു യാചിച്ചു. അപ്പോൾ "വയസ്സന്മാരെ ഇങ്ങനെ ബുദ്ധിമുട്ടിച്ചാലെങ്ങനെയാണ് ഒന്നും ഒരുങ്ങിട്ടില്ലല്ലോ." എന്നു ആ യാചനയെ കുയ്യാക്കോസച്ചൻ നിഷേധിച്ചു. എങ്കിലും നിബ്ബ ന്ധംകൊണ്ടു് സമ്മതിച്ചു പ്രസംഗപീഠത്തിൽകയറി ഒരു പ്രസംഗം

ചെയ്തു. ശ്രോതാക്കളെ കണ്ണീരിൽ ആറാടിച്ച ആ പ്രസംഗത്തെപ്പററിയുള്ള പ്രശംസാധ്വനി ഇപ്പോഴും മാറെറാലിക്കൊള്ളുന്നു. ചില വയോവൃദ്ധന്മാരായ വൈദികരുടെ മുഖത്തുനിന്നും ഇതിനെപ്പററി കേൾപ്പാൻ ഈ എഴുത്തുകാരനു പലപ്പോഴും ഇടയായിട്ടുണ്ട്. കുര്യാക്കോസച്ചനു മല്പാൻപട്ടം നൽകിയ ഫ്രാൻസിസ് ശവരിയാർ മെത്രാപ്പോലീത്താ ൧൮൪൪-ൽ വരാപ്പുഴവെച്ച് ദേഹവിയോഗം ചെയ്തു. അദ്ദേഹത്തിൻെറ ചരമപ്രസംഗം ചെയ്തതും നമ്മുടെ കഥാനായകനായിരുന്നു.



കന്യകാമഠം, കൂനമ്മാവ്.

നാലുപേരായിരുന്നു ഈ മഠത്തിലെ ആദിമനിവാസികൾ. ഇവൎക്കു തല്ക്കാലത്തേയ്ക്കു ആവശ്യപ്പെട്ടവയെല്ലാം കൊവേന്തയിൽ നിന്നാണു കൊടുത്തതു്. കൊവേന്ത നഷ്ടപ്പെട്ട അവസരത്തിൽ ഈ മഠവും സുറിയാനിക്കാൎക്കു നഷ്ടീഭവിക്കേണ്ടതായിരുന്നു. ലെയോപ്പോൾഡ് മിഷ്യനറി കാൎയ്യവശാൽ കുര്യാക്കോസച്ചനു അയച്ച ഒരു കത്തിൽ മഠംപണി സുറിയാനിക്കാരുടെ പണംകൊണ്ടു മാത്രം നടത്തിയതാണെന്നു പ്രസ്താവിച്ചിരുന്നു. മഠ

## മഠസ്ഥാപനം.

ആത്മികവും ലൌകികവുമായി നടത്താനുണ്ടായിരുന്ന ഗുരുതരങ്ങളായ വിവിധകാൎയ്യങ്ങളെ നിർവിഘ്നം നിർവ്വഹിക്കുവാൻവേണ്ടി സ്വൎഗ്ഗപുരുഷൻ മാന്നാനം കൊവേന്തയിൽനിന്നും കൂനമ്മാവു കൊവേന്തയിൽ ൧൮൬൪-ൽ പോയി താമസിച്ചു. ഈ അവസരത്തിലാണു ൧൮൬൬-ൽ പെൺപൈതങ്ങളുടെ ഗുണാഭിവൃദ്ധിയെ ഉദ്ദേശിച്ചു അവൎക്കായി ഒരു കന്യകാമഠം കൂനമ്മാവുങ്കൽ സ്ഥാപിച്ചതു്. ഇതിനുമുമ്പു ഈദൃശമായ ഒരു സ്ഥാപനം കേരളത്തിൽ ഉണ്ടായിരുന്നില്ല. ഇതിൻെറ ശരിയായ നടത്തിപ്പിലും ഇദ്ദേഹം ശ്രദ്ധാലുവായിരുന്നു. ഇതു പരമ്പു കുത്തിക്കെട്ടി മറച്ച ഒരു പുരയായിട്ടായിരുന്നു ആദ്യം ഉണ്ടാക്കിയതു്. സ്ത്രീകളുടെ ദീൎഘവാസത്തിനു ഇതു സുരക്ഷിതമല്ലെന്നുകണ്ടു ഒരു നല്ല കെട്ടിടം പണിയിക്കുന്നതിനുവേണ്ടി പിടിയരിഏൎപ്പാടു നടപ്പിലാക്കി. എന്നാൽ ആ വഴിക്കു പണം പിരിഞ്ഞുകിട്ടുവാൻ കാലദൈൎഘ്യം നേരിടുമെന്നുകരുതി ഇദ്ദേഹം തൻെറ ശിഷ്യന്മാൎക്കും പരിചിതന്മാൎക്കും കത്തുകളയച്ചു എട്ടു മാസക്കാലംകൊണ്ടു് എണ്ണായിരം രൂപാ പിരിച്ചെടുത്തു; പത്തുമാസംകൊണ്ടു് ഒരു രണ്ടുനില കെട്ടിടവും അതിനെ അനുബന്ധിച്ചു ഒരു മനോഹരമായ ചാപ്പലും പണികഴിപ്പിക്കുകയുംചെയ്തു. ഇത്ര ചുരുങ്ങിയകാലംകൊണ്ടു് ഇത്രവലിയ ഒരു തുക സമ്പാദിക്കാൻ ഇടയായതിൽ അന്നുള്ളവർ വിസ്മയതന്ത്രരായി. അക്കാലത്തു ഒരു രൂപാ കിട്ടണമെങ്കിൽ അഞ്ചുപറ നെല്ലു

---

ത്തെപ്പററി അവകാശവാദം തുടങ്ങിയപ്പോൾ പ്രസ്തുത കത്തു രേഖയായി എടുത്തു കാണിച്ചതുകൊണ്ടുമാത്രമാണു് ഈ മഠം ഇപ്പോഴും സുറിയാനിക്കാരുടെ കൈവശമിരിക്കുന്നതു്. കുൎയ്യാക്കോസച്ചൻ ആദ്യമായി നട്ടുപിടിപ്പിച്ച ഈ മഠത്തരു ശാഖോപശാഖകളായി വളൎന്നു് കേരളത്തിൻെറ നാനാഭാഗത്തും പടൎന്നു പിടിച്ചിരിക്കുന്നു. എറണാകുളം അതിരൂപതയിൽ ൧൨ മഠങ്ങളിലായി ൩൧൪ കന്യാസ്ത്രീകളും ചങ്ങനാശേരി രൂപതയിൽ ൧൩ മഠങ്ങളിലായി ൨൧൭ കന്യാസ്ത്രീകളും തൃശ്ശൂർ രൂപതയിൽ ൧൯ മഠങ്ങളിലായി ൩൪൯ കന്യാസ്ത്രീകളും ഇങ്ങനെ ആകെ ൪൦ മഠങ്ങളും വളരെ കന്യകകളും ഇപ്പോളുണ്ടു്. സുറിയാനി കൎമ്മലീത്താമഠങ്ങളെ മാത്രമെ ഇവിടെ പരിഗണിച്ചിട്ടുള്ളു.

കൊടുക്കേണ്ടിയിരുന്നു. തേങ്ങയാണെങ്കിൽ നൂറു കൊടുത്താലും ഒരു രൂപാ തികച്ചുകിട്ടിയിരുന്നില്ല. തേങ്ങാ ഒരു ചക്രത്തിനു നാലു വിലയായിരുന്നു. ഇതറിയുമ്പോളാണ് അന്നുള്ളവരുടെ വിസ്മയാ



ലെയോപ്പോൾഡ് മിഷ്യനറി.

ഇദ്ദേഹം ൧൮൫൮-ൽ മലയാളത്തുവന്നു. ആത്മീയ കാര്യങ്ങളിൽ അസാധാരണ ജ്ഞാനവും പരിചയവുമുണ്ടായിരുന്നതുകൊണ്ടു ക്രനമ്മാവു ങ്കലെ നവസന്യാസികളുടെ ഗുരുവായി നിയമിക്കപ്പെട്ടു. ഈ നിലയിൽ ഇദ്ദേഹം സഭയ്ക്കു ചെയ്തിട്ടുള്ള സഹായോപകാരങ്ങൾ എന്നെന്നും സ്മരിക്കത്തക്കവയാണ്. പിന്നീടു മെത്രാപ്പോലീത്തായുടെ പ്രതിപുരുഷനായി (ഡലഗാട്ട്) സഭയെ ഭരിച്ച ഇദ്ദേഹം സഭയോടും വിശിഷ്യ സുറിയാനിക്കാരോടും വളരെ സ്നേഹമുള്ള ആളായിരുന്നു. മൂന്നുമൂന്നു ആണ്ടുകൂടുമ്പോൾ സ്ഥലശ്രേഷ്ഠന്മാരെ പുതുതായി തെരഞ്ഞെടുക്കുന്ന ക്രമം ആദ്യമായി ഏർപ്പെടുത്തിയതു ഇദ്ദേഹമാണ്. ആത്മഗുരു എന്ന നിലയിൽ ചാവറയച്ചൻെറ ആന്തരികാവസ്ഥ മുഴുവൻ ഗ്രഹിച്ചിരുന്ന ഇദ്ദേഹം ചാവറയച്ചനെ ഒരു പുണ്യവാനായി കരുതിയിരുന്നു. ലെയോനാർദ്ദ് മെത്രാപ്പോലീത്തായുടെ സഹായകനായി ഇദ്ദേഹം വത്തിക്കാൻ സൂനഹദോസിൽ സംബന്ധിച്ചതിൻെറശേഷം വീണ്ടും കേരളത്തിൽ വന്നു സഭയുടെ അഭിവൃദ്ധിക്കായി വളരെ പ്രയത്നിക്കുകയുണ്ടായി.


ധിക്യം നാം മനസ്സിലാക്കുന്നതു്. എന്തിനു്? അന്നത്തേക്കാൾ സമ്പൽസമൃദ്ധമായ ഇന്നു ഇങ്ങനെ ഒരു തുക ഇത്ര എളുപ്പത്തിൽ ശേഖരിപ്പാൻ അത്ര എളുപ്പമാണോ? ഇതിൽനിന്നും നമ്മുടെ കഥാനായകൻെറ സ്വാധീനശക്തി എത്ര വലുതായിരുന്നു എന്നു മനസ്സിലാക്കാമല്ലോ. ഇപ്രകാരം മലങ്കരസുറിയാനിസഭയുടെ ഉദ്ഗതിയിൽ ഇദ്ദേഹത്തിൻെറ ബുദ്ധിചെല്ലാത്തതും കണ്ണെത്താത്തതുമായി ഏറെയൊന്നും ഉണ്ടായിരുന്നില്ലാ എന്നു ചുരുക്കിപ്പറവാനേ ഈ ലഘുഗ്രന്ഥത്തിൽ നിവൃത്തിയുള്ളു.

## മുദ്രാലയസ്ഥാപനം.

നമ്മുടെ കഥാനായകൻ മാന്നാനംകുന്നിൽ കാലൂന്നിയപ്പോൾതന്നെ അദ്ദേഹത്തിൻെറ മനോരാജ്യത്തിൽ വേരൂന്നിയതാണു മുദ്രാലയകാൎയ്യം. എന്നാൽ പണച്ചുരുക്കം തൻെറ അഭീഷ്ടസിദ്ധിക്കു ബാധകമായിരുന്നതിനാൽ ൧൮൪൪ മുതല്ക്കേ ഏതദ്വിഷയകമായി ഊൎജ്ജിതപ്രവൎത്തനം തുടങ്ങുവാൻ സാധിച്ചുള്ളു. ഒരു പ്രസ്സു കൊണ്ടു പൊതുജനങ്ങൾക്കു ഉണ്ടാകാവുന്ന പ്രയോജനങ്ങളെപ്പററിയുള്ള ധാരണ ഒന്നുമാത്രമാണു് വളരെ വളരെ കായക്ലേശം സഹിക്കാൻ ഇടയായ ഈ പ്രസ്ഥാനത്തിൽനിന്നും അദ്ദേഹത്തെ പിന്മാററാതിരുന്നതു്. ഇന്നത്തേപ്പോലെ വിദേശങ്ങളിൽനിന്നും ഒരു പ്രസ്സു വരുത്താനുള്ള ധനശക്തിയോ സൌകൎയ്യമോ അന്നുണ്ടായിരുന്നില്ല. അതിനാൽ ഒരു നാടൻപ്രസ്സാണു് അദ്ദേഹം ഉണ്ടാക്കിച്ചതു്. അച്ചടിയന്ത്രമെന്നു വെച്ചാൽ എന്തെന്നുപോലും നിശ്ചയമില്ലാതിരുന്ന ആ കാലത്തു് അതിനെപ്പററി ഒരു പ്രാഥമികജ്ഞാനമെങ്കിലുമില്ലാതെ ഒരു പ്രസ്സ് ഉണ്ടാക്കുവാൻ സാധിക്കയില്ലല്ലൊ. ആകയാൽ ആദ്യം കോട്ടയത്തു സി. എം. എസ്സ്. പ്രസ്സ് കാണ്മാൻ പോയി. അവിടെ പ്രവേശനം ലഭിക്കാതെ ഭഗ്നാശനായി തിരുവനന്തപുരത്തു ഗവമ്മേണ്ടുപ്രസ്സിൽചെല്ലുകയും അവിടത്തെ ചില കത്തോലിക്കരായ വേലക്കാരുടെ സഹായത്താൽ പ്രസ്സ് നടത്തിപ്പിനു അവശ്യജ്ഞേയങ്ങളായ ചില സംഗതികൾ മനസ്സിലാക്കി അവിടെനിന്നു മടങ്ങുകയും ചെയ്തു. അവിടെ കണ്ട പ്രസ്സി

ൻെറ ഒരു മാതൃക വേറൊരു വൈദികൻെറ സഹായത്തോടുകൂടി വാഴപ്പിണ്ടികൊണ്ടുണ്ടാക്കി ഒരാശാരിയെ കാണിച്ചു. ആ ആശാരി നിർമ്മിച്ച മരപ്രസ്സാണു മാന്നാനം അച്ചടിശാലയിലെ ഒന്നാമത്തെ പ്രസ്സ്. കോട്ടയം സി. എം. എസ്. പ്രസ്സിൽ ജോലിചെയ്തിരുന്ന ഒരു പാണ്ടിത്തട്ടാനാണു അക്ഷരം ചതുരവടിവിൽ വാർത്തുകൊടുത്തതു്. തിരുവനന്തപുരത്തു ഗവമ്മെണ്ടുപ്രസ്സിൽനിന്നും കുശ്ശൻ എന്നൊരാളെ പുസ്തകം അടിക്കുന്നതിനും ബോംബയിൽപോയി പഠിച്ചുവന്ന ഒരു കൊച്ചീക്കാരൻ യൂദനെ ബുക്കുബയിണ്ടിങ്ങിനും ഏല്പെടുത്തി. ഇവരിൽനിന്നും മാന്നാനംകാരായ ചിലർ ഈ കൈവേല അഭ്യസിക്കയും അങ്ങനെ പരമ്പരയായി അവർ പ്രശസ്തമായ രീതിയിൽ നടത്തിക്കൊണ്ടിരിക്കയും ചെയ്യുന്നു. തദനന്തരം കടലാസും മഷിയും ശേഖരിക്കാനുള്ള ശ്രമമായി. ഒരു ലത്തീൻപാതിരി മുഖേന മദ്രാസ് പുതുശ്ശേരി എന്നീ സ്ഥലങ്ങളിൽനിന്നു കടലാസും മഷിയും വരുത്താനുള്ള ശ്രമം വിഫലമായതിനാൽ ആലപ്പുഴ ഇലഞ്ഞിക്കൽ ചെറിയാൻ കുഞ്ഞു്, വൈക്കത്തുകാരൻ കൊച്ചുപൌലോസ് എന്നിവരുടെ സഹായത്താൽ കമ്മീശാ എന്നൊരു കച്ചിക്കാരനെക്കൊണ്ടു ആവശ്യപായിസ്സു കടലാസും മഷിയും ഈയവും വരുത്തുവാൻ ഏല്പാടുചെയ്തു. പറഞ്ഞേൽപ്പിച്ചതിൽ നാലിരട്ടി സാമാനങ്ങളാണു വന്നുചേൎന്നതു്. ഇത്രയേറെ സാമാനമെടുക്കുവാൻ പണമില്ലാതെ ആദ്യം കുറെ കുഴങ്ങി. ഒടുവിൽ കുര്യാക്കോസച്ചൻ, ആലപ്പുഴെ ചെന്നക്കാട്ടു തൊമ്മൻ എന്ന ആളിൻെറ അത്യുത്സാഹത്താൽ മുതലിച്ചുകിട്ടിയ ചിട്ടിപ്പണം മൂവായിരം ചക്രം കച്ചവടക്കാരനു രൊക്കം കൊടുത്തശേഷം ബാക്കി പണത്തിനു ചെന്നക്കാട്ടു തൊമ്മനെ ജാമ്യം നിറുത്തി. വന്നതിൽ പകുതി കടലാസും മഷിയും തിരിച്ചെടുത്തുകൊള്ളാമെന്നു കച്ചവടക്കാരനെക്കൊണ്ടു സമ്മതിപ്പിച്ചതും ചെന്നക്കാട്ടു തൊമ്മൻ തന്നെയായിരുന്നു. ൧൮൪൬ ജൂലായി മാസത്തിൽ ലൂദവിക്കോസ് മെത്രാപ്പോലീത്തായുടെ പരിശ്രമത്താൽ റസിഡണ്ട് കല്ലൻ സായ്പ് വഴി കൊട്ടാരത്തിൽനിന്നും അച്ചടിക്കുവാനുള്ള അനുവാദവും ലഭിച്ചു. 'ജ്ഞാനപീയൂഷ'മെന്ന പുസ്തകമാണ് ആദ്യം മുദ്രണം ചെയ്തതു്. ഇത്രയു

മൊക്കെയായിട്ടും നമ്മുടെ കഥാനായകൻെറ കഷ്ടപ്പാടുകളുടെ കാലം കഴിഞ്ഞില്ല. മുദ്രാലയവേലക്കാൎക്കു ശമ്പളംകൊടുത്തു ജോലി തുടൎന്നുകൊണ്ടു പോകുവാൻ പണമില്ലെന്നായി. വന്ന കടം വീട്ടുന്നതിനും മാൎഗ്ഗമൊന്നും കണ്ടില്ല. ഇങ്ങനെ ചിന്താമഗ്നനായിരിക്കയിൽ, മാർ യൌസേപ്പുപിതാവുതന്നെ ഏകാവലംബം എന്നു തീർച്ചപ്പെടുത്തി പള്ളിയിൽ കയറി ഉള്ളുനീറി പ്രാൎത്ഥിപ്പാൻ തുടങ്ങി. അപ്പോൾ ചേൎപ്പുങ്കൽ നെല്ലിപ്പുഴ ഇട്ടി എന്ന ധൎമ്മിഷ്ഠൻ പള്ളിയിൽ കയറി "അച്ചാ ഞാൻ അഞ്ഞൂറുചക്രം കൊണ്ടുവന്നിട്ടുണ്ട്. അളയച്ചാൽ ഇനി അഞ്ഞൂറുക്കൂടെ കൊടുത്തയക്കാം" എന്നു



മാന്നാനം സെൻറു ജോസഫ്സ് പ്രസ്സ്.


ഈ കെട്ടിടം മുപ്പതിനായിരം രൂപാ ചെലവുചെയ്തു ഫൻഫൎൽ പണി പൂൎത്തിയാക്കി. ഇതിനും പുറമെ, ഏൽത്തുരുത്തിലും തേവരയിലും ഓരോ മുദ്രാലയംകൂടെ സഭ വകയായിട്ടുണ്ട്.

കുര്യാക്കോസച്ചനെ ചിന്താവിമുക്തനാക്കി. ഇതു് യൌസേപ്പു പിതാവിൻെറ ഒരു പ്രത്യക്ഷസഹായമെന്നു നമ്മുടെ കഥാനായകനും കരുതി. അന്നത്തെ അഞ്ജൂറുചക്രം ഇന്നത്തെ നൂറുരൂപായ്ക്കു തുല്യമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ.

മാന്നാനം അച്ചടിശാലയിൽനിന്നും പുസ്തകങ്ങൾ അടിച്ചു വിടുന്നതിനു മുമ്പു മലയാളത്തിൽ പ്രാത്ഥനപ്പുസ്തകങ്ങളേ ഉണ്ടായിരുന്നില്ല. അന്നുള്ളവർ തമിഴപുസ്തകങ്ങളാണു് ഉപയോഗിച്ചിരുന്നതു്. ഈ അച്ചടിശാല തിരുവിതാംകൂറിൽ മൂന്നാമത്തേതും നാട്ടുകാരുടെ വക ഒന്നാമത്തേതുമാകുന്നു. കുര്യാക്കോസച്ചൻ പണിയിച്ച ആദ്യത്തെ മരപ്രസ്സ് ഇപ്പോൾ ഒരു നിക്ഷേപമെന്നോണം സൂക്ഷിക്കപ്പെട്ടുവരുന്നു. ഇദ്ദേഹത്തിൻെറ അനന്യാദൃശമായ വിദൂരദർശനം, നിസ്തുലമായ സഹനശക്തി, സർവ്വോപരി പ്രശംസനീയമായ സ്ഥിരോത്സാഹം ഇവയെ പ്രകീത്തിച്ചുകൊണ്ടിരിക്കുന്ന ഈ മുദ്രാലയം കൈരളീമുദ്രാലയങ്ങളുടെ നടുനായകമായി സത്യദീപസ്തംഭമായി മലങ്കരസഭയുടെ അലങ്കാരചിഹ്നമായി പരിലസിക്കുന്നു.

## നിർമ്മലജീവിതം.


വന്ദ്യപിതാവായ കുര്യാക്കോസച്ചൻെറ ബഹുമുഖങ്ങളായ ബാഹ്യകൃത്യങ്ങളെപ്പററിയാണല്ലോ ഇതഃപര്യന്തം പ്രതിപാദിച്ചതു്. ഇനി ഇദ്ദേഹത്തിൻെറ ആന്തരിക ജീവിതത്തെപ്പററി കുറഞ്ഞൊന്നു പ്രസ്താവിക്കാം. ഇദ്ദേഹവുമായി ഇടപെടുവാൻ സംഗതിയായിട്ടുള്ള പാശ്ചാത്യരും പൌരസ്ത്യരും ഒരുപോലെ മുക്തകണ്ഠം ഘോഷിക്കുന്ന ഒന്നാണു് ഇദ്ദേഹത്തിൻെറ പുണ്യസമ്പത്തി. ലൌകികനിലയിൽ ഇദ്ദേഹം വളരെ വളരെ വലിയ കാര്യങ്ങൾ നിർവ്വഹിച്ചിട്ടുണ്ടെന്നും അതിനുള്ള ബുദ്ധിസാമർത്ഥ്യം, പാണ്ഡിത്യം, കർമ്മകുശലത, വിവേകം ആദിയായ ഗുണഗണങ്ങൾ ഇദ്ദേഹത്തിനുണ്ടായിരുന്നു എന്നും നാം കണ്ടുകഴിഞ്ഞു. എന്നാൽ ഇവയൊക്കെ ഇദ്ദേഹത്തിൽ ശോഭിച്ചിരുന്ന വിശുദ്ധി എന്ന പുണ്യത്തോടു തുലനം ചെയ്യുമ്പോൾ നിസ്സാരകോടിയിൽ തള്ളാനേയുള്ളു.



ചാവറയച്ചൻ മരംകൊണ്ടുണ്ടാക്കിച്ച പ്രസ്സ്.

ആദ്യകാലങ്ങളിൽ ൧൮൪൬-ൽ അച്ചടി നടത്തിയിരുന്നതു ഈ പ്രസ്സിലായിരുന്നു. ഇതു ഇപ്പോഴും ഒരനർഘ നിക്ഷേപംപോലെ സൂക്ഷിക്കപ്പെട്ടുവരുന്നു.

അത്രയ്ക്കു വീരോചിതമായിരുന്ന ഇദ്ദേഹത്തിൽ പരിലസിച്ചിരുന്ന വിശുദ്ധി. ഈ പുണ്യത്തെ അന്യൂനം പരിരക്ഷിക്കത്തക്കവിധത്തിലായിരുന്ന ഇദ്ദേഹം ശരീരത്തിൻെറ സവ്വചേഷ്ടകളും സവ്വദാ നിയന്ത്രിച്ചിരുന്നത്. ഈ വന്ദ്യൻെറ ജീവിതംതന്നെ ദൈവസ്നേഹത്തിൻെറ അനുസ്യൂതമായ ഒരു പ്രകരണമായിരുന്ന എന്നു പറയാം. സ്നേഹത്തിൻെറ കൂദാശയായ വി. കുബ്ബാനയുടെ സന്നിധിയിൽ ഇദ്ദേഹത്തിൻെറ ദൈവസ്നേഹം ഉജ്ജ്വലമായിരുന്നു. ബാലപ്രായത്തിൽതന്നെ ഇദ്ദേഹത്തിൽ അങ്കുരിച്ചു തുടങ്ങിയതാണ് ഈ ഭക്തി. ആ പ്രായത്തിലും തിരുസഭ അനുവദിച്ചെടത്തോളം അടുത്തടുത്ത് ഇദ്ദേഹം ഈ ദിവ്യകൂദാശ സ്വീകരിച്ചിരുന്നു. ഈശോ മ്ശിഹായുടെ സാക്ഷാൽ സാന്നിദ്ധ്യം സത്യമായി വിശുദ്ധ 'കുർബാനയിൽ ഉണ്ടെന്നുള്ള ദൃഢവിശ്വാസം ഏതൊരു ആത്മാവിൽ രൂഢമൂലമായിരിക്കുന്നുവൊ ആ ആത്മാവ് പരിപൂണ്ണമായ സ്നേഹത്താൽ ഈ കൂദാശയുടെ നേക്കു ആകഷിക്കപ്പെടാതിരിക്കയില്ല. അതിനാൽ വിശുദ്ധന്മാർ എല്ലാവരും സ്നേഹം തന്നെയായ ഈ കൂദാശയുടെനേക്കു അത്യന്തം ഭക്തിയും സ്നേഹവും പ്രദശിപ്പിച്ചിരുന്നു. ഇവക്കു സ്വഗ്ഗം തന്നെയായിരുന്നു വി. കുർബാന. ഇതിനാലത്രെ വി. വലിയത്രേസ്യാ ഒരവസരത്തിൽ പ്രത്യക്ഷയായി "സ്വഗ്ഗത്തിൽ ഞങ്ങൾ അഭിമുഖമായും ഭൂമിയിൽ നിങ്ങൾ വിശ്വാസംകൊണ്ടും ആരാധിക്കുന്നതു ഒരേ ദിവ്യവസ്തുവിനെതന്നെയാണ്" എന്നു പ്രസ്താവിക്കാനിടയായതു്. വി. കുർബാനയിൽ സജീവമായ വിശ്വാസവും ഭക്തിയും കുഞ്ഞാക്കോസച്ചനിൽ വേരൂന്നിയിരുന്നതിനാൽ അവ ബാഹ്യമായി, പ്രത്യേകിച്ചു വി. കുർബാനയുടെ സന്നിധിയിൽവച്ച്, ചില സന്ദർഭങ്ങളിൽ പ്രത്യക്ഷപ്പെട്ടിരുന്നു. സ്വഗ്ഗത്തിലാണോ എന്നു തോന്നുമാറ് പല മണിക്കൂറുകൾ ധ്യാനപരവശനായി ഇദ്ദേഹം 'സക്രാരി'യുടെ മുമ്പിൽ സ്നേഹലീനനായി കാണപ്പെട്ടിട്ടുണ്ട്. "വിശുദ്ധ കുർബാനയുടെമുമ്പിൽ ഇദ്ദേഹത്തിൻെറ നില എത്രയും മനോഹരമായ ഒരു കാഴ്ചയായിരുന്നു" "മനുഷ്യനെന്നതിനേക്കാൾ 'മാലാകാ' എന്നു തോന്നിപ്പോകും" എന്നുംമററുമാണ് തൽസംബന്ധമായി ദൃക്സാ



മാന്നാനം ഹൈസ്കൂൾ.

ഈ സ്കൂൾ ൧൮൮൫-ൽ സ്ഥാപിച്ചു. മലങ്കരസുറിയാനിക്കാരുടെ ആദ്യത്തെ ഇംഗ്ലീഷ് സ്കൂളാണിതു്. ഈ സ്കൂളിൽ ഇപ്പോൾ നാനൂറു വിദ്യാർത്ഥികളുണ്ടു്. ഇതിനോടനുബന്ധിച്ചുള്ള ബോർഡിങ്ങ് വിദ്യാർത്ഥികളുടെ

ക്ഷികൾ പ്രസ്താവിക്കുന്നത്. ദിവ്യപൂജ അർപ്പിക്കുന്ന സമയത്ത് ഇദ്ദേഹത്തിൻെറ ഭക്തിതീക്ഷ്ണതയും വിശ്വാസദാർഢ്യവും സവിശേഷം ശോഭിച്ചിരുന്നു. അപ്പോൾ അതിൽ സംബന്ധിച്ചിരുന്നവരെ ഭക്തിവിശ്വാസഭരിതരാക്കുവാൻ പര്യാപ്തമായ ഒരു നിലയായിരുന്നു ഇദ്ദേഹം അവലംബിച്ചിരുന്നതെന്നു കേൾക്കുമ്പോൾ ആർക്കാണ് വിസ്മയം തോന്നാത്തത്? ഈ ദിവ്യകൂദാശയോടുള്ള ഭക്തിയും സ്നേഹവും വർദ്ധിപ്പിക്കുവാൻ കുർബ്ബാനയുടെ തിരുനാൾമുതൽ എട്ടാമിടംവരെ പ്രത്യേക കാനോൻജപം കർമ്മലീത്താസഭയിൽ നടപ്പിലാക്കി. നാല്പതുമണി ആരാധനക്രമം കേരളത്തിൽ നടപ്പാക്കിയതും ഇദ്ദേഹംതന്നെ. വി. യോഹന്നാൻ ക്രൂസ്സ്, വി. വലിയ ത്രേസ്യാ, എന്നിവരെപ്പോലെ ഇദ്ദേഹവും ആനന്ദവും നിക്ഷേപവും സദാ സക്രാരിയിലത്രെ തേടിയിരുന്നത്. കൂടെക്കൂടെ വി. കുർബ്ബാന സന്ദർശിക്കുന്നത് ഒരു പതിവായിരുന്നു. മററു ജോലികളിലൊന്നും വ്യാപൃതനല്ലെങ്കിൽ ദീർഘസമയം കുർബ്ബാനയുടെ മുമ്പിൽ ധ്യാനനിമഗ്നനായി കഴിച്ചുകൂട്ടുക സാധാരണമായിരുന്നു. ദേവാലയം, ദേവാലയസാമഗ്രികൾ എന്നിവയുടെ മേന്മ, ശുചിത്വം ആദിയായവയിലും ഇദ്ദേഹത്തിൻെറ അന്വേഷണവും ശ്രദ്ധയും സവിശേഷം പതിഞ്ഞിരുന്നു. "ദാഹിക്കുന്ന മാൻ ഉറവയിൻപക്കലേക്ക് എന്നപോലെ എൻെറ ആത്മാവ് വി. കുർബ്ബാനയുടെ പക്കലേക്കു നിലവിളിക്കും" എന്നുള്ള വിശുദ്ധന്മാരുടെ വാക്യം നമ്മുടെ കഥാപുരുഷനിൽ അന്വർത്ഥമായിരുന്നു എന്ന് അതിശയോക്തിലേശം കൂടാതെ പറയാം. ശരീരത്തിൻെറ ഓരോ

---

തുക ൧൫൦ ആകുന്നു. ഇതിനുംപുറമെ ഇപ്പോൾ സഭവകയായി പാവർട്ടി, പുളിംകുന്നു, തേവര, എൽത്തുരുത്ത് ഇങ്ങനെ വേറെ നാലു ഹൈസ്കൂളുകളും ചമ്പക്കുളം, മുത്തോലി, വാഴക്കുളം ഇങ്ങനെ മൂന്നു മിഡിൽ സ്കൂളുകളും നാലു മലയാളം സ്കൂളുകളുമുണ്ട്. ഇവ എല്ലാററിലുംകൂടി ഇപ്പോൾ ൨൬൫൦ കുട്ടികൾ വിദ്യാഭ്യാസം ചെയ്യുന്നു. ബോർഡിംഗ് മന്ദിരങ്ങൾ ആകെ എട്ട്. ഹരിജനോദ്ധാരണത്തെ ഉദ്ദേശിച്ചു ൧൪ കേന്ദ്രങ്ങളിൽ ഊർജ്ജിതമായ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു എന്നും തൽഫലമായി ഇരുപതിനായിരത്തി അഞ്ഞൂറിൽപ്പരം ആളുകൾ മാനസാന്തരപ്പെടുകയും അവരുടെ സാമൂഹ്യസ്ഥിതി ചില കേന്ദ്രങ്ങളിൽ ഗണ്യമായി ഉയരുകയും ചെയ്തിട്ടുണ്ടെന്നുള്ളതും പ്രസ്താവ്യമാണ്.

ചലനവും ദൈവസ്നേഹക്രിയകളാകത്തക്ക വിശുദ്ധിയോടു കൂടെ ഇദ്ദേഹം ജീവിച്ചിരുന്നു എന്നു ഉദാഹരിക്കുന്ന ഒരെഴുത്തിന്റെ ഭാഗംകൂടി ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ. "എന്റെ ഇടത്തുകാലിൽ നാഡിഞരമ്പു ഇളകുമ്പോൾ കർത്താവെ, ഞാൻ നടന്ന ആകാത്ത നടപ്പുകളൊക്കയും നിന്റെ കാലിന്റെ തിരുമുറിവിൽ നിന്നൊഴുകിയ ചോരയാലെ നീ കഴുകേണമെ എന്നു അർത്ഥം വിചാരിക്കുന്നു. ഈ ഒരു ഇളക്കത്തിനു ഈവണ്ണം ഇതുവരെ പുണ്യവാളന്മാരു ചെയ്തതൊക്കയും ചെയ്വാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ഇളക്കം കർത്താവിന്റെ തിരുക്കാൽ ഇളകിയതുപോലെ എന്നുള്ള അർത്ഥം വച്ചിരിക്കുന്നു. ഇരട്ടിക്ക; അതായതു ഒന്നാമത്തെ ഇളക്കത്തിനു ഇവരെല്ലാവരും ചെയ്തവണ്ണം അപേക്ഷിക്കുന്നു. അതിലിരട്ടിക്ക; ഇങ്ങനെ എല്ലാററിനും ഇരട്ടിച്ച അർത്ഥം വച്ചിരിക്കുന്നു." സുകൃതസമ്പന്നനാകുവാൻവേണ്ടി ഈ ധീമാൻ കണ്ടുപിടിച്ച പ്രയോഗിച്ച മാർഗ്ഗം എത്ര എളുപ്പമെന്ന് നോക്കണേ!

## ദേവമാതൃഭക്തി.

മ്ശിഹായുടെ മനുഷ്യാവതാര പരമരഹസ്യത്തോട് ഗാഢമായി ബന്ധപ്പെട്ടിരിക്കുന്ന ഒന്നാണ് ദേവമാതൃഭക്തി. വിശുദ്ധന്മാരോടുള്ള സാമാന്യ ഭക്തിപോലെയല്ലഇതു്. മ്ശിഹായേപ്പററി ശ്ലീഹന്മാർ എവിടെയെല്ലാം പ്രസംഗിച്ചിരുന്നുവോ അവിടെയെല്ലാം ദിവ്യമാതാവിനെപ്പററിയും പ്രസംഗിച്ചിരുന്നു. ആകയാൽ "മ്ശിഹായിലുള്ള വിശ്വാസത്തിന്റെ പൂർത്തീകരണമത്രെ ദേവമാതൃഭക്തി" എന്നാണ് ഫാദർ വില്യം ഫേബർ പ്രസ്താവിക്കുന്നതു്. മ്ശിഹാ തലയും സഭാംഗങ്ങൾ ഉടലുമാണെങ്കിൽ ദൈവജനനി ഉടലിനെ തലയോടു ഘടിപ്പിക്കുന്ന കഴുത്താകുന്നു. ശിരസ്സിൽനിന്നും ശക്തിയും ജീവനും കണ്ഠംമുഖേന ശരീരത്തിൽ വ്യാപിക്കുന്നതുപോലെ പ്രസാദജീവൻ മ്ശിഹായാകുന്ന ശിരസ്സിൽനിന്നു ഉടലായ സഭാംഗങ്ങളിലേക്കു വ്യാപിക്കുന്നതു് ഈ ദിവ്യമാതാവു വഴിയായിട്ടാകുന്നു. ഇതിനാലാണു തിരുസഭയുടെ സ്ഥാപനംമുതൽ ഈ മാതാവ് ലോകമെങ്ങും പ്രസംഗിക്കപ്പെടുകയും വിശ്വാസി

കളാൽ സ്നേഹിക്കപ്പെടുകയും അവിശ്വാസികളാൽപോലും പ്രകീർത്തിക്കപ്പെടുകയും ചെയ്യുവരുന്നതു്. കേരളക്കരയിലും മാർ തോമ്മാ ശ്ലീഹായാൽ നട്ടുപരിപോഷിപ്പിക്കപ്പെട്ട ഈ ഭക്തി ഇവിടെയുള്ള കത്തോലിക്കർക്കു് ഇന്നും ഒരു ഭൂഷണമായി പരിലസിക്കുന്നുണ്ടു്.



൧൧-ാം പീയൂസ് മാർപ്പാപ്പാ തിരുമേനി.

സഭയുടെ ശതാബ്ദപൂർത്തി മഹോത്സവസന്ദർഭത്തിൽ തിരുമനസ്സുകൊണ്ടു സ്വഹസ്തലിഖിതമായ ഒരു ആശിസ്സ് ലേഖനം ക. നി. മൂ. സ. പ്രിയോർ ജനറാൾ അവർകളുടെ പേൎക്കു അയച്ചുകൊടുക്കുകയും പ്രസ്തുത മഹോത്സവത്തിൽ സംബന്ധിച്ചവൎക്കു പലപല പൂർണ്ണദണ്ഡവിമോചനങ്ങൾ കല്പിച്ചു നൽകുകയും ചെയ്തുകൊണ്ടു് സഭയുടെനേൎക്കുള്ള പിതൃനിർവിശേഷമായ സ്നേഹം പ്രസ്പഷ്ടമാക്കുകയുണ്ടായി.

നമ്മുടെ കഥാനായകനിൽ ഈ ഭക്തി ആദ്യമായി അങ്കുരിപ്പിച്ചത് ഇദ്ദേഹത്തിൻെറ അമ്മയായിരുന്നു. കത്തോലിക്കത്വംകൊണ്ടു വളരെ വളരെ പുരാതനമായ ചോതിരക്കന്നേൽ കുടുംബത്തിലെ ഒരംഗമായിരുന്ന ഈ അംഗനാരത്നം തൻെറ പുത്രനെ മുലപ്പാലോടുകൂടിത്തന്നെ ഈ ഭക്തിയിൽ വളൎത്തിയതിൽ വിസ്മയിപ്പാനില്ല. അമ്മയുടെ മടിയിൽ ഇരുന്നാണ് ഈ ഭക്തിയുടെ ആദ്യപാഠം കുൎയ്യാക്കോസച്ചൻ പഠിച്ചത്. ഈ ഉത്സംഗക്കളരിയേക്കാൾ ഉത്തമമായ കളരിയുണ്ടോ? ഈ കളരിയിൽ ഇരുന്നു പഠിച്ച ഈ പാഠമാണു സ്മൎയ്യപുരുഷൻെറ സൎവ്വഗുണങ്ങൾക്കും നിദാനമായിത്തീൎന്നതെന്നു ചുരുക്കിപ്പറയാം. ദിവ്യജനനിക്കു പ്രതിഷ്ഠിതവും അന്നെന്നപോലെ ഇന്നും പ്രസിദ്ധവുമായ വെച്ചൂർ പള്ളിയിൽ ഈ കുടുംബനായിക തൻെറ പുത്രനെ മുലകുടിപ്രായത്തിൽതന്നെ കൊണ്ടുപോയി ദേവമാതാവിന് അടിമ വെച്ചതിനേപ്പററിയും പിന്നീട് മനസ്സാ, വാചാ, കൎമ്മണാ ഈ സ്വൎഗ്ഗീയനാഥയുടെ ഉത്തമപുത്രനായി ജീവിപ്പാൻ പഠിപ്പിച്ചതിനെക്കുറിച്ചും ഈ വന്ദ്യപിതാവുതന്നെ തൻെറ 'ആത്മാനുതാപം' എന്ന കൃതിയിൽ പ്രസ്താവിച്ചിട്ടുള്ളതു് ഈ കൃതിയുടെ ആദ്യഭാഗത്തിൽ ഉദ്ധരിച്ചിട്ടുണ്ടല്ലൊ. അമ്മയുടെ ഉപദേശം അക്ഷരംപ്രതി നിറവേററി ദിവ്യജനനിയെ ഉള്ളഴിഞ്ഞു സ്നേഹിച്ച ഇദ്ദേഹത്തിൻെറ ദേവമാതൃഭക്തി അത്യുന്നതമായ ഒരു നിലയിൽ എത്തി എന്നുള്ളതിനു് ഇദ്ദേഹത്തിൻെറ പ്രവൃത്തികൾതന്നെ ഉത്തമസാക്ഷ്യങ്ങളാണ്. ഇദ്ദേഹത്തിൻെറ സാധാരണ സംഭാഷണംതന്നെ ശ്രോതാക്കളെ ദേവമാതൃഭക്തിയിലേക്കു ആകൎഷിക്കത്തക്കതായിരുന്നു എന്ന് അനുഭവസ്ഥർ പറയുന്നു. മറിയത്തിൻെറ അപദാനങ്ങളെ വൎണ്ണിക്കുന്നതു് ഇദ്ദേഹത്തിനു അത്യന്തം സന്തോഷപ്രദമായ കാൎയ്യമായിരുന്നു. പ്രസംഗമാണെങ്കിൽ അതിൽ എപ്പോഴും ഒരു പ്രധാനഭാഗം മരിയഭക്തിക്കു വിനിയോഗിക്കും. തൻെറ വത്സലപുത്രരായ നവസന്യാസികൾക്കു പ്രസ്തുതഭക്തിയിൽ ഒരു നവജീവൻ നൽകിയിരുന്നതും ഇദ്ദേഹംതന്നെ. ദിവ്യജനനിയുടെ പിറവിത്തിരുനാളായ സെപ്ററംബർ 8–ാംനു- ആണ്ടുതോറും വെച്ചൂർ പള്ളിയിൽ പോയി

പ്രസംഗം ചെയ്യുന്നതിന് ഒരിക്കലും മുടക്കംവരുത്തിയിരുന്നില്ല. ഇദ്ദേഹത്തിൻെറ കൃതികൾ പരിശോധിച്ചാലും ദേവമാതാവിനെപ്പററി ധാരാളം പ്രതിപാദിച്ചിട്ടുള്ളതായി കാണാം. ഞെരുക്കങ്ങളിലും സങ്കടങ്ങളിലും ഈ നാഥ തന്നെയായിരുന്ന ഇദ്ദേഹത്തിൻെറ ഏകാവലംബം. സ്വന്തം മാതാപിതാക്കന്മാരുടെയും ഏക സഹോദരൻെറയും ദേഹവിയോഗത്തിൽ നേരിട്ട അവൎണ്ണനീയമായ ദുഃഖത്തിലും ഏകാശ്വാസം ഈ സ്വൎഗ്ഗീയ നായികയല്ലാതെ മററാരുമായിരുന്നില്ല. ദിവ്യജനനിയോടുള്ള സ്നേഹാധിക്യം നിമിത്തം സ്വന്തം കണ്ണുകളുടെ കാഴ്ചപോലും അപകടത്തിലാക്കുവാൻ ഈ ത്യാഗിവൎയ്യൻ മടിച്ചില്ല. ദൎശനശക്തി ക്ഷയിച്ചിരുന്ന വാൎദ്ധക്യദശയിൽ ദേവമാതാവിനെപ്പററി 'മരിയാഗ്രദ' എന്നൊരു പുസ്തകം ഇത്താലിയൻഭാഷയിൽ ഉണ്ടെന്നറിഞ്ഞ് ഇദ്ദേഹം അതു വായിച്ചറിയുവാൻ ശ്രമിക്കുയും അങ്ങനെ കാഴ്ച നഷ്ടീഭവിക്കുയുമാണുണ്ടായത്. ദൈവജനനി, തന്നെ ഇത്ര നിസ്വാൎത്ഥമായും ഉജ്ജ്വലമായും സ്നേഹിച്ച തൻെറ പുത്രനോട് എത്രമാത്രം പ്രതിസ്നേഹം പ്രദൎശിപ്പിച്ചു എന്നും തന്മൂലം എത്ര മഹത്തായ വരപ്രസാദങ്ങളാൽ ഇദ്ദേഹം അലംകൃതനായി എന്നും കുറഞ്ഞൊന്നു ചിന്തിക്കുന്നതു സന്ദൎഭോചിതമായിരിക്കുമല്ലോ. ഗൌരവാവഹമായ കാൎയ്യങ്ങൾ നിൎവ്വഹിക്കുവാൻ ഒരാളെ ദൈവം തെരഞ്ഞെടുക്കുമ്പോൾ അയാൾക്കു ദേവമാതൃഭക്തി പ്രദാനം ചെയ്യുന്നു എന്നാണ് വിശുദ്ധന്മാരുടെ പ്രസ്താവം. ഇതു പ്രത്യക്ഷരം ഈ വന്ദ്യപിതാവിൽ സാൎത്ഥകമായി എന്നു പ്രത്യക്ഷമാണ്. ദൈവസ്തുതിയും ആത്മാക്കളുടെ നിത്യരക്ഷയും ഉദ്ദേശിച്ച് ഇദ്ദേഹം ഗുരുതരങ്ങളായ വളരെ വളരെ കാൎയ്യങ്ങൾ പ്രശസ്തമായ രീതിയിൽ നടത്തിയെന്നു ചുരുക്കമായിട്ടെങ്കിലും നാം കണ്ടുകഴിഞ്ഞു. ഇവയിൽ, കേരളസുറിയാനി കൎമ്മലീത്താസഭയുടെ സ്ഥാപകനായിത്തീരുവാൻ ഇദ്ദേഹത്തെ ദൈവജനനി സഹായിച്ചതു്, തൻെറ പുത്രവാത്സല്യത്തിൻെറ ഒരു മഹനീയചിഹ്നമായി കരുതാവുന്നതാണ്. ഈ മാതാവിൻെറ പ്രത്യേക കടാക്ഷവീക്ഷണമില്ലായിരുന്നുവെങ്കിൽ ജ്ഞാനസ്നാനത്തിൽ ലഭിച്ച വരപ്രസാദം മരണംവരെ അന്യൂന

മായി പാലിക്കുവാൻ ഇദ്ദേഹത്തിന് എങ്ങനെ സാധിക്കുമായിരുന്നു?

## പരസ്നേഹം.

"ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുകയും സഹോദരനെ ദ്വേഷിക്കുകയും ചെയ്യുന്നവൻ കള്ളം പറയുന്നു." ഈ വേദവാക്യപ്രകാരം ദൈവത്തെ യഥാർത്ഥമായി സ്നേഹിക്കുന്നവനിൽ പരസ്നേഹം ഉണ്ടാകാതിരിപ്പാൻ നിവൃത്തിയില്ല. കുര്യാക്കോസച്ചനിൽ ദൈവസ്നേഹം എപ്രകാരം എരിഞ്ഞിരുന്നു എന്നു പൂർവ്വഭാഗത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഈ സ്നേഹത്തിനനുസരണമായ പരസ്നേഹവും മാതൃകായോഗ്യമായ വിധത്തിൽ ഇദ്ദേഹത്തിൽ ശോഭിച്ചിരുന്നു. ദൈവസ്നേഹത്തെ ലക്ഷ്യമാക്കി ഇദ്ദേഹം ചെയ്തിട്ടുള്ള പ്രവൃത്തികൾ പരോക്ഷമായി പരസ്നേഹത്തെ ലാക്കാക്കി ചെയ്തിട്ടുള്ളവയാണെന്ന് അല്പം ആലോചിച്ചാൽ നിഷ്പ്രയാസം കാണാവുന്നതാണ്. ഉപകാരികളോട് ഇദ്ദേഹത്തിനുണ്ടായിരുന്ന നന്ദിയും സ്നേഹവും ഒന്നു പ്രത്യേകമായിരുന്നു. എന്നാൽ ഉപകാരികളെ സ്നേഹിക്കുന്നതു കേവലം മനുഷ്യസാധാരണംമാത്രമാണല്ലോ. ശത്രുക്കളെ സ്നേഹിക്കുന്നതോ വീരസഹജവുമാകുന്നു. തൻെറ ജീവിതദശയിൽ പലരിൽനിന്നും നാനാതരത്തിലുള്ള ഉപദ്രവങ്ങൾ ഇദ്ദേഹത്തിനുനേരിട്ടിട്ടുണ്ട്. അപ്പോഴെല്ലാം ഒരു ചെകിട്ടിൽ അടിക്കുന്നവനു മറെറ ചെകിടുകൂടി കാണിച്ചുകൊടുക്കണമെന്നുള്ള മ്ശിഹായുടെ ഉപദേശമാണ് ഈ ക്രിസ്തുശിഷ്യൻ പ്രമാണമായി സ്വീകരിച്ചിരുന്നതു്. ഉദാഹരണമായി ചേന്നങ്കരി വികാരിയച്ചനോടു പ്രവത്തിച്ച വിധംതന്നെ നോക്കുക. ഒരു വൈദികൻെറ ജീവിതത്തിലെ ഏററവും പ്രധാനപ്പെട്ട ഘട്ടമാണ് നവപൂജാപ്പ്ണസമയം. പൂജാപ്പ്ണത്തിനു വിഘ്നംവരുത്തിക്കൊണ്ട് ആരെങ്കിലും ഈ ഘട്ടം അലങ്കോലപ്പെടുത്തിയാൽ അതിൽനിന്നു ഉൽഭൂതമാകുന്ന ദുഃഖം വണ്ണ്നാതീതമെന്നേ പറയേണ്ടതുള്ളു. എങ്കിലും ഉള്ളഴിഞ്ഞ സ്നേഹമാണ് ആ വികാരിയച്ചനോട് ഈ വീരാത്മാവു പ്രദശിപ്പിച്ചതു്. ഇദ്ദേഹത്തെ വളരെ പീഡിപ്പിച്ച്, മാന്നാനം ആശ്രമത്തിന്

ഒട്ടേറെ നഷ്ടംവരുത്തിയ മാഞ്ഞൂക്കാരനായ ഒരാളോടുവൎത്തിച്ചതും ഇപ്രകാരം തന്നെയായിരുന്നു. മാത്രമല്ല അയാളോട്ട് മേലിൽ സ്നേഹപൂൎവ്വം പെരുമാറണമെന്നു കീഴുള്ളവരെ ഓൎമ്മപ്പെടുത്തുകയും ചെയ്തു. വസൂരിരോഗം പിടിച്ചു ആസന്നമരണനായി കിടന്ന ഒരാൾക്കു അന്തിമശുശ്രൂഷനൽകുവാൻ ആരുമില്ലാതെ വന്നപ്പോൾ ഇദ്ദേഹം അതിനായി പുറപ്പെട്ടു. ഇതിൽനിന്നും ഉണ്ടാകാവുന്ന വൈഷമ്യത്തെ ചിലർ ചൂണ്ടിക്കാണിച്ചപ്പോൾ "ഇതെൻറകടം,



അസാധാരണ വിദ്യാൎത്ഥിമന്ദിരം.

മംഗലാപുരത്തു ഈശോ സഭക്കാരുടെ നേതൃത്വത്തിൽ നടത്തുന്ന സെമ്മിനാരിയോടു അനുബന്ധിച്ചുള്ള ക. നി. മൃ. സ. വിദ്യാൎത്ഥിമന്ദിരത്തിൽ ഇപ്പോൾ ൫൦ പേർ പഠിക്കുന്നു.

സാഹിത്യവിദ്യാർത്ഥിമന്ദിരം, ക്രൂനമ്മാവ്. വിദ്യാൎത്ഥികൾ ൩൫
തത്വശാസ്ത്രവിദ്യാൎത്ഥിമന്ദിരം, മുത്തോലി. ,, ൫൮
വേദാന്തശാസ്ത്രവിദ്യാൎത്ഥിമന്ദിരം, ചെത്തിപ്പുഴ. ,, ൪൨

മാന്നാനം, പാവൎട്ടി, തേവര, ഈ സ്ഥലങ്ങളിൽ മൂന്നു യോഗാൎത്ഥിമന്ദിരങ്ങളും അവയിൽ ഇപ്പോൾ ൩൦ യോഗാൎത്ഥികളും വസിക്കുന്നു.

തമ്പുരാൻ എന്നെ സഹായിക്കും" എന്നായിരുന്നു ഇദ്ദേഹത്തിന്റെ മറുപടി. ഇദ്ദേഹത്തിന്റെ ഈ പരിചരണവും പരസ്നേഹപ്പരപ്പ് പരസ്യപ്പെടുത്തുന്ന ഒരു കൃത്യമാണല്ലോ. എത്രയെത്ര ജോലിയിൽ നിമഗ്നനായിരുന്നാലും ഇദ്ദേഹം, തന്നോടു കുമ്പസാരിക്കുവാൻ വരുന്നവരെ ഒരിക്കലും ഒഴികഴിവു പറഞ്ഞയച്ചിട്ടില്ല. മാത്രമല്ല ക്രമമായി ഇദ്ദേഹത്തോടു കുമ്പസാരിച്ചിരുന്നവരുടെ തുകയും ഒട്ടും കുറവല്ലായിരുന്നു. ഇങ്ങനെ "എല്ലാവക്കും എല്ലാമായി" എന്ന വേദവാക്യം അനുസരിച്ച് ഇദ്ദേഹം ജാതിമതഭേദം കൂടാതെ എല്ലാവരെയും യഥാശക്തി സഹായിക്കയും ആശ്വസിപ്പിക്കയും ചെയ്തുവന്നിരുന്നു.

## പ്രാൎത്ഥനജീവിതം.


വരപ്രസാദലബ്ധിക്കുള്ള പ്രധാനമാൎഗ്ഗം പ്രാൎത്ഥനയാണെന്നു പഴയതും പുതിയതുമായ വേദാഗമങ്ങളിൽ സ്പഷ്ടമായി പ്രസ്താവിച്ചിട്ടുണ്ട്. ഉദാഹരണത്തിനായി 'നിരന്തരമായി പ്രാൎത്ഥിപ്പിൻ'. "മുട്ടുവിൻ, തുറക്കപ്പെടും" എന്നിങ്ങനെ എത്ര വാക്യങ്ങൾ വേണമെങ്കിലും ഉദ്ധരിക്കാം. നാല്പതു രാവും നാല്പതുപകലും പ്രാൎത്ഥിച്ചുകൊണ്ട് മ്ശിഹാ ദൃഷ്ടാന്തസഹിതം പ്രാൎത്ഥനയുടെ ആവശ്യകത നമ്മെ ശക്തിപൂൎവ്വം ധരിപ്പിക്കുന്നുമുണ്ട്. ശ്ലീഹന്മാരും വചനംകൊണ്ടും പ്രവൃത്തികൊണ്ടും പഠിപ്പിക്കുന്നതും ഇതുതന്നെ. ഏലിയാ നിവ്യായുടെ പ്രാൎത്ഥനചൈതന്യംതന്നെയാണ് കമ്മെലീത്തരുടെയും ചൈതന്യം. കുൎയ്യാക്കോസച്ചനിൽ രൂഢമൂലമായിരുന്ന ചൈതന്യവും ഇതുതന്നെയായിരുന്നു. ഇദ്ദേഹം ദീൎഘനേരമാണു പ്രാൎത്ഥനയിൽ ചെലവഴിച്ചിരുന്നതു്. വിവിധകൃത്യങ്ങളിൽ വ്യാപൃതനായിരുന്നാലും സദാ പ്രാൎത്ഥനയിൽ നിരതനായിരുന്നു. ഒരിക്കൽ ഇദ്ദേഹം തന്റെ ജോലിക്കിടയിൽ മുറിയിൽവച്ചു പരവശനായി നിൽക്കുന്നതു കാണുകയുണ്ടായിട്ടുണ്ട്. ധ്യാനസമയത്താണെങ്കിൽ സ്വൎഗ്ഗപുരുഷന്റെ നിശ്ചേഷ്ടമായ നില കണ്ടാൽ പരവശനായി സ്ഥിതിചെയ്യുന്നുവോ എന്നു തോന്നിപ്പോകും. ചുരുക്കിപ്പറഞ്ഞാൽ കമ്മെലസഭാ സ്ഥാപകനായ ഏലിയാനിവ്യായുടെ ഒരു

യഥാർത്ഥപുത്രനായിരുന്ന ഇദ്ദേഹമെന്ന് ഇദ്ദേഹത്തിൻെറ പ്രാർത്ഥനാപരമായ ജീവിതം വിളിച്ചറിയിക്കുന്നുണ്ട്.

## ക്രമാനുഷ്ഠാനം.

"നീ ക്രമം കാക്കമെങ്കിൽ ക്രമം നിന്നെ കാത്തുകൊള്ളും."

ലോകമയമായ സകലത്തിൽനിന്നും അകന്നു ജീവിക്കുന്ന സന്ന്യാസികൾക്കു ദൈവപ്രമാണങ്ങൾ, തിരുസഭയുടെ കല്പനകൾ എന്നീ ഇരുകോട്ടകൾ കൂടാതെ സന്ന്യാസനിയമങ്ങൾ എന്നൊരു കോട്ടകൂടെ സംരക്ഷണത്തിനായിട്ടുണ്ട്. ഈ കോട്ടയ്ക്കുള്ളിൽ ജീവിക്കുന്നതാണ് മിശിഹായെ പൂൎണ്ണമായി അനുകരിപ്പാൻ എളുപ്പമായ മാർഗ്ഗം. സന്ന്യാസക്രമാനുഷ്ഠാനംകൊണ്ടേ ലൌകികമായ ആകൎഷണങ്ങളിൽ ഉൾപ്പെടാതെ ധ്യാനനിരതരായി ദൈവത്തോടു യോജിച്ചു ജീവിക്കുവാൻ സാധിക്കയുള്ളു. "വേലി പൊളിക്കുന്നവനെ പാമ്പുകടിക്കും" എന്നുള്ള വേദോക്തിയും ഇവിടെ സ്മരണീയമാണ്. സന്ന്യാസചൈതന്യം പാലിക്കുവാൻ ക്രമാനുഷ്ഠാനം അവശ്യാവശ്യമാണെന്നാണ് സഭാസ്ഥാപകന്മാരെല്ലാവരും ഏകസ്വരത്തിൽ പ്രസ്താവിക്കുന്നത്. നമ്മുടെ വന്ദ്യപിതാവും സഭാംഗങ്ങളുടെ പുണ്യാഭിവൃദ്ധിയിൽ അവരെ ഉപദേശംകൊണ്ടും സൎവ്വോപരി ദൃഷ്ടാന്തംകൊണ്ടും പ്രോത്സാഹിപ്പിച്ചിരുന്നു. നിസ്സാരമായ തെററുകളും ശ്രദ്ധാപൂൎവ്വം തിരുത്തി മററുള്ളവൎക്കു മാതൃകായോഗ്യമായ ജീവിതമാണു നയിച്ചിരുന്നത്. ഏകാന്തവും മൌനവും സൂത്ര്യമായും കൃത്യമായും അനുസരിച്ചിരുന്നു. ദിവസവും രാവിലെ നാലുമണിക്കാണ് പൂജ അൎപ്പിച്ചിരുന്നത്. അതിൻെറശേഷം ധ്യാനം കാനോനാജപം ഇവയ്ക്കു പ്രാർത്ഥനമുറിയിൽ മററുള്ളവരുടെകൂടെ മുടക്കംകൂടാതെ സന്നിഹിതനാകയുംചെയ്യും. ശ്രേഷ്ഠന്മാരെയാണെങ്കിൽ മ്ശിഹായെപ്പോലെ കരുതി സ്നേഹിക്കയും ബഹുമാനിക്കയും ചെയ്തിരുന്നു. വാൎദ്ധക്യദശയിൽ, നന്ദികൊല്ലത്തെ തൻെറ പ്രയത്നഫലമായ മാന്നാനം കൊവേന്തവിട്ടു് കൂനമ്മാവ് കൊവേന്തയിൽ പോയി താമസിക്കുന്നതിന് അവശ്യപ്പെട്ടപ്പോൾ സന്തോഷപൂൎവ്വം അദ്ദേഹം ആ അജ്ഞയ്ക്കു വിധേയനായി. ഇങ്ങനെ എന്തിനോടും



സഭയുടെ ശതാബ്ദജൂബിലി സ്മാരകം.

മാന്നാനം ആശ്രമദേവാലയത്തിന്റെ പുരോഭാഗത്തു പണിചെയ്യിച്ചിരിക്കുന്ന ഈ ഗോപുരത്തിനു ൭൦ അടി പൊക്കമുണ്ട്.

ഒരു നിഷ്പക്ഷനിലയാണ് ഇദ്ദേഹം സ്വീകരിച്ചിരുന്നത്. പ്രായാധിക്യത്തിലും അന്നത്തെ നടപ്പനുസരിച്ച് പ്രാർത്ഥനമുറിയിൽ അടിപ്രായശ്ചിത്തത്തിനു എപ്പോഴും ഒന്നാമനായിരുന്നു. ആണ്ടുതോറും ഒരു നിശ്ചിതദിനത്തിൽ ഓരോരുത്തനും ഓരൊ പുണ്യം തെരഞ്ഞെടുത്ത് അതിൽ മററുള്ളവരോടു മത്സരിക്കുന്നതാണെന്നു പരസ്യമായി പറയുന്ന ഒരു പതിവ് പല സന്യാസസഭകളിലും നടപ്പുണ്ട്. അതനുസരിച്ച് ഒരുകൊല്ലം നമ്മുടെ കഥാനായകൻ പ്രസ്താവിച്ചത് ഇപ്രകാരമാണ്. "മററുള്ളവർ കാണുമ്പോഴും കാണാത്തപ്പോഴും ഒരുപോലെ ഭക്തിയോടെ ഞാൻ പ്രവർത്തിക്കും" ഇതു ഒരു കൊല്ലത്തേക്കു പ്രത്യേകമായി തെരഞ്ഞെടുത്തതാണെങ്കിലും ആയുഷ്കാലം മുഴുവൻ ഏതുകൃത്യവും ഇപ്രകാരമാണു ചെയ്തിരുന്നതെന്നു ഇദ്ദേഹവുമായി ഇടപെടുവാനിടയായിട്ടുള്ളവരെല്ലാം ഏകസ്വരത്തിൽ പറയുന്നു. അന്തിമരോഗത്തിൻെറ ആരംഭം കണ്ടുതുടങ്ങിയപ്പോൾ നടക്കുന്നതിനു പ്രയാസം തോന്നിയെങ്കിലും പത്തുപതിനഞ്ചു അടിനടന്ന്, അടുത്ത മുറിയിൽചെന്നു മൂപ്പച്ചനോട് കിടക്കുവാൻ അനുവാദം വാങ്ങിക്കുകയുണ്ടായി. ഇങ്ങനെ സകലത്തിലും ശിശുസഹജമായ അനുസരണമാണു ഇദ്ദേഹം പ്രത്യക്ഷപ്പെടുത്തിയിരുന്നത്. രോഗശയ്യയിൽആയിട്ടും ധ്യാനം മുതലായ സന്യാസക്രമാനുഷ്ഠാനങ്ങൾ മുടക്കിയിരുന്നില്ല. ഇദ്ദേഹത്തെ മാന്നാനത്തുകൊണ്ടുപോയി ചികിത്സിപ്പിക്കുന്നതിനു നിർബന്ധപൂർവ്വം അപേക്ഷിച്ചതിൽ "മെത്രാനച്ചൻ ഇവിടെ താമസിക്കണമെന്നു താല്പര്യമായി എന്നെ ചുമതലപ്പെടുത്തിയിരിക്കകൊണ്ട് അദ്ദേഹം ഇവിടെ ഇല്ലാത്ത സമയം ഞാൻ അങ്ങോട്ടു പോകുന്നതിനു എൻെറ മനസ്സാക്ഷി സമ്മതിക്കുന്നില്ല" എന്നാണ് ഈ മാതൃകാപുരുഷൻ പറഞ്ഞത്.

## അന്തിമരോഗം.

1869 ആഗസ്റ്റിൽ ലെയോനാർദ് ളൂവീസ് മെത്രാനച്ചൻ വത്തിക്കാൻ സൂനഹദോസിൽ സംബന്ധിക്കുന്നതിനായി റോമായിലേക്കു പുറപ്പെട്ടു. തദവസരത്തിൽ വികാരിജനരാളായ വീലി

പ്പോസ്സ് മിഷ്യനറിയെ പ്രൊവികാരി അപ്പസ്തോലിക്കായായിട്ടും ജ രാർട്ട് മിഷ്യനറിയെ കൊവേന്തകളുടെ കാര്യാന്വേഷകനായിട്ടും നിയമിച്ചു. എന്നാൽ ഇവർ ഇരുവരുടെയും മേലാവെന്ന ഒരു നി ലയാണ് കുര്യാക്കോസച്ചനു നൽകിയത്. എല്ലാകാര്യങ്ങളും ഇദ്ദേ ഹത്തിൻെറ അഭിപ്രായംപോലെ നടത്തണമെന്നു മെത്രാനച്ചൻ പ്രത്യേകം കല്പിച്ചിരുന്നു. മെത്രാനച്ചൻെറ യാത്രാനന്തരം ഏറെ ത്താമസംകൂടാതെ ഇദ്ദേഹം ഭരണങ്ങാനത്തിനു ചെയ്ത ഒരു യാ ത്രയിൽ മുമ്പേതന്നെ ഉണ്ടായിരുന്ന വാതപ്പനി വർദ്ധിക്കയും അതി നെ തുടന്ന് കണ്ണിനു സുഖമില്ലാതാകയും ഇവ രണ്ടിൻെറയും ഫ ലമായി ശരീരത്തിനു വലിയ ക്ഷീണംനേരിടുകയും ചെയ്തു. പല വൈദ്യവിദഗ്ധന്മാരും ചികിത്സ നടത്തിയെങ്കിലും രോഗം ക്രമേ ണ വർദ്ധിച്ചുവരികയാണുണ്ടായത്. കണ്ണുകൾക്കു ദുസ്സഹമായ വേ ദന ഉണ്ടായിരുന്നു. കാഴ്ചയും നഷ്ടപ്പെട്ടു. എങ്കിലും തൻെറ സമീ പെ വച്ചിരുന്ന തിരുക്കുടുംബത്തിൻെറ സ്വരൂപത്തിൻ നേരെ ദൃഷ്ടിതിരിച്ച് കൂടെക്കൂടെ സ്നേഹപ്രകരണം ചെയ്തുകൊണ്ടിരുന്നു. ദീനസ്ഥിതിയേയൊ ശുശ്രൂഷയുടെ വിധത്തേയൊ ശുശ്രൂഷികളെ പ്പററിയോ ഒരിക്കലും അതൃപ്തി പ്രദർശിപ്പിച്ചിട്ടില്ല. മാത്രമല്ല, കാണ്മാൻ വന്നിരുന്ന എല്ലാവരെയും സന്തോഷിപ്പിക്കുവാൻ ഇദ്ദേ ഹത്തിനു ഒരു പ്രത്യേക സാമർത്ഥ്യവുമുണ്ടായിരുന്നു. അപാരമായ വേദനക്കു അധീനനായി മൂന്നു മാസത്തോളം രോഗശയ്യയെ അ വലംബിക്കേണ്ടി വന്നെങ്കിലും അക്ഷമയുടെ യാതൊരു ലക്ഷണ വും പ്രദർശിപ്പിക്കയുണ്ടായിട്ടില്ല എന്നുള്ളതു പ്രത്യേകം പ്രസ്താവ്യ മാണ്. ൧൮൭൧ ജനുവരി രണ്ടാംതീയതി കുമ്പസാരംകഴിച്ചു പ്ര ത്യേകമായ വിധത്തിൽ ഒരുങ്ങികൊണ്ട് വി. കുർബാന ഉൾക്കൊ ണ്ടു. അന്നുച്ചതിരിഞ്ഞു പതിവില്ലാത്ത വിധത്തിൽ ഒരു ഓക്കാ നവും ഛർദ്ദിയും തുടങ്ങി. വൈദ്യന്മാർ പല പ്രതിവിധികൾ പ്രയോഗിച്ചു; അവയെല്ലാം വിഫലീഭവിക്കതന്നെ ചെയ്തു. ത ൻെറ അന്ത്യസമയം ആസന്നമായിരിക്കുന്നു എന്നു അറിഞ്ഞുകൊ ണ്ട് ഇദ്ദേഹം അന്തിമലേപനം ആവശ്യപ്പെട്ടു. അതു സ്വന്ത റീ ത്തിൽ ആയാൽ കൊള്ളാമെന്നുള്ള ഇദ്ദേഹത്തിൻെറ ആഗ്രഹ


പ്രകാരം, അയ്യൂത്തിദലഗാദ് അപ്പസ്തോലിക്കായുടെയും ബെർണ്ണാർദ് മെത്രാപ്പോലീത്തായുടെയും പ്രതിനിധിയായി പല വത്സരങ്ങൾ സഭയെ ഭരിച്ചിരുന്ന ക്രൂനമ്മാവു കൊവേന്തയുടെ വികാരി യൌസേപ്പച്ചനാണ് അന്തിമലേപനം ചെയ്തത്. ഈ കർമ്മം നടത്തുന്നതിനുമുമ്പ് അന്നു ക്രൂനമ്മാവു കൊവേന്തയിൽ ഉണ്ടായിരുന്ന എല്ലാവരും ഈ പൂജ്യപിതാവിൻെറ അന്തിമവാക്യം കേൾക്കുവാനും ആശീർവ്വാദം സ്വീകരിക്കാനുമായി കട്ടിലിനുചുററും മുട്ടുകുത്തി നിന്നിരുന്നു.

## ചാവരുൾ.

എല്ലാവരും മഹാദുഃഖത്തോടും ചിലരെല്ലാം രോദനത്തോടുംകൂടി നില്ക്കെ ശയ്യയിൽനിന്നും തല അല്പം ഉയർത്തി ചാരിയിരുന്നുകൊണ്ട് ഇദ്ദേഹം പറഞ്ഞ വചനങ്ങൾ അത്യന്തം ശ്രദ്ധേയവും വിജ്ഞേയവും സ്നേഹസംപൂർണ്ണവും ആശ്വാസദായകവുമാണ്. അതിൻെറ ഒരു രത്നച്ചുരുക്കം കീഴെ ചേർക്കുന്നു: "നിങ്ങൾ എന്തിനു ദുഃഖിക്കുന്നു. മാനുഷൻ ആരു തന്നെയായാലും എപ്പോഴെങ്കിലും മരിക്കണം. എനിക്കായിട്ടുള്ള സമയം ഇപ്പോഴാകുന്നു. ദൈവാനുഗ്രഹത്താൽ ഈ സമയം ഓർത്തു എന്നാൽ പാടുള്ള ഒരുക്കങ്ങൾ കുറെനാൾ മുമ്പു തുടങ്ങി ഞാൻചെയ്തുവന്നു. ഭക്തിയുള്ള എൻെറ മാതാപിതാക്കന്മാർ ഈശോ മറിയം എന്ന മഹാകുടുംബത്തെ പലവിധത്തിൽ എന്നെ ഓർപ്പിക്കയും ഞാൻ ആ തിരുക്കുടുംബത്തെ ഇതുപോലെ (കട്ടിലിനടുത്തു മേശപ്പുറത്തു എപ്പോഴും കാണത്തക്കവണ്ണം വച്ചിരുന്ന രൂപത്തെ കാണിച്ചുകൊണ്ടു) എപ്പോഴും എൻെറ ഹൃദയത്തിൽ ഞാൻ കാക്കുകയും വണങ്ങുകയും ചെയ്തിരുന്നതിനാൽ അവരുടെ അനുഗ്രഹം എപ്പോഴും എന്നെ സംരക്ഷിക്കകൊണ്ട് മാമ്മോദീസായിൽ എനിക്കു കിട്ടിയ ദൈവേഷ്ടപ്രസാദത്തെ നശിപ്പിക്കുന്നതിനു ഇടയായിട്ടില്ലെന്നു പറയുന്നതിനു ദൈവാനുഗ്രഹത്താൽ എനിക്കു ധൈര്യമുണ്ട്. നമ്മുടെ പാവപ്പെട്ട സഭയേയും അംഗങ്ങളായ നിങ്ങൾ എല്ലാവരെയും ഈ തിരുക്കുടുംബത്തിനു ഞാൻ പ്രതിഷ്ഠിക്കുന്നു. തിരുക്കുടുംബത്തെ നിങ്ങൾ ആശ്രയിപ്പിൻ. നിങ്ങളുടെ ഹൃദയങ്ങളിൽ

അ തിരുക്കുടുംബം അധികാരം നടത്തട്ടെ. നിങ്ങളെല്ലാവരും റെഗുളന്യായപ്രമാണങ്ങളും ശ്രേഷ്ഠന്മാരുടെ കല്പനകളും സൂക്ഷമായി അനുസരിച്ചു കാക്കണം. ദിവ്യകാരുണ്യത്തിൽ എഴുന്നെള്ളിയിരിക്കുന്ന ഈശോയെ നിങ്ങൾ മുഴുഹൃദയത്തോടുകൂടെ സ്നേഹിക്കണം. അദ്ദേഹത്തിൻെറ ദിവ്യഹൃദയത്തിൽനിന്നു നിവ്യായുടെ വചനംപോലെ ആയുസ്സിൻെറ വെള്ളത്തെ കോരിയെടുപ്പിൻ. സഭയുടെ അംഗങ്ങളായിരിക്കുന്ന എല്ലാവരും പ്രത്യേകം ശ്രേഷ്ഠന്മാരും തമ്മിൽ തമ്മിൽ പരമാർത്ഥമായ ഉപവിയുള്ളവരായിരിക്കണം. ഇപ്രകാരം നിങ്ങൾ ചെയ്യുമെങ്കിൽ ഈ സഭവഴിയായിട്ടു ദൈവസ്തുതിയും ആത്മാക്കളുടെ രക്ഷയും ഉണ്ടാകയും സഭ ഒന്നിനൊന്നു അഭിവൃദ്ധി പ്രാപിക്കയും ചെയ്യും.” ഇപ്രകാരം പറഞ്ഞവസാനിപ്പിച്ചയുടനെ 'ഒപ്രുശ്രുമാ' എന്നു പറഞ്ഞു. 'ഒപ്രുശ്രുമ' കൊടുക്കുന്നതിനുമുമ്പ് “പിതാവിൻെറ ആശീർവ്വാദം ഞങ്ങൾക്കും സഭയിലുള്ള എല്ലാവർക്കും തരണം” എന്നു വികാരിയച്ചൻ അപേക്ഷിക്കയിൽ 'ബ്രൿസെ' ചൊല്ലിക്കൊണ്ടു ഈ വന്ദ്യപിതാവു കൈപൊക്കി ആശീർവദിക്കയും അതിൻെറശേഷം നിവൎന്നുകിടന്നു ബോധത്തെളിവോടുകൂടി അന്ത്യമലേപനം സ്വീകരിക്കയും ചെയ്തു. ഇതിൻെറശേഷം മനസ്സിനു വല്ല അസ്വാസ്ഥ്യവും തോന്നുന്നുണ്ടോ എന്നു വികാരിയച്ചൻ ചോദിച്ചപ്പോൾ “പരിപൂൎണ്ണസമാധാനവും സന്തോഷവും ഇപ്പോൾ അനുഭവിക്കുന്നു” എന്നു ദൈവതിരുമനസ്സിനോടുള്ള സംയോജ്യത പ്രസ്പഷ്ടമാക്കി. മാത്രമല്ല, ചുററും നിന്നിരുന്നവരുടെ പ്രലപനീയസ്വരംകേട്ട് “പ്രിയകുഞ്ഞുങ്ങളെ, കർത്താവു എന്നെക്കാൾ വളരെ നല്ല ഒരാളെ നിങ്ങൾക്കായി നിശ്ചയിച്ചിട്ടുണ്ടു” എന്നു തൻെറ എളിമയും അവരെ ഗ്രഹിപ്പിക്കാതിരുന്നില്ല. ഇദ്ദേഹം പറഞ്ഞിരുന്ന അവധിക്കു അറണാട്ടുകരെ ചിറമേൽ മാത്തുത്തരകൻ രാത്രി എട്ടുമണിക്കു വരികയും ഔഷധപ്രയോഗംകൊണ്ടു ഓക്കാനം നിറുത്തുകയുംചെയ്തു. മാത്തുത്തരകൻ ഇതിനുമുമ്പു രോഗിയെവന്നു കണ്ടതാണ്. അപ്പോൾ ഇന്ന ദിവസം വന്നാൽമതിയെന്നു കുറിയാക്കോസച്ചൻ പറഞ്ഞതനുസരിച്ചാണ് അപ്പോൾ വന്നത്. എങ്കിലും മയക്കം വർദ്ധിച്ചു വായുക്ഷോഭംതുടങ്ങി. രാത്രി

പന്ത്രണ്ടുമണിക്കുശേഷം യാതൊന്നും സംസാരിച്ചിട്ടില്ല. ബോധമില്ലാത്തതുപോലെ കാണപ്പെട്ടുവെങ്കിലും വിളിക്കുമ്പോൾ കണ്ണുതുറക്കയുംമററും ചെയ്തിരുന്നതുകൊണ്ടു ഇദ്ദേഹത്തിനു ഉള്ളിൽ ബോധമുണ്ടായിരുന്നു എന്നു അനുമാനിക്കാം.



കൂനമ്മാവ് വി: ഫിലോമിനായുടെ കൊവേന്ത.

സുറിയാനിക്കാൎക്കുള്ളതുപോലെ ഒരു സന്യാസസഭ ലത്തീൻകാൎക്കും ഉണ്ടായികാണ്മാനുള്ള ആഗ്രഹംകൊണ്ടു ബെൎണ്ണർദീനോസ് മെത്രാപ്പോലീത്താ, മുമ്പേതന്നെ പണിതിട്ടിരുന്ന ഒരു ചെറിയ കെട്ടിടത്തിൽ നാലു ലത്തീൻപട്ടക്കാരെ ഫ്രാൻസിൽ വരുത്തി താമസിപ്പിക്കുകയുണ്ടായി. ഈ കെട്ടിടത്തോടുചേൎന്നു ഒരു വിശേഷപ്പെട്ട പള്ളിയുമുണ്ടായിരുന്നു. ഏതാനും മാസം കഴിഞ്ഞപ്പോൾ ഇവർ ഓരോരുത്തരായി സ്ഥലംവിട്ടുതുടങ്ങി. ഒടുവിൽ ഒററപ്പെട്ടു ശേഷിച്ച ഒരച്ചനും മർസ്സലിനോസ് മിഷ്യനറിയുമായി അവിടത്തെ നിവാസികൾ. അവിടെ തുടങ്ങിയ സന്യാസജീവിതക്രമം വീഴ്ചകൂടാതെ നടത്തണമെന്നുകരുതി മെത്രാപ്പോലീത്താ മാന്നാനത്തുനിന്നും ഏതാനും സന്യാസികളെവരുത്തി അവിടെ താമസിപ്പിക്കയും ആ സ്ഥലവും കെട്ടിടവും അവൎക്കു ദാനമായികൊടുക്കുകയുംചെയ്തു. നവസന്യാസികളെല്ലാവരെയും ഒരേസ്ഥലത്തു താമസിപ്പിക്കണമെന്നുള്ള മെത്രാപ്പോലീത്തായുടെ നിർ

## മരണം.

ജനുവരി മൂന്നാംതിയതി കാലത്തു ആറുമണിക്കു രോഗിക്കു കുറെ ആശ്വാസമുള്ളതുപോലെ തോന്നുകയാൽ അടുത്തു ശുശ്രൂഷിച്ചുകൊണ്ടിരുന്ന അച്ചന്മാരിൽ ചിലർ കുർബാന അർപ്പിക്കുന്നതിനും നവസന്ന്യാസികൾ കുർബാന കാണുന്നതിനും പള്ളിയിൽപോയി. ആറരമണിയോടുകൂടി പെട്ടെന്നു ഒരു വ്യതിയാനം കണ്ടതിനാൽ അടുത്തു നിന്നിരുന്ന അച്ചന്മാർ പാപമോചനം നൽവുകയുണ്ടായി. ഏഴരമണിക്കു മിഷ്യനറിമാരുടെയും സ്വന്തം സഭക്കാരായ അച്ചന്മാരുടെയും, മുറിയിലും മുറിക്കുചുറ്റും തിങ്ങിക്കൂടിയിരുന്ന ജനാവലിയുടെയും ബാഷ്പസമ്മിശ്രമായ പ്രാർത്ഥനയുടെമദ്ധ്യേ ഈ പുണ്യപുരുഷൻ ൬൬-ാമത്തെ വയസ്സിൽ തൻെറ വിമലാത്മാവിനെ നിത്യപിതാവിൻെറ തൃക്കരങ്ങളിൽ സമർപ്പിച്ചുകൊണ്ടു ലോകരംഗത്തിൽനിന്നും തിരോധാനം ചെയ്തു. ഉടനേതന്നെ ഈ പൂജ്യപാദനുവേണ്ടി അച്ചന്മാർ കുർബാന സമർപ്പിക്കയും വലിയ മണികൊട്ടി മരണവാർത്ത പരസ്യപ്പെടുത്തുകയുമുണ്ടായി. ഈ ദുഃഖവാർത്ത അറിഞ്ഞയുടനെ ജനങ്ങൾ നാനാഭാഗത്തുനിന്നും കൂട്ടംകൂട്ടമായി വന്നുകൊണ്ടിരുന്നതിനാൽ മൃതശരീരം കഴിയുന്നതുംവേഗത്തിൽ ചമയിച്ചു പള്ളിയിൽ പ്രസിദ്ധമായി സ്ഥാപിക്കേണ്ടതായി വന്നു.

## ശവസംസ്ക്കാരം.

അന്നത്തെ മുറ അനുസരിച്ചു കുർബാനക്കുപ്പായവുംമററും അണിയിച്ചാണു മൃതശരീരം പള്ളിയിൽ സ്ഥാപിച്ചതു്. അപ്പോൾ തുട

---

ദേശമനുസരിച്ച് ൧൮൫൯-ൽ മാന്നാനത്തു വസിച്ചിരുന്ന നവസന്ന്യാസികളെ ഇവിടെയുള്ളവരോടുകൂടിചേർത്തു. ഇതിനും പുറമെ പല സ്ഥലങ്ങളിൽനിന്നും ബാലന്മാരായ യോഗാർത്ഥികളും പുതുതായി ചേർന്നുകൊണ്ടിരുന്നു. ഇതിനാൽ സ്ഥലസൌകര്യമില്ലാതായപ്പോൾ ൧൮൬൯-ൽ രണ്ടും മൂന്നും നിലകളിലായി രണ്ടു കെട്ടിടങ്ങൾ അവിടെ പണിയിക്കേണ്ടതായിവന്നു. ഈ കെട്ടിടത്തിലാണ് ചാവറയച്ചൻ ൧൮൬൪ മുതൽ ൭൧-വരെ അതായതു മരണംവരെ വസിച്ചതു്. സുറിയാനിക്കാരെ വരാപ്പുഴ ഭരണത്തിൽനിന്നും വിടർത്തിയപ്പോൾ, സ്വാവകാശസ്ഥാപനത്തിനു തക്ക രേഖയില്ലായിരുന്നതുകൊണ്ടു് ഈ കൊവേന്ത ൧൮൮൯-ൽ റോമായിലെ നിശ്ചയപ്രകാരം ലത്തീൻകാർക്കു വിട്ടുകൊടുക്കുവാൻ ഇടയായി.

ങ്ങി ജനങ്ങൾ കൈകാലുകൾ ചുംബിക്കയും ജപമാല മുതലായതു ജപിക്കയുംചെയ്തിരുന്നു. കുബ്ബാനക്കുപ്പായം ധരിപ്പിച്ചതു വികാരിജനറാൾ ഫീലിപ്പോസ് മിഷ്യനറി കണ്ടപ്പോൾ, പ്രിയോരച്ചൻ ഒരു സന്ന്യാസിയും ശ്രേഷ്ഠനുമാകയാൽ സന്ന്യാസികൾക്കു അനുയോജ്യമായ വസ്ത്രങ്ങൾമാത്രം ധരിപ്പിക്കുന്നതാകുന്നു ക്രമവും മേലിൽ എല്ലാവക്കും സന്മാതൃകയും എന്നു പറകയുണ്ടായി. ആകയാൽ രാത്രിയിൽ കുബ്ബാനക്കുപ്പായങ്ങൾ മാററി സൂപ്ലെസും ഊറാലയും മാത്രമാണു അലങ്കാരചിഹ്നമായി അണിയിച്ചതു്. നാലാംതിയതി കാലത്തു് 'സൂപ്പസ്സ്'കുബ്ബാനയുടെശേഷം പോരൂക്കര കുര്യാക്കോസ് ഏലീശാച്ചൻെറയും ചാവറ യൌസേപ്പച്ചൻെറയും കാർമ്മികത്വത്തിൽ സംസ്കാരകർമ്മം നടത്തി. ഇതിൽ സംബന്ധിച്ച ജനങ്ങളുടെയും വൈദികരുടെയും സംഖ്യ പ്രിയോരച്ചനോടുള്ള സ്നേഹബഹുമാനങ്ങളെ സവിശേഷം പ്രത്യക്ഷപ്പെടുത്തുമാറു അത്ര അധികമായിരുന്നു. തത്തമ്പള്ളി കാപ്പിൽ മത്തായി മറിയംഅച്ചനായിരുന്നു ചരമപ്രസംഗം ചെയ്തതു്. ഇപ്രകാരം ൧൮൭൧ ജനുവരി ൩-ാംനു- കേരളത്തിലെ സുറിയാനി കർമ്മലീത്താസഭയുടെ അടിസ്ഥാനക്കാരനും ഒന്നാമത്തെ പ്രിയോർജനറാളും സന്ന്യാസികൾക്കും പട്ടക്കാക്കും ഉത്തമ ദൃഷ്ടാന്തവും സർവജനസംപൂജ്യനുമായ കുര്യാക്കോസ് ഏലീയാസച്ചൻെറ മൃതശരീരം കൂനമ്മാവു വി. ഫെ്ലമേനായുടെ ദേവാലയത്തിൽ മദ്ബഹായുടെ താഴെ അഴിയോടുചേൎന്നു മദ്ധ്യഭാഗത്തിൽ സംസ്കരിക്കപ്പെട്ടു.

## അവശിഷ്ടം മാററം.

നമ്മുടെ കഥാനായകൻെറ അവശിഷ്ടങ്ങൾ കൂനമ്മാവുങ്കൽനിന്നും മാന്നാനത്തുകൊണ്ടുവന്നു് ൧൮൮൯ മെയ് ൨൪-ാംനു- വെള്ളിയാഴ്ച കാലത്തു ൮ മണിക്കു റാസ്, ഒപ്പീസ്, സന്ദർഭോചിതമായ പ്രസംഗം ഇവയുടെശേഷം അവിടുത്തെ ആശ്രമദേവാലയത്തിൽ മദ്ബഹായുടെ അഴിക്കുതാഴെ തെക്കുവശത്തു സാഘോഷം നിക്ഷേപിക്കയുണ്ടായി. തദവസരത്തിൽ എല്ലാ കൊവേന്തകളുടെയും ശ്രേഷ്ഠന്മാരും പല സന്ന്യാസപ്പട്ടക്കാരും ഇരുപതിൽപ്പരം

ഇടവകപ്പട്ടക്കാരും വളരെ ജനങ്ങളും സന്നിഹിതരായിരുന്നു. ഇദ്ദേഹം ഉപയോഗിച്ചിരുന്ന പുസ്തകങ്ങൾ, വസ്ത്രങ്ങൾ ആദിയായ സാമാനങ്ങൾ പലസ്ഥലങ്ങളിലേക്കും വിഭജിച്ചുകൊടുക്കപ്പെട്ടു. അവ ഇപ്പോഴും പൂജ്യമായി സൂക്ഷിക്കപ്പെട്ടുവരുന്നുണ്ട്. ഈ പുണ്യശ്ലോകന്റെ മാദ്ധ്യസ്ഥംമൂലം ആത്മികവും ശാരീരികവുമായ പലനന്മകൾ പലർക്കും ലഭിക്കുന്നുണ്ടെന്നുള്ള സംഗതി ഏറെ ആരും അറിഞ്ഞിട്ടുണ്ടെന്നു തോന്നുന്നില്ല.



മാന്നാനം ആശ്രമദേവാലയത്തിലെ പ്രധാന ബലിപീഠം.

ഈ പീഠത്തിനു പുരോഭാഗത്താണ് കുറിയാക്കോസച്ചന്റെ പൂജ്യാവശിഷ്ടം ഇപ്പോൾ നിക്ഷേപിച്ചിരിക്കുന്നത്.

# പരബ്രഹ്മമാനം.

ജീവിച്ചിരുന്ന കാലത്തു എല്ലാവരാലും പ്രത്യേകം അടുത്തു പരിചയിച്ചിട്ടുള്ള പാശ്ചാത്യമിഷ്യനറിമാരാലും ഒരു വിശുദ്ധനെന്നു പരിഗണിക്കപ്പെട്ടിരുന്ന ഒരാളാണു നമ്മുടെ സ്മൎയ്യപുരുഷൻ എന്നു ആധുനികരിൽ അധികമാരും അറിഞ്ഞിട്ടില്ലായിരിക്കാം. ഇദ്ദേഹത്തിൻെറ വാൎദ്ധക്യദശയിൽ കുറെ കഞ്ഞിവെള്ളം കുടിച്ചശേഷം പാത്രം ഇദ്ദേഹം പുറത്തേക്കു കൊടുത്തതു ഒരു മിഷ്യനറി കാണുകയും, ആ പാത്രംവാങ്ങി അതിലെ കഞ്ഞിവെള്ളം ഒരു തീൎത്ഥജലം എന്ന കണക്കെ, മുഴുവനും കുടിക്കുകയും ചെയ്തു. ഇദ്ദേഹം വരാപ്പുഴ അതിരൂപതയുടെ വികാരിജനറാളും നമ്മുടെ കഥാനായകൻെറ ആദ്ധ്യാത്മികപിതാവുമായിരുന്ന ഫാദർ പീലിപ്പോസ് സി. ഡി. അവർകളായിരുന്നു എന്നു കേൾക്കുമ്പോൾ പാശ്ചാത്യർക്കുപോലും സ്മൎയ്യപുരുഷൻെറ പുണ്യധാവള്യത്തെപ്പററിയുള്ള മതിപ്പു എത്ര വലുതായിരുന്നു എന്നു ഏതാണ്ടു ഊഹിക്കാമല്ലൊ. കുര്യാക്കോസച്ചൻെറ കുമ്പസാരക്കാരൻ എന്നനിലയിൽ അദ്ദേഹത്തിൻെറ ആത്മാവസ്ഥ ശരിയായി ഗ്രഹിച്ചിട്ടുള്ള ഒരാളാണ് ലേയോപ്പോൾഡ് മിഷ്യനറി. ഇദ്ദേഹം ഈ സംപൂജ്യൻെറ മൃതശരീരം അഭംഗുരമായി കാണപ്പെട്ടേക്കുമൊ എന്നു കരുതി ശവകുടീരം തുറപ്പിച്ചു പരിശോധിക്കുകയുണ്ടായി. നമ്മുടെ കഥാനായകനെ പള്ളികളിൽ സ്വീകരിച്ചിരുന്നതു ഒരു മെത്രാനെ എതിരേല്ക്കുന്നതുപോലെ പള്ളിവക ആഡംബരസാമഗ്രികളോടുകൂടിയായിരുന്നു. തദവസരങ്ങളിൽ ഇദ്ദേഹത്തെ കണ്ണു കുളൎക്കെ കാണ്മാനായി ഓടിക്കൂടിയിരുന്ന ആളുകളുടെ തുകയും ഒട്ടും കുറവായിരുന്നില്ല. ഒരിക്കൽ ബെൎണ്ണർദീനോസ് മെത്രാപ്പോലീത്താ നമ്മുടെ കഥാനായകൻെറ മുറിയിൽ ചെല്ലുകയുണ്ടായി. അവിടെ ഒരു കസേര മാത്രമേ ഉണ്ടായിരുന്നുള്ളു. (ഈ ഒററക്കസേര അദ്ദേഹത്തിൻെറ അനാഡംബരജീവിതത്തെ വിളിച്ചറിയിക്കുന്നുണ്ടല്ലൊ. ആ സംഗതി പോകട്ടെ.) ആ കസേരയിൽ കുര്യാക്കോസച്ചനെ ഇരുത്തിക്കൊണ്ടു മെത്രാപ്പോലീത്താ ഒരു പെട്ടിയുടെ പുറത്തിരുന്നുകൊണ്ടാണു

അപ്പോൾ സംസാരിച്ചതു്. ഇതിനു ദൃക്സാക്ഷി തോപ്പിൽ അംബ്രോസീസ് പട്ടക്കാരനാണ്. വയോവൃദ്ധനും തപോവൃദ്ധനുമായി ഇപ്പോൾ പുളിംകുന്നു പള്ളിമേടയിൽ താമസിക്കുന്ന ഇദ്ദേഹം കുര്യാക്കോസച്ചൻെറ അപദാനങ്ങളെ വൎണ്ണിക്കയിൽ ഈ സംഗതിയും ഈ എഴുത്തുകാരനോടു പറഞ്ഞതാണ്. ഇദ്ദേഹം പത്തു കൊല്ലം കുര്യാക്കോസച്ചൻെറ ശിഷ്യനായി കൂടെതാമസിച്ചിട്ടുണ്ടു്. വേറൊരു ശിഷ്യനും ധ്യാനപ്രസംഗി എന്നനിലയിൽ കേരളീയ കത്തോലിക്കൎക്കു സുപരിചിതനും ഒരു പുണ്യാത്മാവുമായ പാലാക്കുന്നേൽ ചാക്കോച്ചൻ പറയുന്നതു് "വലിയ പ്രിയോരച്ചനെ കണ്ടാൽ ഒരു മാലാഖായെന്നേ തോന്നുകയുള്ളു" എന്നാണ്. ഈദൃശ സംഭവങ്ങൾ വേറെയും പലതുണ്ടെങ്കിലും വിസ്തരഭയത്താൽ ഇവിടെ ചേൎക്കുന്നില്ല. ഇനി ഒരു ഹിന്ദു ഉദ്യോഗസ്ഥൻെറ സാക്ഷ്യം ഇവിടെ ഉദ്ധരിക്കാം. ആനക്കല്ലുപള്ളി ഇടവകക്കാരിൽ, ശീശ്മഭാഗത്തു ചേൎന്നിന്ന ചിലർ കുര്യാക്കോസച്ചനേപ്പററി മീനച്ചിൽ തഹസീൽദാരുടെ പക്കൽ ആക്ഷേപഹർജി അയച്ചിരുന്നു. എന്നാൽ പ്രസ്തുത ഉദ്യോഗസ്ഥൻ അച്ചനെ കണ്ടമാത്രയിൽ അയാൾക്കുണ്ടായ പ്രഥമവികാരവും അഭിപ്രായവും പെട്ടെന്നു വാഗ്രൂപേണ നിൎഗ്ഗമിച്ചതു്. "ഇദ്ദേഹം ഒരു ദിവ്യപുരുഷൻ ആകുന്നു"എന്നാണ്. മാത്രമല്ല. "ഇത്രമഹാനും ഈശ്വരപ്രസാദമുള്ളവനുമായ ഇദ്ദേഹത്തേപ്പററി പരാതി ബോധിപ്പിച്ചവർ മഹാദുഷ്ടന്മാരും ദൈവകോപത്തിനു അർഹന്മാരുമാണ്" എന്നു പരസ്യമായി പ്രസ്താവിക്കയുംചെയ്തു. നവീകരണ മാൎത്തോമ്മാസുറിയാനിസഭയുടെ സ്ഥാപകനും നമ്മുടെ കഥാനായകൻെറ മിത്രവുമായിരുന്ന മാത്യൂസ് അത്തനാസ്യൂസ് മെത്രാൻ "ഈ നാട്ടിൽ വല്ല ചാവറയൊമറെറാ അല്ലാതെ ആരാണു സ്വൎഗ്ഗത്തിൽ പോകുന്നതു്?" എന്നു അല്പം ഫലിതരസത്തിൽ പറയാറുണ്ടായിരുന്നു. ഇതിൽനിന്നും അകത്തോലിക്കർപോലും ചാവറയച്ചനെ ഒരു പുണ്യപുരുഷനായിട്ടത്രെ കരുതിയിരുന്നതെന്നു മനസ്സിലാക്കാമല്ലൊ.

## ആകൃതിവൎണ്ണന.

ഇതഃപൎയ്യന്തം ഈ മഹാത്മാവിൻെറ പ്രകൃതിയേപ്പററിയാണല്ലൊ പ്രതിപാദിച്ചതു്. ഇനി ആകൃതിയേപ്പററി അല്പം അറിവിക്കാം. നിറം നാടൻരീതിയിൽ തനിവെള്ള. (൧) ഇത്രയുംകൊണ്ടു വൎണ്ണനിൎണ്ണയംചെയ്യാൻ കുഴങ്ങുന്നവർ, നമ്മുടെ കഥാനായകൻെറ ഒരു അനന്തിരവനും ചങ്ങനാശേരി രൂപതാദ്ധ്യക്ഷനുമായ കാളാച്ചേരിൽ ജയിംസ് മെത്രാനച്ചൻ തിരുമേനിയെ ഒരു നോക്കു കണ്ടാൽ മതി. മുഖം അണ്ഡാകൃതിയേക്കാൾ വൃത്താകൃതിയേയാണു അവലംബിച്ചിരുന്നതു്. അഗാധമായ ബുദ്ധിതത്വത്തെ പ്രദ്യോതിപ്പിക്കുന്ന വിസ്താരമായ നെററിത്തടം. കഷണ്ടിയാണെങ്കിൽ



മലങ്കര റീത്തുമെത്രാന്മാർ.

സഭയുടെ ശതാബ്ദപൂൎത്തിമഹോത്സവം ചെത്തിപ്പുഴവച്ചു ഘോഷിച്ച അവസരത്തിൽ സന്നിഹിതരായിരുന്ന മലങ്കര സുറിയാനി റീത്തിലെ മേലദ്ധ്യക്ഷന്മാരും ഏതാനും പട്ടക്കാരും.

"ഉണ്ടെന്നു പറവാനൊട്ടില്ലതാനും; ഇല്ലെന്നു പറവാനൊട്ടല്ലതാനും." വിശാലഹൃദയത്വത്തെ വിളിച്ചറിയിക്കുന്നുവൊ എന്നു തോന്നിക്കുന്ന വിശാലനേത്രങ്ങൾ. വിശുദ്ധ നാസികയ്ക്കു് അശുദ്ധവായു അനനുയോജ്യമെന്നു കണ്ടിട്ടായിരിക്കുമൊ സൃഷ്ടികർത്താവു നാസികാനിർമ്മാണത്തിൽ അല്പലോപം പ്രദർശിപ്പിച്ചതു്? അതെങ്ങനെയുമാകട്ടെ; കണ്ണിന്റെ വലിപ്പവും മൂക്കിന്റെ ചെറുപ്പവും സുമുഖതയ്ക്കു തെല്ലും ഹാനികരമല്ലായിരുന്നു എന്നു തീർത്തുപറയാം. (വ) വളരെ വളരെ ദേഹാദ്ധ്വാനം ചെയ്തിട്ടുള്ള ഒരാളിന്റെ കരചരണങ്ങൾ ബലിഷ്ഠങ്ങളായിരുന്നു എന്നു പറവാൻ അവശ്യമില്ലെങ്കിലും സുന്ദരങ്ങളായിരുന്നുഎന്നു പറവാൻഅവശ്യമുണ്ടു്.(ന)മാംസളശരീരനായിരുന്നതിനാൽ ഉള്ളേടത്തോളം പൊക്കം തോന്നിച്ചിരുന്നില്ലെങ്കിലും ഹ്റസ്വകായനായിരുന്നില്ല. വള്ളിച്ചെരുപ്പാണെങ്കിലും പാദരക്ഷകൂടാതെ നടന്നിരുന്നില്ല. ഇതിൽ പ്രത്യേകനിഷ്ഠയുണ്ടായിരുന്നു. അകെക്കൂടി പറഞ്ഞാൽ കാണികളുടെ കണ്ണും കരളും കവരുന്ന രൂപം. (ര)

ഫ) ൧൮൯൨-ൽ നടന്ന ലെയൊനാർഡ് മെത്രാപ്പോലീത്തായുടെ അഭിഷേകകർമ്മത്തിനു കോയമ്പത്തൂരിൽനിന്നു വരാപ്പുഴവന്നിരുന്ന ദെല്ലെ്പ്രാമിയാ എന്ന മെത്രാൻ കയ്യാലക്കോസച്ചനെ കണ്ടപ്പോൾ, "നാട്ടിൽ വന്നിട്ടു എത്ര നാളായി" എന്നു ചോദിച്ചു. താൻ നാട്ടുകാരനാണെന്നു പലവുരു പറഞ്ഞിട്ടും, ഇത്താലിയാക്കാരനെന്നു അദ്ദേഹത്തെ തെററിദ്ധരിച്ച മെത്രാനു അതു ഉടനെ സമ്മതം വന്നില്ല.

വ) കേരളപ്രസിദ്ധനായ തച്ചിൽ മാത്തുത്തരകന്റെ പ്രസ്താവന "പുരുഷവർഗ്ഗത്തിൽ ഇത്രയും യോഗ്യനായ ഒരാളെ ഞാൻ കണ്ടിട്ടില്ല."

ന) കയ്യാലക്കോസച്ചനുമായി അടുത്തു പരിചയിക്കുന്നതിനു ഇടയായ ആളും നസ്രാണിദീപികയുടെ ആരംഭകന്മാരിൽ ഒരാളുമായ ജരാർദ്ദച്ചന്റെ അഭിപ്രായം "അദ്ദേഹത്തിന്റെ കൈകാലുകൾ ദന്തം കടഞ്ഞെടുത്തതുപോലെയാണു്."

ര) മുട്ടുചിറ ഇടവക മടത്തിക്കുന്നേൽ മാണി കത്തനാർ എന്ന വയോവൃദ്ധൻ ഒരിരുപതുകൊല്ലം മുമ്പു് മാന്നാനം കൊവേന്തയിൽനിന്നും വീട്ടിലേക്കു പോയ ഒരു യോഗാർത്ഥിയെ മാർഗ്ഗമദ്ധ്യേ കണ്ടപ്പോൾ വിചാരഭരിതനായി പെട്ടെന്നു പറഞ്ഞതാണു കീഴെ കാണുന്നതു്. ഈ വിദ്യാർത്ഥി ഇപ്പോൾ ഫാദർ സർഗീസ് എന്നപേരിൽ അറിയപ്പെടുന്നു. "വലിയ പ്രിയോരച്ചനെ കണ്ടിട്ടില്ലല്ലൊ. ഞാൻ കണ്ടിട്ടുണ്ടു്. കാണുന്നതിനും അദ്ദേഹത്തിന്റെ മധുരമായ പ്രസംഗം കേൾക്കുന്നതിനുമുള്ള ഭാഗ്യം എനിക്കു ലഭിച്ചിട്ടുണ്ടു്. ഹാ! എത്ര ആനന്ദകരമായ കാഴ്ചയാണു അദ്ദേഹത്തെ കാണുന്നതു് എന്നു പറവാൻ വിഷമം. ദേഹാദകുഞ്ഞദശായാൽനിറഞ്ഞയാൾ. ചെറിയ മണിസ്വരം.

എന്നാൽ പള്ളിയിൽ എല്ലാവൎക്കും അദ്ദേഹത്തിന്റെ ഇമ്പമായ പ്രസംഗം കേൾപ്പാൻ യാതൊരു പ്രയാസവുമില്ലാ. ഹാ! ആ ഓൎമ്മ ഞാൻ ഒരിക്കലും മറന്നിട്ടില്ല. ഇന്നും ഇന്നലത്തെപ്പോലെ തോന്നുന്നു."


## നമ്മുടെ കടമ.

മിശിഹായുടെ ശിഷ്യപ്രമുഖരിൽ ഒരുവനായ മാർ തോമ്മാശ്ലീഹാ കേരളക്കരയിൽ സത്യദീപം കൊളുത്തിട്ടു ഇപ്പോൾ പത്തൊൻപതു നൂററാണ്ടു കഴിഞ്ഞെങ്കിലും തിരുസഭ ഔദ്യോഗികമായി വിശ്വാസികളുടെ വണക്കത്തിനായി വിശുദ്ധന്മാരുടെ പട്ടികയിൽ ചേൎത്തിട്ടുള്ള ഒരു പുണ്യവാനെ കാണുന്നതിനുള്ള ഭാഗ്യം കേരളത്തിനു ഇതേവരെ സിദ്ധിച്ചിട്ടില്ലല്ലൊ എന്നോൎത്തു വ്യസനിക്കാത്തവരായി അധികമാരും ഉണ്ടെന്നു തോന്നുന്നില്ല. എന്നാൽ ചാവറ കുൎയ്യാക്കോസച്ചനെപ്പോലെയുള്ള പുണ്യപുരുഷന്മാരുടെ ജീവിതശുദ്ധിയെപ്പററി ചിന്തിക്കുമ്പോൾ, തിരുസഭയാൽ പരസ്യബഹുമാനത്തിനും വണക്കത്തിനുമായി 'അൾത്താര'യിലേക്കു ഉയൎത്തപ്പെടുന്നതിനു യോഗ്യന്മാരായവർ നമ്മുടെ നാട്ടിൽ ഇല്ലാഞ്ഞിട്ടല്ല, പ്രത്യുത നമ്മുടെ പ്രാൎത്ഥന വൈമുഖ്യവും ഉത്സാഹക്കുറവും നിമിത്തമാണു് ഏതദ്ദേശീയനായ ഒരു വിശുദ്ധൻ ഔദ്യോഗികമായി നാമകരണം ചെയ്യപ്പെട്ടു കാണുന്നതിനുള്ള ഭാഗധേയം നമുക്കു സിദ്ധിച്ചിട്ടില്ലാത്തതു എന്നു കാണാവുന്നതാണു്. അതിനാൽ "ഒരു സ്വദേശീയനെ അതെ പരിശുദ്ധ ജീവിതത്തിനു ഏററം പററിയതായ ഒരു സന്യാസസഭാസ്ഥാപനം നിൎവ്വഹിച്ച ആ യോഗീശനെ ത്തന്നെ വിശുദ്ധ പീഠത്തിൽ അത്ര വിദൂരമല്ലാത്ത ഭാവിയിൽ ആരോപണം ചെയ്യണമെ" എന്നു സൎവ്വേശ്വരനോടു നമുക്കു ഉള്ളഴിഞ്ഞു പ്രാൎത്ഥിക്കാം.

## ഒരു വിജ്ഞാപനം.


ഈ പുണ്യാത്മാവിനോടുള്ള മാദ്ധ്യസ്ഥപ്രാൎത്ഥന മൂലം വിസ്മയകരമായ ചില നന്മകൾ ലഭിച്ചിട്ടുള്ളതായി അറിവുണ്ടു്. അവയും ഇദ്ദേഹംമൂലം ഇനി ലഭിക്കുവാനിരിക്കുന്ന ആത്മികവും ശാരീരികവുമായ നന്മകളും കൂട്ടി

ച്ചേർത്തു പരസ്യപ്പെടുത്തണമെന്നു കരുതീട്ടുള്ളതിനാൽ അവ ലഭിക്കുന്നവർ വിവരമായി മാന്നാനം പ്രസ്സ് സൂപ്രണ്ടിനെ അറിയിപ്പാറാകണം.



൧൯൩൧—ലെ മാന്നാനം കുന്ന്.

# അനുബന്ധം.



കുര്യാക്കോസച്ചൻ
ഭാഗ്യവാനെന്ന് നാമകരണം ചെയ്യപ്പെടുവാൻ
വേണ്ടിയുള്ള ജപം.

(രഹസ്യ ഉപയോഗത്തിനുമാത്രം)

സ്നേഹമുള്ള ഈശോയെ! അങ്ങേനേരേയുള്ള സ്നേഹത്താൽ ഉജ്ജ്വലിക്കുകയും, ഈ സ്നേഹം മററുള്ളവരിലും പ്രോജ്ജ്വലിക്കുന്നതിനുവേണ്ടി നിരവധി ബുദ്ധിമുട്ടുകളും, ക്ലേശങ്ങളും സഹിക്കുകയും ചെയ്ത അങ്ങേ വിനീതദാസനായ കുറിയാക്കോസ് ഏലിയാസച്ചനെ* സ്വർഗ്ഗത്തിലും ഭൂമിയിലും മഹത്വപ്പെടുത്തുവാൻ കഴിയുന്നതും വേഗം ഇടയാക്കണമെ. ൧ ത്രി.

പരി: കർമ്മലനാഥേ! ജനനം മുതൽ അങ്ങേ പരിപാലനത്തിനും പരിലാളനത്തിനും പാത്രീഭൂതനായ ദേഹവും അങ്ങേ വാത്സല്യ ഭാജനങ്ങളുടെ സഭയെ കേരളക്കരയിൽ സ്ഥാപിക്കുന്നതിന്, ആ സഭാസ്ഥാപകന്മാരുടെ സഹപ്രവർത്തകനായി തീവ്രയത്നങ്ങൾ ചെയ്ത അങ്ങേ പ്രിയസുതനുമായ കുര്യാക്കോസ് ഏലിയാസച്ചനെ ദൈവസ്തുതിക്കും തിരുസഭയുടെ മഹത്വത്തിനും വേണ്ടി വിശുദ്ധന്മാരുടെ ഗണത്തിൽ ചേർക്കുന്നതിന് ദൈവതിരുസിംഹാസനത്തിൻ മുമ്പാകെ അങ്ങേ ശക്തിയേറിയ മാദ്ധ്യസ്ഥം പ്രയോഗിക്കുമാറാകണമെ. ൧ ത്രി.

കർമ്മലസഭയുടെ പ്രത്യേക സംരക്ഷകനും, പിതാവുമായ വി. യൗസേപ്പേ! അങ്ങേ നിഷ്ക്കപടഭക്തനായ കുറിയാക്കോസച്ചനെ ആദരിക്കണമെ. ഞങ്ങളുടെ പിതാവായ മാർ തോമ്മാശ്ലീഹായെ! അങ്ങേ പ്രേഷിതരംഗമായ ഈ തോട്ടത്തിൽ വിടർന്നു വികസിച്ച അങ്ങേ പ്രേമകുസുമത്തിൻെറ ചേതോഹരത്വത്തെ ഏവരും അറിയുകയും ആസ്വദിക്കുകയും ചെയ്യുന്നതിന് 'ഭാഗ്യവാവാനെ'ന്ന പദവിയാൽ നിൻെറ അശ്രിതൻെറ നിർമ്മല ശിരസ്സിനെ അലങ്കരിക്കുവാൻ ദൈവസന്നിധിയിൽ അവിടുന്ന് തീക്ഷ്ണതാപൂർവ്വം പ്രാർത്ഥിക്കണമെ. ൧ ത്രി.

പ്രാർത്ഥിക്ക.

സ്വർഗ്ഗസ്ഥനായ നിത്യപിതാവേ! കുറിയാക്കോസ് ഏലിയാസച്ചനെ തിരുസ്സഭയിൽ പരസ്യമായി വണങ്ങുന്നതിനിടയാകുവാനായി, ഇന്നു ലോകത്തിൽ അർപ്പിക്കപ്പെടുന്ന സകല ദിവ്യ പൂജകളേയും അങ്ങേക്കു ഞാൻ കാഴ്ചവെക്കുന്നു. അങ്ങേ സ്തുതിക്കും ആത്മാക്കളുടെ നിത്യരക്ഷക്കും ഉതകുമാറു ഞങ്ങൾ ഹൃദയപൂർവ്വം ചെയ്യുന്ന ഈ പ്രാർത്ഥനയെ അവിടുന്ന് ശ്രവിക്കുമാറാകണമെ. ആമ്മേൻ.

---

Imprimatur.

† J. KALACHERRY.

Ep. Changanacherry.

11- XI- '36.

# കൊവേന്തകളിലേക്കു അയച്ച ഒരു പരസ്യക്കത്തു്.

മ്ശി. സ. ൧൨൦. മ. യ.

ഫെബ്രു ചിങ്ങം

ബ. എന്റെ കൂടപ്പിറപ്പുകളായ കൊവേന്തഅച്ചന്മാരും സ്നേഹിക്കപ്പെട്ട മക്കളായ പുതുസന്ന്യാസികൾ അൽമേനിദൎശന ക്കാരഎവരോടുംകൂടെ കൎത്താവിൽ സ്വാതംചൊല്ലി നിങ്ങളുടെ ശുശ്രൂഷിആയ അഹറാ കുൎയ്യാക്കോസ് ഏലിയാ ദ. തൂ. ക. എന്ന ഞാൻ നിങ്ങളോടല്ല എന്റെ കഴിവ് പടാത്തയും ഒട്ടുക്കത്തെ ഗുണദോഷവാക്കം ചാവരുളുമായി ഇതിനെ അറിയിക്കുന്നു.

ഫ. പ്രിയമുള്ള കുഞ്ഞുങ്ങളെ നാം സൎവ്വേശ്വരന്റെ വിശേഷകൃപയാൽ ദൈവമാതാവിനു എത്രയും ഇഷ്ടപ്പെട്ടവരായ കൎമ്മലീത്തസഭാക്കരരായി വിളിക്കപ്പെട്ടു. എന്നാൽ ഇതു് ദൈവാലോചനയാൽ അല്ലാതെ മാനുഷന്നടുത്ത വിചാരത്താലല്ലായെന്ന് (ഇതു കടലാസ) എന്ന് കാണവണ്ണം കണ്ടുറച്ചിരിക്കുന്നു. അതെങ്ങിനെയെന്നാൽ ഇതിന്റെ അടിസ്ഥാനക്കാരനായ പെ. ബ. പാ. ല. പൊരു. എന്ന തോമ്മാച്ചന്മാരു അപേക്ഷിച്ചതും ക്രമപ്പെട്ടത്തിവന്നതും ശു. ദുമനിക്കോസിന്റെ സഭക്കാരാകണമെന്നത്രെ. ഇതിനായിട്ടത്രെ അതുവരെ ഇവിടെ നടപ്പില്ലാത്ത വെള്ള ളോവഉടുത്തു തുടങ്ങിയതും ശേഷവും. ഇതിനാൽ നമ്മുടെ ബലക്ഷയം കണ്ടിട്ട് ൧൨൦. ശു. ശു. അമ്മ തന്റെ വിശേഷസ്നേഹത്തിൽ ചേൎത്തു. എന്നാൽ കുഞ്ഞുങ്ങളെ ഞാനും നിങ്ങളും ഇതുവരെ പട്ടാംഗയുള്ള സന്ന്യാസികൾ അയില്ല. സന്ന്യാസിയുടെ ഏകമായ അടയാളം സ്വാതന്ത്ര മനസ്സിനെ മുഴുവനും ഉപേക്ഷിച്ച് കണ്ണും ചെവിയും ഇല്ലാത്ത ചൊൽവിളി അത്രെ. ഇതുള്ളവൻ സന്ന്യാസി. എന്നാൽ ഇതു പ്രയാസമില്ലാത്ത ഒരു കാൎയ്യം എംകിലും മുഴുവനായി അയില്ല എന്നു 'ഓൎത്ത ഉത്സാഹിക്കണം. ഇതിന്ന പെ. പെ. ബ. വിഗാരിഅപ്പസ്തൊലിക്ക അച്ചന്റെയും നമുക്ക് ദലഗാത്തായി കല്പിച്ചുതരുന്ന പെ. ബ. മൂപ്പച്ചന്റെയും മനസ്സിന്നും ദൈവത്തിന്റെയും ഇവരു

ടെയും കല്പനകൾക്കു വിരോധമില്ലാത്ത സകല കാര്യത്തിലും ശേഷമുള്ള പെ. ബ. മിസ്യോം. മൂപ്പച്ചന്മാരുടെയും ചൊൽവിളിക്കും നിങ്ങളെത്തന്നെ കീഴ്‌വഴക്കി ഒരം മുഴുവനായ ചൊൽവിളിയിൽ അഭ്യസിക്കണം. എന്നാൽ വിഷാദിക്കണ്ടാ. തുടക്കത്തിൽ വിഷമവും നടപ്പുകേടും ആയിട്ടു തോന്നിയാലും കുറെ കഴിയുമ്പോൾ നന്നായിയെന്നും ഇതത്രെ വേണ്ടിയതെന്നും തോന്നുന്നതുമല്ലാതെ വളരെ ഹൃദയസമാധാനം രസിക്കയും ചെയ്യും. അപ്രകാരം കീഴതലവന്മാൎക്കും ഒട്ടുക്കും തമ്മിൽതമ്മിലും. ഒരം മൂന്നുപദവിയിലും ഒരുപോലെ ചൊൽവിളി കാക്കുന്നവൻ ആരൊ, അവൻ മോക്ഷസമാധാനം ഒരം ചെറിയ മോക്ഷമായ കൊവേന്തയിൽ വച്ചുതന്നെ രസിക്കും നിശ്ചയം.

൨. പ്രിയമുള്ള കൂടപ്പിറപ്പുകളായ റവ. ബ. ഒരൊരൊ കൊവെന്തകളുടെ വിഗാരിഅച്ചന്മാര്, പട്ടാംഗ ആയിട്ടുള്ള ഉപവിയും കെട്ടുപാടും. എത്ര കൊവേന്തകൾ ഉണ്ടായാലും ഒരു വീട്, ഒരമ്മയുടെ ഉദരത്തിൽനിന്നു പിറന്ന് അത്തള്ളയുടെ പാൽകുടിച്ച് വളൎന്നവർ എന്നതിൻവണ്ണമുള്ള പട്ടാംഗയുള്ള സ്നേഹത്തിന്നു ഒരിക്കലും ഭേദംവരുത്താതെ മെല്ക്കുമെൽ വൎദ്ധിച്ചുവരികയും വേണം. ഇതു എത്രയും വലിയ ഒരു ഗുണദോഷമെന്നു ഓൎത്തുകൊള്ളണം. ഒരം സ്നേഹം എപ്പോഴും കുറഞ്ഞുപോകാതിരിപ്പാനായിട്ടു ഒരൊരൊ കൊവെന്തകളുടെ ആവശ്യങ്ങൾ അതാതു വിഗാരിമാര സ്വന്ത കൊവേന്തയുടെ ആവശ്യങ്ങൾ അന്വേഷിച്ചു നടത്തുന്നതിനെക്കായിലും താല്പൎയ്യമായിട്ട് മററു കൊവേന്തയുടെ വിഗാരി അപേക്ഷിക്കുന്ന കാൎയ്യങ്ങളെ നടത്തികൊടുപ്പാൻ ശ്രമിക്കയും കണക്കുകൾ തമ്മിൽ തമ്മിലുള്ള, ആണ്ടാലോചനയിൽ കൂടുമ്പോൾ അതുവരെയും ഉള്ളതു് തീൎപ്പവാൻ ജാഗ്രത വെക്കുന്നതല്ലാതെയും ഒരം ഉപവി അററുപോകാതിരിപ്പാൻ ആണ്ടിന്നകത്തു പലപ്പോഴും തക്ക ആവശ്യമില്ലെങ്കിലും വിഗാരിമാർ തമ്മിൽ എഴുത്തുകളെ അയച്ച് അതാതു കൊവേന്തകളുടെ കൂടപ്പിറപ്പുകളുടെ സൗഖ്യവൎത്തമാനങ്ങളെ അറികയും അറിവിക്കയും ആവശ്യങ്ങൾ ഉണ്ടായിരുന്നാൽ നടത്തുകയും വേണം.

## (൨)

## ചാവറയച്ചൻെറ ശിഷ്യനായ
# പെ. ബ. ളൂയിസച്ചൻെറ ഒരു കത്തു്.

(ഇദ്ദേഹം ഇപ്പോൾ മഞ്ഞുമ്മേൽ കൊവേന്തയിൽ താമസിക്കുന്നു.)

മഞ്ഞുമ്മേൽ കൊവേന്ത,
൧൨ ജനുവരി, ൧൯൩൩.

പ്രി. ബ. മർച്ചെല്ലി അച്ച!

കഴിഞ്ഞ ൧-ാംനു-യിലെ അച്ചൻെറ എഴുത്തു് കുറെ മുമ്പു് കൈപ്പററി വായിച്ചു......... വന്ദ്യ പ്രിയോർ പിതാവു് പല വത്സരത്തേക്കു് ഠരംയുള്ളവൻെറ ആത്മപിതാവായിരുന്നു. സഭയിലെ ക്രമാനുസരണകൃത്യത– ദൈവത്തോടുള്ള സ്നേഹഐക്യത– വ്രതാനുഷ്ഠാനങ്ങളുടെ നിരന്തരശ്രദ്ധ ഇത്യാദി സൽതാല്പൎയ്യത്തോടെ പരിശീലിപ്പിച്ചുവന്നു........ ഓരോ കാൎയ്യം പറഞ്ഞിരുന്നപ്പോൾ അതതിൻെറ യഥാസ്ഥിതി കൃത്യമായി പറവാൻ വളരെ ശ്രദ്ധയുണ്ടായിരുന്നു. സഭയുടെ ക്രമാനുസരണത്തിൽ എന്നും നവസന്ന്യാസിയായിരുന്നു. ആദ്യത്തിൽ വൈകിട്ടത്തെ ധ്യാനം ഒരു മണിക്കൂറായിരുന്നല്ലൊ. ആ സമയം മുഴുവനും സദാ കണ്ണുനീർ ഒഴുക്കികൊണ്ടു് മുട്ടിന്മേൽതത്തെ പരവശമായി നിന്നിരുന്നു. . ... കണ്ണുനീർ ഒഴുക്കികൊണ്ടാണു് മുറിയിലേക്കു പോയിരുന്നതു്. കുൎബാനയെ ആരാധിച്ചു നിൽക്കുന്നതു് മനോഹര കാഴ്ചയായിരുന്നു. ജ്ഞാനവായന സ്വൎഗ്ഗീയപാനമായിരുന്നു. ഉല്ലാസസമയത്തിൽ ജ്ഞാനസംഭാഷണം നടപ്പാക്കിയിരുന്നു. അന്ത്യലേപനം കൊടുക്കുന്നതിനു് എല്ലാവരും മുറിയിൽ കൂടിയപ്പോൾ ഞാൻ ഈശോ മറിയം യൗസേപ്പിനെ എൻെറ ഹൃദയത്തിൽ നിത്യം സംഭരിച്ചിരുന്നതുകൊണ്ടു് തിരുക്കുടുംബത്തിൻെറ കുഴ്ലാക്കോസു് എന്ന നാമം ധരിച്ചു. ഇവർ എന്നെ എപ്പോഴും പാപാശുദ്ധത്തിൽനിന്നു് കാത്തുകൊണ്ടു എന്നു് പ്രസിദ്ധമായി പറഞ്ഞു. . .

Fr: Aloysius a S. Maria T. O. C. D.

(൩൨)

# കന്യാസ്ത്രീകൾക്കു രണ്ടു കത്തുകൾ.

൦൨൦. മ. യ.

എന്നാൽ നിങ്ങളോടും എട്ടക്കന്തോത്തു പൈതങ്ങളോടും ഒരു ഗുണദോഷവും ഞാൻ പറയുന്നില്ല എന്നതിനെക്കൊണ്ട് ഇനിക്ക് വല്യക്ലേശമുണ്ട്. എന്നാൽ എൻെറ ശരീരം അനുവദിക്കുന്നില്ലല്ലൊ. എന്നാൽ ൦൨൦ ചുരുങ്ങിയ ബുദ്ധി എല്ലാവരും കെട്ടു സൂക്ഷിച്ചു വായിച്ചാൽ കൊള്ളാം.

പുണ്യത്തിൻെറ മുകളിൽ കയറുവാനും കയറിയ ഇടത്തിൽനിന്ന് വീഴായ്വാനും സൂക്ഷിച്ച് നേർ വഴിയെ നടക്കണം. എന്നാൽ ഇതിൻെറ വഴിയായത്, പഴതെയുള്ള സംസാരത്തിനും അല്പനേരവും കളയാതെ ക്രമംപോലെയുള്ള ഉല്ലാസം കഴിച്ച് കിട്ടുന്നനേരം ജ്ഞാനവായനയിൽ ചിലവഴിക്കണം. ഇതു രണ്ടുപ്രകാരം.

വിശേഷപുത്തകങ്ങളും മററും വായിപ്പാനും അറിവാനും ചിലക്കിഷ്ടം, ഭംഗപ്പാടും വ്യാകുലവും, അധികഭക്തിആയി ജീവിച്ച ത്രേസ്യാ, റോസ ഇങ്ങിനെയുള്ളവരുടെ ചരിത്രം വായിപ്പാനും അറിവാനും ചിലക്കിഷ്ടം. ഇതിൽ ഒന്നാമത്തെ ആളുകൾ അറിവും തെളിവും അഗ്രഹിക്കുന്നു. രണ്ടാമത്തെ ആളുകൾ അറിവും ഭക്തിയും അഗ്രഹിക്കുന്നു. ഇതത്രെ വേഗം പുണ്യത്തിൽ കേറുവാനും വീഴായ്വാനും നിശ്ചയമുള്ള ക്രമം. ഇങ്ങനെ വായനമേൽ ഇഷ്ടമുണ്ടായാൽ ഏകാന്തത്തിന്മേൽ സന്തോഷമുണ്ടാകും. ഏകാന്തത്തിന്മേൽ സന്തോഷമുണ്ടാകുമ്പോൾ ആ ആത്മാവിനെ ഏകാന്തത്തിൽവച്ച് കാണ്മാനായിട്ട് ഈശോമ്ശിഹാ എഴുന്നെള്ളി ആ ആത്മാവിനോടുകൂടെ സംസാരിച്ചു തുടങ്ങും. തുടക്കത്തിൽ ആ പേച്ചും സംസാരവും നല്ലവണ്ണം തിരികയില്ല. അപ്പോൾ അത്രെ ൦൨൦ മണവാട്ടിയെ വിഞ്ഞുമുറിയിൽ കയററി കുറെ പകൻകൊടുക്കുന്നത്. തുടക്കം അല്പം ഇതിനെ രസിക്കുമ്പോൾ മണവാളൻെറ പേച്ച് തിരിഞ്ഞു തുടങ്ങും. തിരിഞ്ഞുംഎന്ന് മണവാളൻ കാണുമ്പോൾ പിന്നെ നല്ല

വണ്ണം തിരിച്ചു പറയും. തന്റെ സ്നേഹം എത്ര വല്ല്യതെന്നു് കാണിക്കും. അപ്പോൾ മണവാട്ടി അധികം സ്നേഹിച്ചുതുടങ്ങി. ഇവിടെ മണവാളൻ സന്തോഷിച്ചു് മണവാട്ടിക്ക് ചില ആഭരണങ്ങൾ കൊടുക്കും. ഇങ്ങനെ ഉററസ്ലേഹം പിന്നെ ഭയമില്ല.

൨.

## ദിനനാളുകളിൽ എഴുതിയ ഒരു കത്തു്.

ആ് പ്രിയമുള്ള മക്കളെ!

ഇനി എന്നെക്കൊണ്ടു് അനിഷ്ടമല്ലാതെ യാതൊരു ഗുണവും മററവക്കുണ്ടാകുവാൻ പാടില്ല. എന്നാൽ ഇതുവരെയും മററവക്ക് കൊടുക്കാത്തതായ ശുശ്രൂഷയും ബുദ്ധിമുട്ടും ഇപ്പോൾ അധികമായി കൊടുക്കയും, നാറുന്ന എന്റെ ശരീരത്തിന്റെയും ദുഷ്ടസ്വഭാവത്തിന്റെയും ദുശ്ശീലത്തിന്റെയും പെരുപ്പത്താൽ മററവരേയും ബുദ്ധിമുട്ടിപ്പാനും അരിഷ്ടിപ്പാനുമുള്ള കാലം തുടങ്ങിയിരിക്കുന്നു.

എന്നാൽ എന്റെ ബുദ്ധിഹീനതയാൽ നിങ്ങളെ എങ്ങനെ പകത്തി എന്ന ദലഗാത്തച്ചൻ വന്നു് തന്റെ കണ്ണാടികൊണ്ടു് നോക്കുമ്പോൾ എന്തെല്ലാം കുററപ്പാടുകൾ കിട്ടുവൊ. എന്നാൽ ഈ കുററപ്പാടിന്മേൽ ഭയമില്ല. 'വല്യദലഗാദച്ച'ന്റെ കുററപ്പാടിന്മേൽ കുറെ അധികം ഭയംതന്നെ.

ആയതിനാൽ ബുദ്ധിയില്ലാത്ത എന്റെയും എന്നെപോലെതന്നെ പാവപ്പെട്ട ശ്രേ. അമ്മയുടെയും ഭരിപ്പിന്മേൽ നിങ്ങൾ നോക്കേണ്ട പിന്നയൊ കത്താവിന്റെ തിരുവചനംപൊൽ അവരെ കല്പിച്ചവനായ എന്നെ നിങ്ങൾ നോക്കുവിൻ.

(൩)

## ശിശ്മക്കെതിരായ പരസ്യലേഖനം.

സുവിശേഷം ശുദ്ധ: ലൂക്കാ. ൧൧ അ: ൨൩. വചനം.

എന്നോടുകൂടെ ആയില്ല എന്നവൻ ഇനിക്ക് വിരോധി ആകുന്നു. എന്നോടുകൂടെ കൂടാത്തവൻ വെസ്സയായിട്ടു ചിതറിക്കു

ന്നു എന്നും നമ്മുടെ കർത്താവീശോമ്ശിഹാ അരുളിച്ചെയ്തിരിക്കുന്ന തിരുവചനങ്ങളാൽ കല്പിച്ചതാകുന്നു. തൻെറ സ്ഥാനത്തിലിരിക്കുന്ന മാർ പത്രോസ് ശ്ലീഹായുടെ അനന്തരസുഖക്കാരനായിരിക്കുന്ന ശുദ്ധമാന മാർപ്പാപ്പായുടെ കല്പനയൊടുകൂടെ അധികാരം കൈക്കൊള്ളാതെയും അതിനെ പെരുമാറാതെയും തൊഴുക്കൂട്ടിൽ പ്രവേശിക്കുന്ന ഇടയൻ ആടുമാടുകളെ കൂട്ടുന്ന ഇടയൻ ആകുന്നില്ല എന്നുതന്നെയുമല്ല, പിന്നെയൊ ചിതറിക്കുന്നു. കർത്താവിൻെറ വിഗാരിയായ ശുദ്ധമാന മാർപാപ്പായോടു ചേരാതെ പിരിയുന്ന ഇടയൻ കർത്താവിൻെറ വിരോധി ആയിരിക്കുന്നതിനാൽ, ഇങ്ങനെയുള്ള ഇടയനും ഠരംയാളൊടു കൂടുന്നവരും കർത്താവിൻെറ വിരോധികൾക്കു താൻ കല്പിച്ചിരിക്കുന്ന നരകത്തിൽ ചെന്നു വീഴുന്നതിന്നു സംശയമില്ല. ഠരംവണ്ണം ശുദ്ധ മാർപാപ്പായുടെ കല്പനയും തിരുവെഴുത്തും കൂടാതെ പുറപ്പെട്ടിരിക്കുന്ന ഇടയന്മാരത്രെ ഇപ്പോൾ ബഗദാദിൽനിന്നു പുറപ്പെട്ട് മലയാളത്തിലെ കർത്താവിൻെറ തൊഴുക്കൂട്ടിൽ പ്രവേശിച്ച് തൻെറ ആടുമാടുകളായിരിക്കുന്ന നമ്മെ ചിതറിച്ചു നരകചെന്നായിക്കളായ പിശാചുക്കൾക്കു ഇരയായിടുവാൻ ഭാവിച്ചു പുറപ്പെട്ടിരിക്കുന്നു എന്നും പട്ടാങ്ങയാലെ ബോധിച്ചിരിക്കുന്നു.

ആയതുകൊണ്ട് സ്നേഹപ്പെട്ട കൂടപ്പിറപ്പുകളെ വാതിലിൽ കൂടെ തൊഴുത്തിൽ കരേറാത്തവൻ കള്ളഇടയനാകുന്നു എന്നും, ആട്ടിൻെറ വേഷം ധരിച്ച ചെന്നാ എന്നും, കർത്താവിൻെറ തിരുവചനമാകയാൽ ശുദ്ധ മാർപ്പാപ്പായുടെ തിരുവെഴുത്തുകൂടാതെ ഠരം നമ്മുടെ തൊഴുത്തിൽ പ്രവേശിപ്പാൻ ഭാവിക്കുന്ന മേൽപറഞ്ഞ ഇടയന്മാരു വന്നാൽ അവരുടെ ചതിവായ വചനത്തിനു ചെവികൊടുക്കാതെയും അവരൊടു ചേരാതെയും കർത്താവിൻെറ വിഗാരിയായ ശുദ്ധ: മാർപ്പാപ്പാ നമ്മുടെമെൽ കല്പിച്ച പെ. ബ. വരാപ്പുഴ വിഗാരി അപ്പസ്തൊലിക്കാസ്സുതന്നെ കീൾവഴങ്ങി നടപ്പാൻ രക്ഷക്കടുത്ത ദിഷ്ടതിയാലെ അവശ്യമായിരിക്കുന്നത എന്നിയെ ഇങ്ങനെയുള്ളവരുടെ കൈകളാൽ വേദസാക്ഷികളായിട്ടു മരിപ്പാൻ നമുക്കു ഇടകൂടി എംകിൽ ദൈവത്തിൻെറ ഏററിക്കപ്പെട്ടു

മനൊഗുണം എന്നൊത്തു ആയതിന്നുകൂടെയും തുനിയുന്നവരായിരിപ്പാനും അവശ്യമായിരിക്കുന്നു. ഇതല്ലാതെ ശുദ്ധമാന മാർപ്പാപ്പായുടെ കല്പനയൊട്ടും തിരുവെഴുത്തൊട്ടുംകൂടി വരുന്നവരായിരുന്നാൽ നെരുള്ള വാതിലായ ഠരം മലയാളത്തിലുള്ള പെ. ബ. വിഗാരിഅപ്പസ്തോലിക്കന്മാരായ വരാപ്പുഴ മെത്രാപ്പോലീത്താച്ചൻെറ പക്കൽ എംകിലും കൊല്ലത്തു മെത്രാനച്ചൻെറ പക്കൽ എംകിലും ഠരം തിരുവെഴുത്ത സാക്ഷിയോടുകൂടെ കാണിച്ച് അനുവാദത്തോടുകൂടെ മാത്രമെ നമ്മുടെ യാതൊരു പള്ളിയിൽ എംകിലും കരെറി കൂദാശപ്രവൃത്തി ചെയ്യാൻ ന്യായമാകുന്നുള്ളു എന്നും അറിഞ്ഞിരിക്കട്ടെ. ഇതു കൂടപ്പിറപ്പുകളായ തങ്ങളുടെ ആത്മരക്ഷയെ ആഗ്രഹിച്ചും നമ്മുടെ ഏകതലവനായ ശുദ്ധ. മാർപ്പാപ്പായുടെ വല്യ ശാപവും ഏററം പുത്തനായ ഒരു സീസ്മയിൽ ഉൾപ്പെട്ട് എന്നന്നേക്കം നശിച്ചുപോകുവാൻ യാതൊരുത്തക്ക് എംകിലും ഇടവന്നേക്കുമെന്നും ഭയപ്പെട്ട് ആയ്തു വരാതിരിപ്പാൻ തങ്ങളുടെ ആത്മരക്ഷയെ ആഗ്രഹിച്ചുംകൊണ്ടു തെക്കുപുറത്തും വടക്കുപുറത്തും ഉള്ള പള്ളിക്കാരായ ബ: എൻെറ കൂടപ്പിറപ്പുകൾ പട്ടക്കാരക്കും സ്നേഹിക്കപ്പെട്ട എൻെറ ജ്യേഷ്ഠാനുജന്മാരായ വിശ്വാസക്കാരക്കുംകൂടി മാന്നാനം മുതലായ കൊവേന്തകളുടെ പ്രിയോരായ തങ്ങളുടെ എളിയകൂടപ്പിറപ്പ ചാവറെ കുറിയാക്കൊസ ഏലിയ പട്ടക്കാരൻ.

## ജപം.

ജന്മപാപമില്ലാതെ ഉത്ഭവിച്ച മറിയമെ! തിരുസ്സഭയ്ക്കു നേരിട്ട എല്ലാ നാശങ്ങളെയും നീക്കിയ മാതാവെ! പുത്തനായിട്ടു മുളച്ചുണ്ടാകുന്ന സീസ്മ ആയത ഠരം തിരുസഭയെ കലക്കുവാൻ തക്കവണ്ണം നീ കൈവിടാതിരിക്കണമെ. ശുദ്ധമാന പത്രോസിൻെറ അധികാരം കൈക്കൊണ്ടിരിക്കുന്ന ശുദ്ധ മാർപ്പാപ്പായ്ക്കു മുഴുവനായ കീൾവഴക്കം എന്നും എല്ലായിടത്തിലും നടന്നുവരുവാൻ നീ കൃപചെയ്യേണമെ. ആമ്മേൻ.

# ആത്മാനുതാപം.

(൯൦൦൮-ൽ മിസ്റ്റർ സി. അന്തപ്പായി 'നസ്രാണിദീപിക'യിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു വിമർശനം.)

എത്രയും ബഹുമാനപ്പെട്ട ചാവറ കുറിയാക്കോസ് കത്തനാർ അവർകൾ ഉണ്ടാക്കിയ മേല്പറഞ്ഞ പുസ്തകത്തിൻെറ ഒരു പ്രതി കിട്ടിയാൽ കൊള്ളാമെന്ന് ഏതാനും മാസങ്ങൾക്കു മുമ്പ് ദീപികവഴിയായി ഞാൻ ആവശ്യപ്പെട്ടു. അമ്പഴക്കാട്ടുകൊവേന്തയുടെ പ്രിയോർ എ. ബ. വീയ്യൂസ് കത്തനാർ അവർകൾ എൻെറ ഈ അപേക്ഷയെ അനുസരിച്ച് ഒരു പ്രതി ദയാപൂർവ്വം എനിക്കയച്ചുതന്നു.

പദ്യരൂപമായ ഈ പുസ്തകം ഞാൻ ബാല്യത്തിൽ ഒന്നോ രണ്ടോ തവണ വായിച്ചിട്ടുണ്ട്. അതിൽ പിന്നെ ഇപ്പോൾ മാത്രമാണ് അതു രണ്ടാമതും വായിക്കുവാൻ ഇടയായിട്ടുള്ളതു്. എങ്കിലും അതിൻെറ കർത്താവിനെപ്പററി എനിക്കു ചെറുപ്പത്തിൽ തോന്നിയ ഭക്തിയും ബഹുമാനവും അനേകസംവത്സരങ്ങൾ ഇടവിട്ടുണ്ടായ തൽകൃതിയുടെ വായനകൊണ്ട് ലേശവും കുറയുന്നില്ല. ബാല്യത്തിൽ ഞാൻ വായിച്ചിട്ടുള്ള മററു പല ഗ്രന്ഥങ്ങളെക്കുറിച്ചു ഇപ്രകാരം എനിക്കു പറഞ്ഞുകൂടാ.

ആത്മാനുതാപം എന്ന പുസ്തകം ക്രമേണ അപ്രസിദ്ധിയെ പ്രാപിക്കുന്നതായി കാണപ്പെടുന്നതിനാൽ അതിനെയും അതിൻെറ കർത്താവിനെയും സംബന്ധിച്ച ജനങ്ങൾക്കുണ്ടായേക്കാവുന്ന ഓർമ്മയെ ഒന്നു പുതിയതാക്കുന്നതു അനുചിതമല്ല.

(ജീവചരിത്രം ഇവിടെ വിട്ടിരിക്കുന്നു. ഗ്രന്ഥകർത്താ)

ഈ കൃതി അഞ്ചു പാദങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ൧-ാമത്തെ പാദത്തിൽ ഗ്രന്ഥകർത്താവു് തന്നെ മനുഷ്യവംശത്തിൽ സൃഷ്ടിച്ചതിനെക്കുറിച്ച് ഈശ്വരസ്തോത്രം ചെയ്കയും തൻെറ ശൈശവചരിത്രത്തെ പറകയും ചെയ്യുന്നു.

"ഇഹലോകത്തിൽ കാണുന്ന മൃഗംപോൽ
ഇക്കൃമിയായ എന്നെയും ചെയ്യെങ്കിൽ

ഇതെന്തെന്നു് നിന്നോടുണൎത്തിപ്പതി—
നിഹലോകെ പരലോകെയാരുള്ളു"

ഇദ്ദേഹത്തിൻെറ അമ്മ വളരെ ഭക്തിയും സ്വഭാവ ഗാംഭീൎയ്യവും ഉള്ള ഒരു സ്ത്രീയായിരുന്നു.

"നോട്ടംകാണുമ്പോൾ ഭയപ്പെടുമഹം
ഒട്ടും ദയയില്ലാത്തൊരു കൺകളാൽ.
ഒരുകാലവും യാതൊരു കാരണാൽ
കരുവാല്യം കരത്താല്യം തൊട്ടില്ല.
ഒക്കെയും കണ്ണുകൊണ്ടു കഴിച്ചിടും
ദുഃഖിപ്പിക്കും തോഷിപ്പിക്കും ചക്ഷുസ്സാൽ"

ഈ സ്ത്രീ തൻെറ കുമാരനെ ദേവാലയത്തിൽ കൊണ്ടു ചെന്നു് കാഴ്ചവച്ച സംഗതിയും, അക്കാലത്തിൽ പരക്കെയുണ്ടായ മഹാമാരിയിൽനിന്നും നമ്മുടെ ഗ്രന്ഥകൎത്താവു രക്ഷപെട്ടതും, മതിയായ ദൈവഭക്തികൂടാതെ * ബാല്യത്തിൽ കുറെക്കാലം താൻ ജീവിച്ചതും രണ്ടാംപാദത്തിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു.

"പിടിച്ച മമ ചെറുകരത്തിലതുനേരം
കൊടുത്തുചൊല്ലി മാതൃദാസനാമിവനേ നീ
സൂക്ഷിച്ചു വളൎത്തുക പാലിച്ചാദരിക്ക നീ
സാക്ഷാൽ നിൻസുതനല്ല മാതാവിൻ ദാസൻ ദൃഢം"

---

* ദൃഢമായ ദൈവസ്നേഹം ആരിൽ ആഴമായി വേരൂന്നിയിരിക്കുന്നുവോ അവർ തങ്ങളുടെ ദിവ്യസ്നേഹപരമായ കൃത്യങ്ങൾ എത്ര പൂൎണ്ണമായ രീതിയിൽ നിൎവ്വഹിച്ചാലും ആ നിൎവ്വഹണം ഇനിയും പൂൎണ്ണമാക്കേണ്ടതായിട്ടിരിക്കുന്നു എന്നേ കരുതുകയുള്ളു. ദൈവത്തെ സൎവ്വാത്മനാ സ്നേഹിക്കണമെന്നുള്ള ഈ പരമോൽകൃഷ്ടമായ ആദൎശത്തിനു അനുയോജ്യമായി ജീവിക്കുന്നില്ലെന്നുള്ള ആത്മബോധം പാപികളായി തങ്ങളെ പരിഗണിക്കുവാൻ അവരെ പ്രേരിപ്പിക്കുന്നു. അവരെ എളിമയിൽ സുസ്ഥിരമായി നിറുത്തുവാൻ ഈ ബോധം വളരെ ഉപകരിക്കുന്നു എന്നൊരു മെച്ചവും ഇതിനുണ്ടു്. ആകയാൽ വിശുദ്ധന്മാരെല്ലാവരും— ഗുരുതരമായ യാതൊരു പാപവും ഒരിക്കലും ചെയ്തിട്ടില്ലാത്തവർപോലും— തങ്ങൾ മഹാപാപികളാണെന്നു് പ്രസ്താവിക്കുക പതിവാണു്. ഈ പ്രസ്താവം അവരുടെ മനസ്സാക്ഷിപ്രകാരം ശരിയാണെങ്കിലും അവർ നിർദ്ദേശിക്കുന്ന അൎത്ഥത്തിൽ മററുള്ളവർ എപ്പോഴും സ്വീകരിക്കേണ്ടതില്ല. (ഗ്രന്ഥകൎത്താ)

എന്നെ ശിക്ഷിച്ചീടുവാൻ ഓങ്ങിയ തിരുക്കരം
അന്യരിൽ തിരിച്ചതിൽ കാരണമെന്തുനാഥാ
ഞാൻതന്നെ കണ്ടുംകേട്ടും ബോധിച്ചുമിരിക്കുമ്പോൾ
താൻതന്നെ നീക്കി മമശിക്ഷയിൻ കരത്തിനെ
എന്നെക്കാത്തനുഗ്രഹിച്ചീടുന്ന നേരംതന്നെ
എന്നെക്കാൾ ഗുണവാന്മാർ പലരും വീണിടുന്നു.
മാതാവും പിതാവും തൻ മക്കളുമൊരുമിച്ചു
മാവിൻെറയിലപോലെ വീഴുന്നങ്ങൊരുമിച്ച്

## മൂന്നാംപാദം.

"കാരുണ്യനാഥനാം ദേവകുമാരൻെറ
ആരുണ്യശോഭയെ കാണാകണം."

എന്നാരംഭിക്കയും മ്ശീഹാജനനം മുതൽ മരണംവരെയുള്ള പ്രധാനസംഭവങ്ങളെ സംക്ഷേപിച്ചു പറകയും ചെയ്യുന്നു.

"യാതൊരു വീടുംകിട്ടാതെ ദുഃഖിച്ചതൻ
മാതാപിതാക്കളെ കാണാകണം."
"നാട്ടിൽസ്ഥലംകിട്ടാതത്തൽപെട്ടുതൊഴു—
ക്കുട്ടിൽപിറന്നതും കാണാകണം."
"കണ്ടുമരിപ്പാനിരുന്ന വയോധികൻ
കണ്ടതൃപ്പാദവും കാണാകണം.
ഓടിഎജിപ്തിലൊളിപ്പിച്ച നാഥനെ
പേടിയൊഴിഞ്ഞു ഞാൻ കാണാകണം
ഏഴുസംവത്സരംപാത്താജനങ്ങൾക്കു
വാഴലഭിച്ചതും കാണാകണം.
അന്നപാനാദിക്കുമുട്ടിദുഃഖിച്ചൊരു
അന്നജാപുത്രനെ കാണാകണം."
"നഷ്ടമായ്പോയോരജങ്ങളെതേടുന്ന
സൃഷ്ടികത്താവിനെ കാണാകണം.
നല്ലോരിടയൻഞാനെന്നരുളിച്ചെയ്ത
നല്ലനേയെന്നും ഞാൻ കാണാകണം."

൪–ാംപാദത്തിൽ പഴയനിയമത്തിലെയും പുതിയനിയമത്തിലെയും ചില സംഭവങ്ങളും അപേക്ഷകളും ചിന്തകളും അടങ്ങിയിരിക്കുന്നു.

"ഉന്നതൻസർവ്വേശ്വരൻ പന്നഗത്തിനെനോക്കി
മണ്ണിൽനീയിഴഞ്ഞീടും ധൂളിനീ നക്കിത്തിന്നും
എന്നരുൾചെയ്തശേഷ മാദിമാതാവെപ്പാർത്തു
നിന്നുടെ സുതന്മാർക്കുമിവനുംശത്രുത്വവും
നിന്നിൽനിന്നുളവാകുംസന്തതിയതിനാലെ
പന്നഗത്തിൻെറതലതകർത്തുംഭേദംവിനാ"
മുന്നമേനിൻെറദാസനിപ്പോഴുമിനിയെന്നും
മന്നിൽനിന്നകന്നീടുംനേരത്തിൽ വിശേഷമായ്
എന്നെനീയോർത്തുനിൻെറ പുത്രനോടപേക്ഷിച്ചു
നല്ലൊരുമൃത്യുതന്നു് രക്ഷിക്കമമതായെ!
നിന്നുടെതിരുമുമ്പിലെന്നുടെദേഹംദേഹി
യിന്നുഞാൻകാഴ്ചവച്ചുനിന്നെഞാനേല്പിക്കുന്നേൻ."

൫–ാംപാദം മ്ശിഹാചരിത്രത്തിൻെറ ഒരു തുടർച്ചയായി കാണപ്പെടുന്നു. രക്ഷകൻെറ ശൈശവകാലത്തിലെ സംഗതികളാണു് മുഖ്യമായി വ്യവഹരിക്കപ്പെടുന്നതു്.

"നിന്നുടെതിരുമേനിസുന്ദരതിരുമുഖം
മിന്നുന്ന നയനങ്ങൾശോഭിത തിരുനാസി
ചുവന്നോരധരങ്ങൾ ശംഖവൽദന്തങ്ങളും
ചുണ്ടിൽനിന്നൊഴുകുന്നതേൻതുള്ളിസ്വരങ്ങളും
പാർക്കുവാൻകൊതിക്കുന്നുകേൾക്കുവാനാശിക്കുന്നു.
പാർത്തുസൂക്ഷിപ്പാൻ നേത്രം യോഗ്യമല്ലയ്യോ നാഥാ!"
"എന്നുടെപൈതൽപ്രായേനിന്നിൽനിന്നകന്നുഞാൻ
ഇന്നുനിൻതിരുമുമ്പിൽശരണംപ്രാപിക്കുന്നു.
നിന്നുടെതിരുക്കരംനീട്ടി നിൻതിരുവാഴ്വ്
തന്നീടണമെ മമപാപവുംപോക്കിടണം.

ഓരോ പാദങ്ങളിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള സംഗതികൾ നിർദ്ദിഷ്ടമായ വല്ലക്രമത്തെയും അനുസരിച്ചിരിക്കുന്നുണ്ടോ എന്നുപറവാൻ പ്രയാസം. ഈ കൃതിയിൽ ഛാന്ദസ്സങ്ങളായ ചില തെറ്റുകളും ലഘുക്കളായ അപശബ്ദങ്ങളുമുണ്ട്. എങ്കിലും ഇതിന്റെ കത്താവ് പദ്യങ്ങളെ രചിക്കുന്നതിൽ ലാഘവമുള്ള ഒരാളായിരുന്നുവെന്ന് വേണ്ടുവോളം തെളിയുന്നുണ്ട്. എന്നുതന്നെയല്ല, അദ്ദേഹം ബാല്യത്തിൽതന്നെ വൈദികമായ അദ്ധ്യയനത്തിന്നു പോയ അവസ്ഥ ആലോചിച്ചാൽ അദ്ദേഹത്തിനുണ്ടായിരുന്നതായി ഈ കൃതിയിൽ പ്രത്യക്ഷപ്പെടുന്ന വ്യുല്പത്തി പ്രശംസാവഹമായിരിക്കുന്നു. ബലാദാകൃഷ്ടമായ ഒരു വരിയെങ്കിലും ഈ പുസ്തകത്തിൽ കാണുന്നില്ല. അദ്ധ്യാത്മകങ്ങളായ വിചാരങ്ങൾ എല്ലാപാദങ്ങളിലുമുണ്ട്. അവ അതീവഭക്തിജനകങ്ങളും, യഥാൎത്ഥമായി മനസ്സിൽ തോന്നിയതിനെ മാത്രം പറയുന്ന ഒരാളാണ് ഈ ഗ്രന്ഥകത്താവെന്ന് വായനക്കാരെ വിശ്വസിപ്പിക്കത്തക്കവയുമാകുന്നു.

ആത്മാനുതാപമെന്ന പുസ്തകത്തെ ശോധനചെയ്തു രണ്ടാമതും അച്ചടിച്ചു പ്രസിദ്ധീകരിച്ചാൽ ഇപ്പോഴത്തെ വിസ്മൃതിയിൽനിന്നു അതു ഉദ്ധരിക്കപ്പെടുമെന്ന് തന്നെയല്ല ക്രിസ്ത്യാനികളുടെയിടയിൽ ഭക്തി വൎദ്ധനയ്ക്കു ഉതകുന്ന ഒരു ഗീതമായിരിക്കയും ചെയ്യും.

സി. അന്തപ്പായി ബി. എ.

*Printed at the St. Joseph's Press, Mannanam. 1936.*

CMI Works
*00005773*
K100 M426

ക. നി. മൂ. സ.

# ചാവറ കുര്യാക്കോസ്

# ഏലിയാസച്ചൻ.

-40

891·3
43

WORKS
GALORE
RAM COLLEGE